/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

സമകാലിക ജനപഥം

2026 ഒക്ടോബർ 1

പുസ്തകം 13 ലക്കം 3



പുതുയുഗ വിദ്യാഭ്യാസം

അറിവിന്റെ ആധികാരികത

ഇപ്പോൾ കൂടുതൽ മിഴിവോടെ

സമകാലിക ജനപഥം



വാർഷിക വരിസംഖ്യ **120 രൂപ**

ഒറ്റപ്രതി **12 രൂപ**

വരിക്കാരാകാൻ
ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ബന്ധപ്പെടാം.
താഴെ കാണുന്ന വിലാസത്തിലേക്ക് മണിയോർഡർ അയക്കാം

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം 1

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക ജനപഥം

2026 ഒക്ടോബർ 1 • പുസ്തകം 13 • ലക്കം 3

എഡിറ്റർ സബിൻ സമീദ് ഐ എ എസ്
അഡീഷണൽ എഡിറ്റർ പി ശ്യാംകുമാർ **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ് എം
എഡിറ്റർ-ഇൻ-ചാർജ് എസ് ബീനാമോൾ
അസിസ്റ്റന്റ് എഡിറ്റർ വിവേക് വി എസ് **ട്രാൻസ്ലേറ്റർ** ക്രിസ്റ്റി അന്ന തോമസ് **സർക്കുലേഷൻ ഓഫീസർ** എൽ ഹേമന്ത് കുമാർ
കവർ & ലേ ഔട്ട് രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ >>



പൊതുവിദ്യാഭ്യാസം
മാറ്റത്തിന്റെ കേരളമാതൃക

ലോകം ശ്രദ്ധിക്കുന്ന പൊതുവിദ്യാഭ്യാസ മാതൃകകളിൽ കേരളത്തിന് സവിശേഷമായ സ്ഥാനമുണ്ട്.നിരവധി സാമൂഹിക മുന്നേറ്റ പ്രവർത്തനങ്ങളുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടെയും നിരന്തര ഇടപെടലുകളിലൂടെ വാർത്തെടുത്തതാണ് പൊതുവിദ്യാഭ്യാസ മാതൃകയിലെ കേരളപ്പെരുമ.

രാജ്യം സ്വാതന്ത്ര്യത്തിന്റെ എൺപതാം പിറന്നാൾ ആഘോഷിക്കുമ്പോൾ രാജ്യത്തെ പൊതുവിദ്യാഭ്യാസ രംഗത്തെക്കുറിച്ച് നിരവധി ചർച്ചകൾ പുരോഗമിക്കുകയാണ്. നീതി ആയോഗ് ഈ വർഷം മെയ്- ആഗസ്റ്റ് മാസങ്ങളിൽ പുറത്തുവിട്ട കണക്കുകൾ പ്രകാരം ഉന്നതവിദ്യാഭ്യാസ രംഗത്തും സ്കൂൾ പ്രവേശന നിരക്കിലും ദേശീയ ശരാശരിയേക്കാൾ കേരളം വളരെ മുന്നിലാണ്.

വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി തങ്ങളുടെ ആഭ്യന്തര ഉൽപാദനത്തിന്റെ 3.46% ചെലവഴിക്കുന്ന കേരളം, നിക്ഷേപത്തിന്റെ കാര്യത്തിലും ഉന്നതവിദ്യാഭ്യാസ പ്രവേശന നിരക്കിലും (41.3%) രാജ്യത്തെ മുൻനിര സംസ്ഥാനങ്ങളിലൊന്നായി തന്നെ തുടരുന്നു. മാതൃകാപരമായ സ്ഥാനം നിലനിർത്തുമ്പോഴും പുതിയ കാലത്തെ ആവശ്യങ്ങൾക്കനുസരിച്ച് വിദ്യാർഥിസമൂഹത്തെ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസനയങ്ങളും പരിപാടികളുമായി മുന്നോട്ട് പോകുകയാണ് കേരളം.

വിദ്യാഭ്യാസത്തിലെ തുല്യതയും പ്രാപ്യതയും പഠനനിലവാരവും ജീവിതകാലം മുഴുവൻ പഠിക്കാനുള്ള അവസരങ്ങളും ആർക്കും നഷ്ടമാകരുത് എന്ന യു എൻ ആശയത്തോടൊപ്പം നിൽക്കുന്ന ഒട്ടേറെ പുതിയ പദ്ധതികളും നയപരിപാടികളുമാണ് സർക്കാർ മുന്നോട്ടു വയ്ക്കുന്നത് ഭിന്നശേഷി സൗഹൃദ വിദ്യാലയ കരട് നയം, കൊഴിഞ്ഞ് പോക്ക് തടയുന്ന കൂടെ, ഏകാധ്യാപക വിദ്യാലയങ്ങളെ പൊതുവിദ്യാലയമാക്കുന്ന മധുരിതം, ലാബ് ഓൺ വീൽസ്, കതിര്, എറൈസ്, ഡിജിറ്റൽ സക്വയർ തുടങ്ങിയ പദ്ധതികൾ പൊതുവിദ്യാഭ്യാസത്തെ കാലാനുസൃതമായി നവീകരിക്കുകയും ഓരോ കുട്ടിക്കും ഗുണമേന്മയുള്ള പഠനം ഉറപ്പാക്കുകയും ചെയ്യുന്നവയാണ്.

ക്ലാസ്മുറികളെ ആധുനികവൽകരിക്കുന്നതിനൊപ്പം പഠനത്തിന്റെ ഉള്ളടക്കവും രീതികളും നവീകരിക്കാനുള്ള ശ്രമങ്ങൾക്കും സർക്കാർ പ്രാധാന്യം നൽകുന്നു. കൈറ്റിന്റെ നേതൃത്വത്തിലുള്ള ഡിജിറ്റൽ പഠനസംവിധാനങ്ങൾ, സമഗ്ര പോലുള്ള ഡിജിറ്റൽ വിഭവങ്ങൾ, നിർമിതബുദ്ധി ഉൾപ്പെടെയുള്ള നവീന സാങ്കേതിക മേഖലകളിലെ പഠനാവസരങ്ങൾ എന്നിവ കുട്ടികളെ പുതിയകാല ആവശ്യകതകളെ നേരിടാൻ സജ്ജരാക്കുക എന്നലക്ഷ്യത്തോടെത്രുപംനൽകിയവയാണ്.മുകളംപോലുള്ള മത്സരപരീക്ഷാപിന്തുണാപദ്ധതികൾ, പ്രാഥമികതലത്തിലെ ഡിജിറ്റൽ പഠന ഇടപെടലുകൾ എന്നിവയിലൂടെ അവസരങ്ങളുടെ വ്യാപ്തി വർധിപ്പിക്കാനും ശ്രമിക്കുന്നു.

ലോകത്തിന് മാതൃകയാകാനുള്ള കേരളത്തിന്റെ കരുത്ത് കൈവരിച്ച നേട്ടങ്ങളിൽ മാത്രമല്ല; അവയെ കൂടുതൽ നീതിപൂർവവും ഗുണമേന്മയുള്ളതും ഉൾച്ചേർന്നതുമാക്കി വികസിപ്പിക്കാനുള്ള ശേഷിയിലുമാണ്. കേരളത്തിന്റെ ആ യാത്രയെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ ലക്കം സമകാലിക ജനപഥം ചർച്ചചെയ്യുന്നത്. ഈ ലക്കത്തിന്റെ അകത്താളുകളിൽ വിവിധ വിദ്യാലയങ്ങളിലെ കുട്ടികൾ വരച്ച ചിത്രങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് തങ്ങളുടെ വിദ്യാഭ്യാസ സംവിധാനങ്ങളെ അവർ എങ്ങനെ കാണുന്നു എന്നതാണ് ചിത്രങ്ങളിലൂടെ അവർ പറയാൻ ശ്രമിക്കുന്നത്.

സബിൻ സമീദ് ഐ എ എസ്
എഡിറ്റർ

2026 OCTOBER 1 VOLUME 13 ISSUE 3 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ് - 1, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും



5 കടൽ അവസരങ്ങളുടെ വാതിൽ; ലോക കവാടം തുറന്ന് വിഴിഞ്ഞം
വി ഡി സതീശൻ

8 അക്കാദമിക മികവിലും രാജ്യാന്തര നിലവാരത്തിലേക്ക്
അഡ്വ. എൻ. ഷംസുദ്ദീൻ

12 പൊതുവിദ്യാഭ്യാസം സമഗ്രതയിലേക്കും സുസ്ഥിരതയിലേക്കും
ഡോ.ശശി തരൂർ എം പി

16 ഉൾച്ചേരലിന്റെ കരുത്തായി ഭിന്നശേഷിസൗഹൃദ വിദ്യാലയങ്ങൾ
അരുൺ കെ വിജയൻ ഐ എ എസ്

20 ഭിന്നശേഷി സൗഹൃദ വിദ്യാഭ്യാസം കരട് നയം ഒരു സമഗ്ര വായന
വിവേക് വി. എസ്

24 താരാപഥം മുതൽ കനിഷ്ന്തൽ വരെ
ക്രിസ്റ്റി അന്ന

28 കൃഷിപാഠവുമായി കതിരെത്തും; ഗ്രേസ് മാർക്കും നൽകും
അഡ്വ. ടി. സിദ്ദിഖ്

31 എ ഐ യുഗത്തിലെ അധ്യാപനം സാധ്യതകൾ, വെല്ലുവിളികൾ, ബദലുകൾ
കെ അൻവർ സാദത്ത്

34 പൊതുവിദ്യാഭ്യാസത്തിൽ കുട്ടികളുടെ മാനസികാരോഗ്യത്തിന്റെ പ്രസക്തി
ഡോ. ജയപ്രകാശ്. ആർ

36 ഒരു ഉച്ചഭക്ഷണപാത്രം പറയുന്നത്...
ഡോ. ബെല ജി. കെ

39 അറിവിന്റെ സമന്വയവും അർത്ഥനിർമ്മിതിയുടെ വഴികളും
പ്രൊഫ. (ഡോ.) മഷ്ഹൂദ് കെ. കെ

42 അധ്യാപക പരിശീലനം മാറുന്ന കാഴ്ചപ്പാടുകൾ
ആർ.അരുൺകുമാർ

45 ഗിഗ് തൊഴിലാളികൾക്ക് കരുതലായി വിശ്രമകേന്ദ്രങ്ങൾ
ബിന്ദു കൃഷ്ണ

48 പുനർ നിർവചിക്കപ്പെടുന്ന സാക്ഷരത
ഡോ. അഹമ്മദുൾ കബീർ എ പി

50 കാലാതീതമായ ഗാന്ധിദർശനം
ഡോ. ജോർജ് ഓണക്കൂർ

കവർ ചിത്രം: കോട്ടൺഹിൽ സ്കൂൾ
പകർത്തിയത്: ശ്രീലാസ് ഒളരി ഐ പി ആർഡി

വി ഡി സതീശൻ
മുഖ്യമന്ത്രി




വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊച്ചി, മറ്റ് തുറമുഖങ്ങൾ, ഉൾനാടൻ ജലപാതകൾ, അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, റോഡ്-റെയിൽ ശൃംഖല, വിദ്യാഭ്യാസമുള്ള മനുഷ്യവിഭവശേഷി ഇവയെല്ലാം ഒരൊറ്റ സാമ്പത്തിക ദർശനത്തിൽ ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ കേരളത്തിന് പുതിയ വളർച്ചാപഥം സൃഷ്ടിക്കാനാകും. അതാണ് മിഷൻ സമുദ്ര. മുഖ്യമന്ത്രിയുടെ അന്താരാഷ്ട്ര മാരിടൈം ദിന സന്ദേശത്തിൽ നിന്ന്

കടൽ അവസരങ്ങളുടെ വാതിൽ; ലോക കവാടം തുറന്ന് വിഴിഞ്ഞം

സമുദ്ര മേഖലയിലെ മികവ് ശക്തിപ്പെടുത്തൽ : നയത്തിൽ നിന്ന് പ്രയോഗത്തിലേക്ക് ('From Policy to Practice: Powering Maritime Excellence') എന്ന പ്രമേയത്തോടെയാണ് ഇത്തവണ ലോകം അന്താരാഷ്ട്ര മാരിടൈം ദിനം ആചരിച്ചത്. നയങ്ങളും പദ്ധതികളും സമ്മേളനങ്ങളും മാത്രം പോര; അവ ജനങ്ങളുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കുന്നതാകണം. അടിസ്ഥാനസൗകര്യങ്ങൾ അവസരങ്ങളായും അറിവ് തൊഴിലും സംരംഭങ്ങളുമായും മാറണം. നൂറ്റാണ്ടുകളായി രാജ്യങ്ങളെയും സംസ്കാരങ്ങളെയും ബന്ധിപ്പിച്ച മഹാപാതയാണ് സമുദ്രം. ഇന്നും ലോക വ്യാപാരത്തിന്റെയും ആഗോള വിതരണ ശൃംഖലയുടെയും പ്രധാന അടിത്തറ സമുദ്ര ഗതാഗതമാണ്. എന്നാൽ ഇന്നത്തെ സമുദ്ര സമ്പദ്‌വ്യവസ്ഥ കപ്പലിലും തുറമുഖത്തും മാത്രം അവസാനിക്കുന്നതല്ല. ലോജിസ്റ്റിക്സ്, മത്സ്യബന്ധനം, തീരദേശ ടൂറിസം, തീരദേശ ചരക്ക് വ്യാപാരം, കപ്പൽ നിർമ്മാണം, സമുദ്ര സാങ്കേതികവിദ്യ, മറൈൻ ഇൻഷുറൻസ്, മാരിടൈം നിയമം, ആർബിട്രേഷൻ, സമുദ്രഗവേഷണം, പുനരുപയോഗ ഊർജം, വിദ്യാഭ്യാസം, നൈപുണ്യ വികസനം തുടങ്ങി വലിയൊരു ബ്ലൂ ഇക്കോണമിയാണ് ലോകത്തിനു മുന്നിൽ തുറക്കുന്നത്.

കേരളത്തിന് അനന്ത സാധ്യത

കേരളത്തിന്റെ ചരിത്രം കടലിന്റെ ചരിത്രവുമായി വേർതിരിക്കാനാവാത്തതാണ്. സുഗന്ധവ്യഞ്ജനങ്ങളുമായി അറേബ്യയിലേക്കും ആഫ്രിക്കയിലേക്കും യൂറോപ്പിലേ



ക്കും ഏഷ്യയിലേക്കും സഞ്ചരിച്ചത് കടൽ വഴിയായിരുന്നു. അതേ വഴികളിലൂടെയാണ് ആശയങ്ങളും അറിവും സംസ്കാരങ്ങളും കേരളത്തിലേക്കെത്തിയത്. ഇന്ന് മറ്റൊരു ചരിത്രാവസരം നമ്മുടെ മുന്നിലുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊച്ചി, നമ്മുടെ മറ്റ് തുറമുഖങ്ങൾ, ഉൾനാടൻ ജലപാതകൾ, അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, റോഡ്-റെയിൽ ശൃംഖല, വിദ്യാഭ്യാസമുള്ള മനുഷ്യവിഭവശേഷി ഇവയെല്ലാം ഒരൊറ്റ സാമ്പത്തിക ദർശനത്തിൽ ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ കേരളത്തിന് പുതിയ വളർച്ചാപഥം സൃഷ്ടിക്കാനാകും. അതാണ് മിഷൻ സമുദ്ര. 2026-27 സംസ്ഥാന ബജറ്റിൽ 400 കോടി രൂപ വകയിരുത്തി ആരംഭിച്ച മിഷൻ സമുദ്ര ഒരു തുറമുഖ വികസനപദ്ധതി മാത്രമല്ല, കടലിന്റെ സാധ്യതകളിലൂടെ കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കാനുള്ള ദീർഘകാല ദർശനം കൂടിയാണ്.



പുതിയ തുടക്കം

മുൻകാലങ്ങളിൽ കേരളത്തിൽ മാരിടൈം ദിനാചരണം പ്രൊഫഷണലുകളുടെയും മേഖലയുമായി ബന്ധപ്പെട്ട സംഘടനകളുടെയും പരിധിയിലായിരുന്നു. ഇനി ആ ചർച്ചയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. വിദ്യാർഥി മുതൽ വ്യവസായി വരെ, മത്സ്യത്തൊഴിലാളി മുതൽ നിയമവിദഗ്ധൻ വരെ, ജനപ്രതിനിധി മുതൽ സാധാരണക്കാർ വരെ സമുദ്ര മേഖലയിൽ കേരളത്തിനുള്ള അവസരം മനസിലാക്കണം. ഓരോ അന്താരാഷ്ട്ര മാരിടൈം ദിനവും പുതിയ ആശയങ്ങൾ വിലയിരുത്താനും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ പരിശോധിക്കാനും അടുത്ത ഘട്ടത്തിലേക്കുള്ള ദിശ നിശ്ചയിക്കാനുമുള്ള പൊതുവേദിയായി വളരണം. ഇത് ഒരു ദിവസത്തെ ആഘോഷമല്ല. കേരളത്തിന്റെ പുതിയ സമുദ്ര ചിന്തയുടെ തുടക്കമാണ്.

യുവതലമുറയ്ക്ക് ജോലിയും സംരംഭങ്ങളും തുടങ്ങാനുള്ള അവസരമൊരുക്കണം. പോർട്ട് മാനേജ്മെന്റ്, ഷിപ്പിങ്, ലോജിസ്റ്റിക്സ്, എക്സിം ട്രേഡ്, കസ്റ്റംസ്, മാരിടൈം ലോ, ആർബിട്രേഷൻ, മറൈൻ ഇൻഷുറൻസ്, ഓഷ്യൻ സയൻസ്, എ.ഐ, ഡിജിറ്റൽ സപ്ലൈ ചെയിൻ,മാരിടൈം ജേർണലിസം, ടൂറിസം, ഫിഷറീസ് ടെക്നോളജി തുടങ്ങിയ മേഖലകളിൽ വലിയ തൊഴിൽ സാധ്യതകളാണുള്ളത്

സാധ്യതകൾ ഉപയോഗപ്പെടുത്തണം

കേരളത്തിലെ ഓരോ തുറമുഖത്തിനും ഒരേ ദൗത്യമാകണമെന്നില്ല. എന്നാൽ സാമ്പത്തികമായി പ്രയോജനപ്പെടുത്താവുന്ന തുറമുഖങ്ങളും അനുബന്ധ സൗകര്യങ്ങളും പുതിയ പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരണം. തീരദേശ ചരക്ക് ഗതാഗതം, ഉൾനാടൻ ജലഗതാഗതം, യാത്രാസൗകര്യം, ടൂറിസം, ചരക്കുനീക്കം, ലോജിസ്റ്റിക് ഹബ്ബുകൾ, ഡ്രൈ പോർട്ടുകൾ, വെയർഹൗസുകൾ, കോൾഡ് ചെയിൻ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിക്കണം. കടലോ പ്രധാന ജലപാതയോ ഇല്ലാത്ത ജില്ലകൾക്കും മാരിടൈം വികസനത്തിന്റെ നേട്ടം ലഭിക്കണം. റോഡ്, റെയിൽ, ജലപാത, വിമാനത്താവളം, ലോജിസ്റ്റിക്സ് കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിച്ചാൽ ഒരു ഉൾനാടൻ ഗ്രാമത്തിലെ സംരംഭകനും ലോകവിപണിയിലേക്ക് എത്താം. തീരകേരളവും ഉൾനാടൻ കേരളവും രണ്ടല്ല, ഒരൊറ്റ സാമ്പത്തിക കേരളമാണ്.

മത്സ്യത്തൊഴിലാളികൾ കാഴ്ചക്കാരല്ല

നമ്മുടെ മത്സ്യത്തൊഴിലാളികളും തീരദേശ സമൂഹവും ഉൾപ്പെടുന്നതാണ് ബ്ലൂ ഇക്കോണമി. ആധുനിക മത്സ്യബന്ധന സൗകര്യങ്ങൾ, കോൾഡ് ചെയിൻ, മത്സ്യ സംസ്കരണം, മൂല്യവർധിത ഉൽപന്നങ്ങൾ, പരിശീലനം, വിദ്യാഭ്യാസം, സംരംഭകത്വം, മറൈൻ ടൂറിസം തുടങ്ങിയ മേഖലകളിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കണം. തലമുറകളായി കടലിനൊപ്പം ജീവിച്ചവരുടെ അനുഭവജ്ഞാനവും പുതിയ സാങ്കേതികവിദ്യയും തമ്മിൽ കൈകോർക്കണം. കടലിൽ നിന്ന് സമ്പത്ത് സൃഷ്ടിക്കുമ്പോൾ, കടലിനെ ആശ്രയിച്ച് ജീവിക്കുന്ന കടുംബങ്ങളിലേക്കാണ് അതിന്റെ ആദ്യ നേട്ടം എത്തേണ്ടത്.

മാരിടൈം ടൂറിസം

നമ്മുടെ കടൽത്തീരം ഒരു സാമ്പത്തിക സ്രോതസു കൂടിയാണ്. ബീച്ചുകൾ, മത്സ്യഗ്രാമങ്ങൾ, കായലുകൾ, ദ്വീപുകൾ, ലൈറ്റ്ഹൗസുകൾ, പഴയ തുറമുഖങ്ങൾ, കപ്പൽനിർമാണ പാരമ്പര്യം, ഭക്ഷണം, കല, സംസ്കാരം ഇവയെ ബന്ധിപ്പിച്ച് കോസ്റ്റൽ & മാരിടൈം ടൂറിസം വികസിപ്പിക്കാൻ നമുക്ക് കഴിയും. ക്രൂയിസ് ടൂറിസം, ലൈറ്റ്ഹൗസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, വാട്ടർ ടൂറിസം, പോർട്ട് ടൂറിസം തുടങ്ങിയ മേഖലകൾ പുതിയ തൊഴിലും ചെറുസംരംഭങ്ങളും സൃഷ്ടിക്കും. ടൂറിസം വളരുന്നതിനൊപ്പം പ്രദേശത്തിന്റെ പരിസ്ഥിതിയും സംസ്കാരവും സംരക്ഷിക്കപ്പെടണം. ടൂറിസം പ്രകൃതിയെ ഉപയോഗിക്കുന്ന വ്യവസായമല്ല; പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് അനുഭവിപ്പിക്കുന്ന സമ്പദ് വ്യവസ്ഥയായിരിക്കണം.

ലോക വിപണിയിലേക്ക്

മാരിടൈം സമ്പദ് വ്യവസ്ഥയുടെ തുടക്കം തുറമുഖ കവാടത്തിൽ മാത്രമല്ല, അത് ഒരു കൃഷിയിടത്തിൽ നിന്നും ആരംഭിക്കാം. സുഗന്ധവ്യഞ്ജനങ്ങൾ, നാളികേരം, റബർ,

കയർ ഭക്ഷ്യോൽപന്നങ്ങൾ മൂല്യവർധിത ഉൽപ്പന്നങ്ങൾ തുടങ്ങിയവ അസംസ്കൃത വസ്തുക്കളായി മാത്രം പുറത്തേക്ക് പോകാതെ സംസ്കരിച്ചും പാക്ക് ചെയ്തും മൂല്യവർധിത ഉൽപന്നങ്ങളായും ലോക വിപണിയിലെത്തണം. അതിന് ഗ്രാമതലത്തിൽ ചെറുകിട-ഇടത്തരം പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ വളരണം. തുറമുഖത്തിന്റെ വിജയം കണ്ടെയ്നറുകളുടെ എണ്ണത്തിൽ മാത്രം അളക്കേണ്ടതല്ല. ആ കണ്ടെയ്നറിനുള്ളിൽ കേരളത്തിലെ ഒരു ഗ്രാമത്തിന്റെ ഉൽപന്നമുണ്ടോ എന്നതിലും അതിന്റെ വിജയം അളക്കണം.

കടൽ അവസരങ്ങളുടെ വാതിൽ

യുവതലമുറയ്ക്ക് ജോലിയും സംരംഭങ്ങളും തുടങ്ങാനുള്ള അവസരമൊരുക്കണം. പോർട്ട് മാനേജ്മെന്റ്, ഷിപ്പിങ്, ലോജിസ്റ്റിക്സ്, എക്സിം ട്രേഡ്, കസ്റ്റംസ്, മാരിടൈം ലോ, ആർബിട്രേഷൻ, മറൈൻ ഇൻഷുറൻസ്, ഓഷ്യൻ സയൻസ്, എ.ഐ, ഡിജിറ്റൽ സപ്ലൈ ചെയിൻ, മരിടൈം ജേർണലിസം, ടൂറിസം, ഫിഷറീസ് ടെക്നോളജി തുടങ്ങിയ മേഖലകളിൽ വലിയ തൊഴിൽ സാധ്യതകളുണ്ട്. പഠനം തൊഴിലിലെത്തണം; അറിവ് നവീകരണത്തിലേക്കും നൈപുണ്യം സംരംഭങ്ങളിലേക്കും എത്തണം.

കേരളം മാരിടൈം നോളജ് ഹബ്ബാകും

കേരളത്തിന് തുറമുഖങ്ങൾ മാത്രം പോരാ. ലോകോത്തര അറിവിന്റെ അടിസ്ഥാന സൗകര്യങ്ങളും വേണം. അതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള മാരിടൈം ഹെറിറ്റേജ് മ്യൂസിയം, ഓഷ്യനേറിയം, സമുദ്ര വിജ്ഞാന-അനുഭവ കേന്ദ്രങ്ങൾ, അന്താരാഷ്ട്ര കൺവെൻഷൻ സൗകര്യങ്ങൾ, മാരിടൈം വിദ്യാഭ്യാസ-ഗവേഷണ കേന്ദ്രങ്ങൾ, ആർബിട്രേഷൻ-നിയമ സേവന സംവിധാനങ്ങൾ തുടങ്ങിയ ആശയങ്ങൾ ഗൗരവമായി മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. വാണിജ്യ തർക്കങ്ങൾ പരിഹരിക്കുന്നതിനും ആർബിട്രേഷൻ നടത്തുന്നതിനും നിയമ-പ്രൊഫഷണൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള സംവിധാനം വളരേണ്ടതുണ്ട്. അങ്ങനെ കേരളം ചരക്ക് കൈകാര്യം ചെയ്യുന്ന സ്ഥലം മാത്രമല്ല, മാരിടൈം അറിവും സേവനങ്ങളും തീരുമാനങ്ങളും സൃഷ്ടിക്കുന്ന കേന്ദ്രവുമാകണം.

പ്രവാസികളും മിഷൻ സമുദ്രയുടെ പങ്കാളികൾ

കേരളത്തിന്റെ ശക്തികളിലൊന്ന് നമ്മുടെ പ്രവാസി സമൂഹമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഷിപ്പിങ്, ലോജിസ്റ്റിക്സ്, തുറമുഖങ്ങൾ, വ്യാപാരം, ഫിനാൻസ്, നിയമം, സാങ്കേതികവിദ്യ, ടൂറിസം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളുടെ അറിവും അനുഭവവും നിക്ഷേപ ശേഷിയും കേരളത്തിന്റെ പുതിയ മാരിടൈം യാത്രയുമായി ബന്ധിപ്പിക്കണം. മൂലധനം മാത്രമല്ല, ആഗോള പരിചയം, സാങ്കേതിക വിദ്യ, വിപണി ബന്ധങ്ങൾ, ആശയങ്ങൾ, സ്ഥാപനപരമായ അറിവ് ഇവയും കേരളത്തിലേക്ക് കൊണ്ടു വരണം. ലോകമെമ്പാടുമുള്ള മലയാളികൾക്ക് മിഷൻ സമുദ്രയിൽ പങ്കാളികളാകാനുള്ള വാതിൽ തുറന്നിരിക്കണം.

മിഷൻ സമുദ്രയുടെ അന്തിമ ലക്ഷ്യം കൂടുതൽ കപ്പലുകളോ കൂടുതൽ കണ്ടെയ്നറുകളോ മാത്രമല്ല. തുറമുഖത്തിൽ നിന്ന് ജനങ്ങളിലേക്കും ജനങ്ങളിൽ നിന്ന് ലോകത്തിലേക്കും ലോകത്തിൽ നിന്ന് കേരളത്തിന്റെ സമൃദ്ധിയിലേക്കും എത്തുകയെന്നതാണ് നമ്മുടെ ലക്ഷ്യം

വിവാദമല്ല; വേണ്ടത് വിവേകമുള്ള വളർച്ച

വികസന ചർച്ച പരസ്പരം കുറ്റപ്പെടുത്തുന്നതിൽ അവസാനിക്കരുത്. അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. എന്നാൽ നമ്മുടെ കുട്ടികളുടെ ഭാവി ഇരുട്ടിലാക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാക്കരുത്. യുവതയ്ക്ക് തൊഴിൽ വേണം. സമൂഹത്തിന് പുതിയ ബിസിനസ് വേണം. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ വേണം. സർക്കാരിന് പുതിയ വരുമാന സ്രോതസുകൾ വേണം. കേരളത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കാൻ ഉൽപാദനവും നിക്ഷേപവും കയറ്റുമതിയും വർധിക്കണം. അതിന് സമൂഹത്തിന്റെ കൂട്ടായ പിന്തുണ ആവശ്യമാണ്. സർക്കാർ, പ്രതിപക്ഷം, വ്യവസായം, അക്കാദമിക സമൂഹം, തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, പ്രവാസികൾ, യുവാക്കൾ എല്ലാവർക്കും ഇതിൽ പങ്കുണ്ട്. നമുക്ക് വേണ്ടത് വിവാദത്തിന്റെ ശബ്ദമല്ല, വികസനത്തിന്റെ ദിശയാണ്.

ലോക കവാടം തുറന്ന് വിഴിഞ്ഞം

കടൽ അവസാനമല്ല, അവിടെ നിന്നാണ് പുതിയ കേരളം ആരംഭിക്കുന്നത്. വിഴിഞ്ഞം പുതിയൊരു ലോക കവാടമാണ് തുറന്നിടുന്നത്. കൊച്ചിയും മറ്റ് തുറമുഖങ്ങളും ശക്തമായ അടിത്തറ നല്കുന്നു. നമ്മുടെ ജലപാതകൾ പ്രകൃതിദത്ത കണക്ടിവിറ്റിയാണ്. നമ്മുടെ കൃഷിയും വ്യവസായവും ഉൽപന്നങ്ങൾ നല്കുന്നു. നമ്മുടെ പ്രവാസികൾ ലോക ബന്ധങ്ങൾ നല്കുന്നു. ഏറ്റവും വലിയ സമ്പത്ത് നമ്മുടെ ജനങ്ങളാണ്.



മിഷൻ സമുദ്രയുടെ അന്തിമ ലക്ഷ്യം കൂടുതൽ കപ്പലുകളോ കൂടുതൽ കണ്ടെയ്നറുകളോ മാത്രമല്ല. തുറമുഖത്തിൽ നിന്ന് ജനങ്ങളിലേക്കും ജനങ്ങളിൽ നിന്ന് ലോകത്തിലേക്കും ലോകത്തിൽ നിന്ന് കേരളത്തിന്റെ സമൃദ്ധിയിലേക്കും എത്തുകയെന്നതാണ് നമ്മുടെ ലക്ഷ്യം. കടൽ നമ്മുടെ അതിരല്ല. അത് കേരളത്തിന്റെ പുതിയ കവാടമാണ്. ആ കവാടത്തിലൂടെ നമുക്ക് ഒന്നിച്ച് മുന്നേറാം, തൊഴിലിലേക്കും സംരംഭങ്ങളിലേക്കും അറിവിലേക്കും നിക്ഷേപത്തിലേക്കും സുസ്ഥിരമായ സമൃദ്ധിയിലേക്കും. ■



പൊതുവിദ്യാഭ്യാസരംഗത്ത് സമഗ്രമായ മാറ്റത്തിനാണ് സർക്കാർ നേതൃത്വം നൽകുന്നത്. അടിസ്ഥാനസൗകര്യ വികസനത്തിനൊപ്പം അക്കാദമിക നിലവാരം ഉയർത്തി പൊതുവിദ്യാഭ്യാസത്തെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം



അക്കാദമിക മികവിലും രാജ്യാന്തര നിലവാരത്തിലേക്ക്

കേരളം ഇന്ന് ഒരു വിജ്ഞാനസമൂഹമാണ്. നമ്മുടെ ഏറ്റവും വലിയ സമ്പത്ത് മാനവവിഭവശേഷിയാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ കേരളം നടത്തിയ നിക്ഷേപങ്ങളാണ് സംസ്ഥാനത്തിന്റെ സാമൂഹിക പുരോഗതിക്ക് ശക്തമായ അടിത്തറ പാകിയത്.

സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളും വിദ്യാഭ്യാസത്തിനുവേണ്ടി നടന്ന പോരാട്ടങ്ങളും അതിനെത്തുടർന്നുണ്ടായ സാമൂഹികമാറ്റങ്ങളും നിയമനിർമാണങ്ങളുമാണ് കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് അടിസ്ഥാനമായത്. ഒട്ടേറെ വ്യക്തികളുടെയും സംഘടനകളുടെയും സാമൂഹിക പ്രസ്ഥാനങ്ങളുടെയും വിവിധ സർക്കാരുകളുടെയും കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമാണ് കേരളത്തിന്റെ ഇന്നത്തെ വിദ്യാഭ്യാസ നേട്ടങ്ങൾ. ഈ നേട്ടങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പൊതുവിദ്യാഭ്യാസത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് പുതിയ സർക്കാരിന്റെ ലക്ഷ്യം.

അക്കാദമിക മികവിലേക്ക്

വിദ്യാഭ്യാസം, ആരോഗ്യം, ആയുർദൈർഘ്യം, ശിശുമരണനിരക്ക് തുടങ്ങിയ സാമൂഹിക സൂചകങ്ങളിൽ കേരളം നടത്തിയ മുന്നേറ്റം സമാനതകളില്ലാത്തതാണ്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹികവികസന സൂചകങ്ങളിലെ കേരളത്തിന്റെ നേട്ടങ്ങൾ ഉയർന്ന സാമൂഹികവികസന മാതൃകകളുമായി, പ്രത്യേകിച്ച് നോർഡിക് രാജ്യങ്ങളുടേതുൾപ്പെടെയുള്ള മാതൃകകളുമായി താരതമ്യപ്പെടുത്തി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസത്തിലെ തുല്യതയും പ്രാപ്യതയും ഉറപ്പാക്കുന്നതിലും കേരളം ദീർഘകാലമായി മുന്നിലാണ്. അമ്പതുലക്ഷത്തോളം കുട്ടികളെയും രണ്ടുലക്ഷത്തിനടുത്ത് അധ്യാപകരെയും പതിമൂവായിരത്തോളം വിദ്യാലയങ്ങളെയും ഉൾക്കൊള്ളുന്ന വിപു

ലമായ ഒന്നാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖല. ജനാധിപത്യപരവും മതേതരവും ബഹുസ്വരവുമാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഘടനയും സ്വഭാവവും. കേരളീയ പൊതുജീവിതത്തിന്റെ പരിച്ഛേദമെന്ന നിലയിൽ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന 'ഇൻക്ലൂസിവിറ്റി'യാണ് അതിന്റെ അടിസ്ഥാനം.

വിദ്യാഭ്യാസത്തിലെ തുല്യത, പ്രാപ്യത, ഗുണമേന്മ, ഗവേണൻസ് എന്നിവയിലെല്ലാം കേരളം മികച്ച മുന്നേറ്റം നടത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ സർക്കാരുകൾ പൊതുവിദ്യാഭ്യാസത്തിന് നൽകിയ സാമ്പത്തികവും അക്കാദമികവുമായ പിന്തുണയും പരിഗണനയുമാണ് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയത്.

തുല്യതയിലും പ്രാപ്യതയിലും നാം നേടിയ മികവുകൾ ഗുണമേന്മയിലും ഗവേണൻസിലും കൂടി പുലർത്തേണ്ടതുണ്ട്. പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് (പി.ജി.ഐ.) പോലുള്ള ദേശീയസൂചകങ്ങൾ അത് ഓർമിപ്പിക്കുന്നുണ്ട്. ഒപ്പം ദേശീയതലത്തിലെ ചില സർവേകളും റിപ്പോർട്ടുകളും ഗുണമേന്മയിലെ നമ്മുടെ പരിമിതികൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ഇവയൊന്നും മറച്ചുവയ്ക്കേണ്ട കാര്യങ്ങളല്ല.

തുല്യതയിലും പ്രാപ്യതയിലും കൈവരിച്ച നേട്ടങ്ങളെ അക്കാദമിക ഗുണമേന്മയിലേക്കും പഠനഫലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ഇപ്പോൾ കൂടുതൽ ഊന്നൽ നൽകുന്നത്. ഓരോ കുട്ടിയുടെയും പഠനനിലവാരം തിരിച്ചറിയുകയും ആവശ്യമായ പിന്തുണ സമയബന്ധിതമായി നൽകുകയും ചെയ്യുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയാണ്.

മികവുകളുടെ ഉത്സവം

വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം കേവലം പരീക്ഷകളിലെ വിജയം മാത്രമല്ല. മറിച്ച് നേടിയ അറിവുകളും നൈപുണികളും ജീവിതത്തിൽ പ്രയോഗിക്കാനുള്ള കഴിവാണ്. ജീവിതായോധനത്തിന് ഉപയോഗപ്പെടാത്ത അറിവുകൾ പ്രയോജനരഹിതമാണ്. പുതിയ കാലത്ത് വിവരങ്ങൾ ആർജിക്കാനുള്ള നിരവധി മാർഗങ്ങളുണ്ട്. വിവരദാതാക്കളെന്നതിൽ നിന്ന് നല്ല മനോഭാവങ്ങളിലേക്കും മൂല്യങ്ങളിലേക്കും ജീവിതവീക്ഷണങ്ങളിലേക്കും കുട്ടികളെ നയിക്കാൻ ക്ലാസ്മുറികൾക്കും അധ്യാപകർക്കും കഴിയണം.

പഠനപ്രക്രിയയിൽ കുട്ടികൾക്കുണ്ടാകുന്ന പരിമിതികൾ അധ്യാപകർ തിരിച്ചറിയേണ്ടതുണ്ട്. പഠനപിന്നാക്കാവസ്ഥ തുടക്കത്തിൽത്തന്നെ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയാണ് സർക്കാർ. പാർശ്വവത്കൃത വിഭാഗങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, സാമൂഹിക, സാമ്പത്തിക, ഭാഷാപരമായ വെല്ലുവിളികൾ നേരിടുന്നവർ, ആദിവാസി, തീരദേശ മേഖലകൾ എന്നിങ്ങനെ പലവിധ പരിമിതികൾ നേരിടുന്ന വിഭാഗങ്ങളെയും പ്രദേശങ്ങളെയും ഉൾക്കൊള്ളുന്ന, സമത്വാധിഷ്ഠിതവും സാമൂഹികനീതിയിലൂന്നിയതുമായ മികവുകളുടെ സംഗമവേദിയായി നമ്മുടെ



വിദ്യാഭ്യാസത്തെയും വിദ്യാലയങ്ങളെയും മാറ്റുക എന്നതാണ് ലക്ഷ്യം.

അവസരസമത്വത്തിന് പുതിയ ഇടപെടലുകൾ

സാമൂഹികവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ നൽകുന്നതിനായി 'സ്പെഷ്യൽ എൻറിച്ച്മെന്റ്' പദ്ധതി 2026-27 അധ്യയനവർഷത്തിൽ 445 വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഗോത്ര, തീരദേശ, തോട്ടം മേഖലകളിലെ കുട്ടികൾക്ക് വിദഗ്ധർ നയിക്കുന്ന ക്ലാസുകൾ, റസിഡൻഷ്യൽ ക്യാമ്പുകൾ, നൈപുണി ശിൽപ്പശാലകൾ, പഠനയാത്രകൾ, രക്ഷിതാക്കൾക്കുള്ള ബോധവത്കരണം തുടങ്ങിയ പിന്തുണകൾ ഇതിലൂടെ ലഭ്യമാക്കുന്നു. ദുരന്തബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ആശയം എല്ലാവർക്കും ഒരേ അവസരം നൽകുക എന്നതാണ്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും ഭാഷാപരമോ സാമൂഹികമോ സാമ്പത്തികമോ ആയ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും തുല്യമായ പഠനാവസരങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ വിദ്യാലയങ്ങളെ ഭിന്നശേഷി സൗഹൃദ വിദ്യാലയങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായ ഘട്ടത്തിലേക്ക് കടക്കുകയാണ്.

ഗുണമേന്മയുള്ള പഠനം

എല്ലാ കുട്ടികൾക്കും തുല്യമായ പഠനാവസരങ്ങളും സ്കൂൾപ്രവേശനവും ഉറപ്പുവരുത്തുകയെന്നതായിരുന്നു നമ്മുടെ വിദ്യാഭ്യാസമേഖലയുടെ പ്രാഥമിക ലക്ഷ്യം. കുട്ടികളുടെ പ്രവേശനനിരക്ക് വർധിപ്പിച്ച് കൊഴിഞ്ഞുപോക്കുനിരക്ക് കുറയ്ക്കുന്നതിൽ

അമ്പതുലക്ഷത്തോളം കുട്ടികളെയും രണ്ടുലക്ഷത്തിനടുത്ത് അധ്യാപകരെയും പതിമൂവായിരത്തോളം വിദ്യാലയങ്ങളെയും ഉൾക്കൊള്ളുന്ന കേരളത്തിന്റെ പൊതുവിദ്യാഭ്യാസമേഖല വിപുലവും വൈവിധ്യപൂർണവുമാണ്. എല്ലാവർക്കും തുല്യമായ അവസരവും ഗുണമേന്മയുള്ള വിദ്യാഭ്യാസവും ഉറപ്പാക്കുന്ന ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്.

ഇതിനോടകം നാം വിജയിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള വിദ്യാഭ്യാസമെന്ന അടുത്ത ഘട്ടത്തിലേക്കുള്ള പരിവർത്തനപാതയാണ് ഇനി മുന്നിലുള്ളത്.

ഓരോ ക്ലാസിലും ഘട്ടത്തിലും ഓരോ കുട്ടിയുടെയും പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. വിദ്യാഭ്യാസപ്രക്രിയയിൽ നിന്ന് അവർ ആർജിക്കേണ്ട അറിവുകൾ, ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ ലഭ്യമായോ എന്നത് പരിശോധിക്കേണ്ടതുണ്ട്. ഭാഷയിലും ഗണിതത്തിലും അടിസ്ഥാനശേഷികൾ ഉറപ്പാക്കുക എന്നത് പ്രധാന ഘടകമാണ്.

എൽ.പി., യു.പി. തലത്തിലെ കുട്ടികളുടെ മലയാളം,ഇംഗ്ലീഷ്,ഗണിതം എന്നീമേഖലകളിലെ പഠനപരിമിതികൾ പരിഹരിക്കുന്നതിനായി 'നവജീവനം' പോലുള്ള പദ്ധതികൾ ഇതിനോടകം സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. വായനയെയും സർഗാത്മക എഴുത്തിനെയും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കൊപ്പം, ഗണിതത്തെ കേവലം നിർവചനങ്ങളും ക്രിയകളും പഠിക്കുന്ന വിഷയമെന്നതിൽ നിന്ന് ചിന്താപ്രക്രിയയുമായി ബന്ധിപ്പിക്കുന്ന സമീപനത്തിലേക്കും ഈ പദ്ധതി ശ്രദ്ധ നൽകുന്നു.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ നേരത്തെ തിരിച്ചറിയുകയും അവർക്കാവശ്യമായ അക്കാദമിക പിന്തുണ നൽകുകയും ചെയ്യുക എന്നതാണ് ഈ ഇടപെടലുകളുടെ ലക്ഷ്യം. 'കൂടെ' എന്ന സീറോ ഡ്രോപ്പ് ഔട്ട് മിഷനിലൂടെ പഠനം പാതിവഴിയിൽ നിലച്ച കുട്ടികളെ കണ്ടെത്തി വീണ്ടും ക്ലാസ് മുറികളിലെത്തിക്കുന്ന പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

മലയോര, തീരദേശ, പിന്നാക്ക മേഖലകൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്ന പദ്ധതിയിൽ ജനപ്രതിനിധികൾ, വിദ്യാഭ്യാസ ഉദ്യോഗസ്ഥർ, അധ്യാപകർ, പി.ടി.എ. പ്രതിനിധികൾ, എസ്.ടി. പ്രമോട്ടർമാർ തുടങ്ങിയവരുടെ കൂട്ടായ ഇടപെടലാണ് ഉറപ്പാക്കുന്നത്.

ഡിജിറ്റൽ തുല്യതയും സുരക്ഷയും

സാങ്കേതികവിദ്യയുടെ വളർച്ച വിദ്യാഭ്യാസത്തിന്റെ സ്വഭാവത്തെയും മാറ്റുകയാണ്. ഈ മാറ്റത്തെ സ്വീകരിക്കുന്നതിനൊപ്പം ഡിജിറ്റൽ തുല്യതയും സുരക്ഷയും ഉറപ്പാക്കുന്ന വിദ്യാഭ്യാസ സംവിധാനമാണ് കേരളം രൂപപ്പെടുത്തുന്നത്.

കൈറ്റ് നടപ്പാക്കുന്ന 'താരാപഥം' പദ്ധതി പൊതുവിദ്യാഭ്യാസ മേഖലയിലെ വിവിധ ഡിജിറ്റൽ സംവിധാനങ്ങളെ ഏകീകൃത പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നു. സമ്പൂർണ, സഹിതം, സമഗ്ര, സമന്വയ തുടങ്ങിയ സംവിധാനങ്ങൾ ഒറ്റ ഡാഷ്ബോർഡിലൂടെ ലഭ്യമാക്കുന്നതോടൊപ്പം അധ്യാപകർക്ക് 'സമഗ്ര ക്യാൻവാസ്' പോലുള്ള ഇന്ററാക്ടീവ് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനപുരോഗതി രേഖപ്പെടുത്താനും അവരുടെ പഠനാവശ്യങ്ങൾ തിരിച്ചറിഞ്ഞ് പിന്തുണ നൽകാനും ഇതിലൂടെ കൂടുതൽ സൗകര്യമൊരുങ്ങുന്നു. ഡിജിറ്റൽ ഉപയോഗം വർധിക്കുന്ന സാഹചര്യത്തിൽ സൈബർ സുരക്ഷയ്ക്കും ഡിജിറ്റൽ മര്യാദകൾക്കും പദ്ധതിയിൽ പ്രാധാന്യം നൽകുന്നു.

പ്രൈമറി തലത്തിലെ ഡിജിറ്റൽ പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി 'ഡിജിറ്റൽ സ്ക്വയർ' പദ്ധതി 5,183 വിദ്യാലയങ്ങളിൽ ആദ്യഘട്ടത്തിൽ നടപ്പാക്കിയിട്ടുണ്ട്. കാഴ്ചപരിമിതരായ കുട്ടികൾ ഉൾപ്പെടെ പ്രത്യേക പരിഗണന ആവശ്യമുള്ളവർക്കും ഉപയോഗിക്കാവുന്ന വിധത്തിലാണ് സംവിധാനം രൂപകൽപന ചെയ്തിരിക്കുന്നത്. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

നിർമ്മിതബുദ്ധി ക്ലാസ് മുറിയിലേക്ക്

നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ഡേറ്റാ സയൻസ് തുടങ്ങിയ മേഖലകൾ വിദ്യാഭ്യാസത്തിന്റെ ഭാവിയെ നിർണയിക്കുന്ന ഘടകങ്ങളാണ്. ഇവയുടെ അടിസ്ഥാന പരിജ്ഞാനം സ്കൂൾതലത്തിൽ തന്നെ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

ഹൈസ്കൂൾ വിദ്യാർഥികൾക്ക് നിർമ്മിതബുദ്ധിയുടെയും റോബോട്ടിക്സിന്റെയും പ്രായോഗിക പരിചയം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള 'എറൈസ് ഹബ്ബുകൾ' ഇതിന്റെ ഭാഗമാണ്. സെൻസറുകളും മൈക്രോകൺട്രോളറുകളും റോബോട്ടിക് കിറ്റുകളും ഉപയോഗിച്ച് കുട്ടികൾക്ക് സ്വന്തം ആശയങ്ങളിൽ നിന്ന് പ്രോട്ടോടൈപ്പുകൾ വികസിപ്പിക്കാൻ കഴിയുന്ന സാഹചര്യം ഇതിലൂടെ സൃഷ്ടിക്കുന്നു.

ദേശീയതല മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ. വിദ്യാർഥികൾക്കായി 'മുകളം' എന്ന സൗജന്യ എ.ഐ. അധിഷ്ഠിത പരിശീലന പോർട്ടലും ഒരുക്കിയിട്ടുണ്ട്. നീറ്റ്, ജെ.ഇ.ഇ., സി.യു.ഇ.ടി. തുടങ്ങിയ മത്സരപരീക്ഷകൾക്ക് സ്വകാര്യ കോച്ചിങ്ങിനെ ആശ്രയിക്കാതെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്കും ഗുണമേന്മയുള്ള പരിശീലനസൗകര്യം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഇതോടൊപ്പം, നഗര-ഗ്രാമ വ്യത്യാസമില്ലാതെ ആധുനിക സാങ്കേതികവിദ്യയുടെ പ്രായോഗിക പരിചയം കുട്ടികളിലെത്തിക്കുന്നതിനായി 'ലാബ് ഓൺ വീൽസ്' പോലുള്ള സംരംഭങ്ങളും പുതിയ പഠനസാധ്യതകൾ തുറക്കുന്നു. എ.ഐ., റോബോട്ടിക്സ്, കോഡിങ്, ഇലക്ട്രോണിക്സ്, ത്രിമാന ഡിസൈനിങ് തുടങ്ങിയ മേഖലകളിലെ പ്രായോഗിക പരിശീലനം തീരദേശ, ആദിവാസി, മലയോര, വിദൂര മേഖലകളിലെ വിദ്യാർഥികളിലേക്കും എത്തിക്കുകയാണ് ലാബ് ഓൺ വീൽസ്.

വ്യക്തിത്വ വികസനം പ്രധാനം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പരീക്ഷയിലെ വിജയം മാത്രമല്ല. അറിവ് ജീവിതത്തിൽ പ്രയോഗിക്കാനും പുതിയ സാഹചര്യങ്ങളെ നേരിടാനും കഴിയുന്ന വ്യക്തിത്വവികാസമാണ് പ്രധാനമെന്ന് സർക്കാർ കാണുന്നു.

ആശയവിനിമയശേഷി, പ്രശ്നപരിഹരണശേഷി, ടീം വർക്ക്, സർഗാത്മകവും വിമർശനാത്മകവുമായ ചിന്ത, സംരംഭകത്വ മനോഭാവം തുടങ്ങിയ കഴിവുകൾ കുട്ടികളിൽ വളർത്തുന്നതിനുള്ള അവസരങ്ങളായി സ്കൂൾ പ്രവർത്തനങ്ങളെ മാറ്റ



കയാണ്. കലാ-കായിക-ശാസ്ത്രമേളകൾ, ക്ലബ്ബുകൾ, വിവിധ സഹപാഠ്യ പ്രവർത്തനങ്ങൾ എന്നിവയും ഇതിന്റെ ഭാഗമായി കൂടുതൽ ഫലപ്രദമാക്കുന്നു.

പഠനത്തോടൊപ്പം തൊഴിൽ നൈപുണിയും

വിദ്യാഭ്യാസവും തൊഴിലും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വി.എച്ച്.എസ്.ഇ. വിഭാഗം നടപ്പാക്കുന്ന 'സ്കിൽ ബിസ് - വൺ സ്കൂൾ, വൺ പ്രോഡക്റ്റ്' പദ്ധതി പഠനത്തോടൊപ്പം സംരംഭകത്വത്തിനും പ്രായോഗിക നൈപുണിക്കും പ്രാധാന്യം നൽകുന്നു. ഉൽപ്പന്ന വികസനം, ബ്രാൻഡിങ്, വിപണനം എന്നിവയിൽ വിദ്യാർഥികൾക്ക് നേരിട്ടുള്ള അനുഭവം ലഭിക്കുന്നതിലൂടെ തൊഴിലന്വേഷകരിൽ നിന്ന് തൊഴിൽസ്രഷ്ടാക്കളിലേക്കുള്ള മാറ്റത്തിനുള്ള അടിത്തറ ഒരുക്കുകയാണ് പദ്ധതി.

ക്ലാസ് മുറിക്കപ്പുറം ചില ജീവിതപാഠങ്ങൾ

വിദ്യാഭ്യാസം ജീവിതവുമായി ബന്ധിപ്പിക്കുക എന്ന ആശയത്തിലാണ് കൃഷി, പരിസ്ഥിതി, പോഷണം തുടങ്ങിയ മേഖലകളിലെ ഇടപെടലുകൾ. കുട്ടികളെ കൃഷിയോടും പരിസ്ഥിതിയോടും അടുപ്പിക്കുകയും കാർഷിക സാങ്കേതികവിദ്യ, പാരമ്പര്യ അറിവ്, നവീന ആശയങ്ങൾ എന്നിവയുമായി പരിചയപ്പെടുത്തുകയും ചെയ്യുന്ന 'കതിര്' പദ്ധതി ഇതിനൊരു ഉദാഹരണമാണ്. മാനസിക സമ്മർദം കുറയ്ക്കുന്നതിനുള്ള ഹോർട്ടികൾച്ചറൽ തെറാപ്പിയും വിദ്യാർഥികൾ ഉൽപാദിപ്പിക്കുന്നവയുടെ വിപണനസാധ്യതകളും ഈ പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

'കനിപ്പന്തൽ ഇനി വിദ്യാലയങ്ങളിലും' പദ്ധതിയിലൂടെ വിദ്യാലയങ്ങളിൽ ഫല വൃക്ഷ-പോഷകത്തോട്ടങ്ങൾ ഒരുക്കുന്നു. കുട്ടികളിൽ ആരോഗ്യകരമായ ഭക്ഷണശീലവും കൃഷിയോടുള്ള താൽപര്യവും പരിസ്ഥിതി ബോധവും വളർത്തുകയാണ് ഇതിന്റെ ലക്ഷ്യം. 'പൊൻചിറകുകൾ' പോലുള്ള പദ്ധതികൾ നാടൻ കാർഷിക-മൃഗപരിപാലന അറിവുകളുമായി കുട്ടികളെ ബന്ധിപ്പിക്കുന്നതിനൊപ്പം കുടുംബത്തിന്റെ പോഷകസുരക്ഷയ്ക്കും അധികവരുമാന സാധ്യതകൾക്കും വഴിയൊരുക്കുന്നു.

കായികക്ഷമതയും ജീവൻരക്ഷാ നൈപുണിയും

കുട്ടികളുടെ സമഗ്രവികസനത്തിൽ ശാരീരികക്ഷമതയ്ക്കും മാനസികാരോഗ്യത്തിനും വലിയ പ്രാധാന്യമുണ്ട്. കേരളത്തിന്റെ പ്രത്യേക ഭൂമിശാസ്ത്രപരമായ സാഹചര്യത്തിൽ നീന്തൽ ഒരു കായിക ഇനം മാത്രമല്ല, ജീവൻരക്ഷാ നൈപുണി കൂടിയാണ്.

'അക്വാഫിറ്റ്' പദ്ധതിയിലൂടെ വിദ്യാർഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനൊപ്പം ജലസുരക്ഷാ അവബോധവും വളർത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂളുകളുടെ സമീപത്തെ അനുയോജ്യമായ നീന്തൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.



അതോടൊപ്പം ഉപയോഗശൂന്യമായി കിടക്കുന്ന കായിക ആസ്തികളെ പുനരുജ്ജീവിപ്പിക്കുന്ന 'ഓപ്പറേഷൻ കളരി' പോലുള്ള പദ്ധതികളിലൂടെ സ്റ്റേഡിയങ്ങൾ, നീന്തൽക്കുളങ്ങൾ, ജിംനേഷ്യങ്ങൾ, സ്പോർട്സ് ഹോസ്റ്റലുകൾ തുടങ്ങിയ സൗകര്യങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനും ലക്ഷ്യമിടുന്നു. വനിതാ താരങ്ങൾക്കും ഭിന്നശേഷിക്കാർക്കും അനുയോജ്യമായ സൗകര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന സമീപനവും ഇതിലുണ്ട്.

അധ്യാപകർ മാറ്റത്തിന്റെ ചാലകശക്തി

പുതിയ കാലത്തെ വിദ്യാഭ്യാസപരിവർത്തനത്തിന്റെ കേന്ദ്രബിന്ദു അധ്യാപകരാണ്. മാറുന്ന കുട്ടികളുടെ പഠനശീലങ്ങളും മാനസികാവസ്ഥകളും മനസ്സിലാക്കി പ്രവർത്തിക്കാൻ അധ്യാപകരെ കൂടുതൽ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയാണ് സർക്കാർ.

വിദ്യാർഥിമനഃശാസ്ത്രം, വൈകാരിക സന്തുലനം, സംഘർഷലഘൂകരണം, ക്ലാസ്റൂം മാനേജ്മെന്റ്, പുതിയ പെഡഗോജിക്കൽ സമീപനങ്ങൾ തുടങ്ങിയ മേഖലകളിൽ അധ്യാപകർക്ക് പ്രൊഫഷണൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികളും ഇതിന്റെ ഭാഗമായി മുന്നോട്ടുപോകുന്നു. വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനങ്ങളിൽ ഫലപ്രദമായ കൺവർജൻസിലൂടെ വിഭവങ്ങളുടെ മികച്ച വിനിയോഗവും ഉറപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നു.

മികവിന്റെ പുതിയഘട്ടം

കേരളത്തിന്റെ പൊതുവിദ്യാഭ്യാസം ഇന്ന് ഒരു പുതിയ പരിവർത്തനഘട്ടത്തിലാണ്. അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തിയ ഘട്ടത്തിൽ നിന്ന് അക്കാദമിക മികവ്, പഠനഫലം, ഉൾച്ചേർക്കൽ, ഡിജിറ്റൽ പരിജ്ഞാനം, നിർമ്മിതബുദ്ധി, ജീവിതനൈപുണി, തൊഴിൽനൈപുണി, കായികക്ഷമത, മാനസികാരോഗ്യം തുടങ്ങിയ മേഖലകളെ പരസ്പരം ബന്ധിപ്പിക്കുന്ന സമഗ്ര വിദ്യാഭ്യാസത്തിലേക്കാണ് യാത്ര.

അക്കാദമിക മികവിനൊപ്പം ജീവിതനൈപുണി, കായികക്ഷമത, മാനസികാരോഗ്യം, സാങ്കേതിക പരിജ്ഞാനം, തൊഴിൽനൈപുണി എന്നിവ വളർത്തി വിദ്യാലയങ്ങളെ കുട്ടികളുടെ സന്തോഷത്തിന്റെയും സർഗാത്മകതയുടെയും ഇടങ്ങളാക്കി മാറ്റുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സർക്കാരിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായി അക്കാദമിക നിലവാരമുയർത്തൽ, ഭരണനിർവഹണം കാര്യക്ഷമമാക്കൽ, കായിക-മാനസികാരോഗ്യം മെച്ചപ്പെടുത്തൽ, ദേശീയതല മത്സരപരീക്ഷകൾക്കുള്ള പരിശീലനം, സ്കൂൾ എക്സലൻസ് തുടങ്ങിയ വിവിധ ഇടപെടലുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പൊതുവിദ്യാലയങ്ങൾ കേരളത്തിന്റെ സാമൂഹിക പുരോഗതിയുടെ നട്ടെല്ലാണ്. അവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനൊപ്പം, ഓരോ കുട്ടിക്കും താൻ പഠിക്കുന്ന വിദ്യാലയത്തിൽ തനിക്ക് ഇടമുണ്ടെന്നും തന്റെ കഴിവുകൾ വികസിപ്പിക്കാൻ അവസരമുണ്ടെന്നും അനുഭവപ്പെടുന്ന വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

അക്കാദമിക മികവിനൊപ്പം ജീവിതത്തെ നേരിടാനുള്ള കഴിവും, സാങ്കേതികവിദ്യയ്ക്കൊപ്പം മാനവിക മൂല്യങ്ങളും, പ്രാദേശിക അറിവിനൊപ്പം ആഗോള കാഴ്ചപ്പാടും കൈമുതലാക്കുന്ന ഒരു പുതിയ തലമുറയെ രൂപപ്പെടുത്തുകയാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ അടുത്ത ഘട്ടം. രാജ്യാന്തര നിലവാരത്തിലേക്ക് ഉയരുന്ന കേരളത്തിന്റെ പൊതുവിദ്യാഭ്യാസ യാത്രയിൽ ഈ സമഗ്ര ഇടപെടലുകൾ നിർണായക ചുവടുവയ്പുകളാകുകയാണ്. ■



വിദ്യാഭ്യാസത്തെ സാമൂഹികനീതിയുടെയും തുല്യാവസരങ്ങളുടെയും ജനാധിപത്യത്തിന്റെയും അടിസ്ഥാനമായി കാണുന്ന കേരളത്തിന്റെ സമീപനം, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ എൺപതാം വർഷത്തിലേക്ക് രാജ്യം പ്രവേശിക്കുന്ന ഈ ഘട്ടത്തിൽ, ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഗൗരവമായ ചർച്ച അർഹിക്കുന്നു

പൊതുവിദ്യാഭ്യാസം സമഗ്രതയിലേക്കും സുസ്ഥിരതയിലേക്കും



വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവ് പകരുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; മനുഷ്യനെ സമഗ്രമായി വികസിപ്പിക്കുകയും സമൂഹത്തെ കൂടുതൽ നീതിപൂർവവും സുസ്ഥിരവുമാക്കുകയും ചെയ്യുക എന്നതുകൂടിയാണ്. നിർമിതബുദ്ധി മനുഷ്യന്റെ ബൗദ്ധികാധ്വാനത്തിന്റെ പല മേഖലകളിലേക്കും കടന്നുവരികയും പരമ്പരാഗത തൊഴിലുകളുടെ സ്വഭാവം മാറ്റുകയും ചെയ്യുന്ന ഇക്കാലത്ത്, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെയും രീതികളെയും കുറിച്ച് പുതിയ ചോദ്യങ്ങൾ ഉയരുന്നു. യന്ത്രങ്ങൾ

ഏറ്റെടുക്കുന്ന ജോലികൾക്കായി മനുഷ്യരെ പരിശീലിപ്പിക്കുക മാത്രമാണോ വിദ്യാഭ്യാസത്തിന്റെ ദൗത്യം അതോ യന്ത്രങ്ങൾക്ക് പകരം വയ്ക്കാനാവാത്ത മനുഷ്യന്റെ സർഗാത്മകതയും വിമർശനബുദ്ധിയും സഹാനുഭൂതിയും സാമൂഹിക ഉത്തരവാദിത്വവും വളർത്തുകയെന്നതുകൂടിയാണോ?

അതിജീവനം സാധ്യമാക്കുന്ന അനുകൂലനങ്ങൾ

നിർമിതബുദ്ധിയുടെ വളർച്ച തൊഴിൽമേഖലയിൽ സൃഷ്ടിക്കാനിടയുള്ള മാറ്റങ്ങളും തൊഴിലവസരങ്ങളിലെ അനിശ്ചിതത്വവും വിദ്യാഭ്യാസത്തിന്റെ പ്രസക്തി വർധിപ്പിക്കുകയാണ്. ഭാവിയിലെ തൊഴിലുകൾക്കായി കുട്ടികളെ സജ്ജരാക്കുന്നതോടൊപ്പം, തൊഴിൽലോകം മാറുമ്പോൾ പുതിയ അറിവും നൈപുണികളും ആർജിക്കാൻ അവരെ പ്രാപ്തരാക്കുകയും വേണം. സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ ഏതാനും വിഭാഗങ്ങളിൽ മാത്രം കേന്ദ്രീകരിക്കാതെ സമൂഹമാകെ പങ്കിടാൻ കഴിയുന്ന ഒരു സുസ്ഥിര വികസനസങ്കൽപ്പമാണ് വിദ്യാഭ്യാസം മുന്നോട്ടുവയ്ക്കേണ്ടത്. പരിസ്ഥിതി നാശവും അതിനെ തുടർന്നുള്ള കാലാവസ്ഥാ വ്യതിയാനവും മനുഷ്യരാശിക്കു മുമ്പിൽ ഉയർത്തുന്ന വെല്ലുവിളി മറികടക്കാനും ഏതു കാലാവസ്ഥയിലും അതിജീവനം സാധ്യമാക്കുന്ന അനുകൂലനങ്ങൾ നേടിയെടുക്കുന്നതിനും സഹായിക്കുന്ന വിദ്യാഭ്യാസത്തെക്കുറിച്ചാണ് പുതുലോകം ചിന്തിക്കുന്നത്.

ഈ ആഗോള പശ്ചാത്തലത്തിൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസാനുഭവത്തിന് പ്രത്യേക പ്രസക്തിയുണ്ട്. വിദ്യാഭ്യാസത്തെ വ്യക്തിയുടെ സ്വകാര്യനേട്ടമായി മാത്രമല്ല, സാമൂഹികനീതിയുടെയും തുല്യാവസരങ്ങളുടെയും ജനാധിപത്യത്തിന്റെയും അടിസ്ഥാനമായി കാണുന്ന കേരളത്തിന്റെ സമീപനം, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ എൺപതാം വർഷത്തിലേക്ക് രാജ്യം പ്രവേശിക്കുന്ന ഈ ഘട്ടത്തിൽ, ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഗൗരവമായ ചർച്ച അർഹിക്കുന്നു.

കേരളത്തിൽ വിദ്യാഭ്യാസം സാമൂഹികാവകാശമായി മാറിയതിന് ചരിത്രപരമായ ഒരു പശ്ചാത്തലമുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസചരിത്രം സാമൂഹിക നവോത്ഥാനത്തിന്റെയും ജാതിവിരുദ്ധ മുന്നേറ്റങ്ങളുടെയും സ്ത്രീവിദ്യാഭ്യാസത്തിനായുള്ള പോരാട്ടങ്ങളുടെയും ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വിവിധ സമുദായങ്ങളുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ, മിഷനറി സംരംഭങ്ങൾ, നാട്ടുരാജ്യങ്ങളിലെ സാർവത്രിക വിദ്യാഭ്യാസാനുകൂല ഇടപെടലുകൾ, നവോത്ഥാന നായകരുടെ പ്രവർത്തനങ്ങൾ എന്നിവ ഈ പ്രക്രിയയ്ക്ക് വ്യത്യസ്ത ഘട്ടങ്ങളിൽ ഊർജം പകർന്നു. സ്വാതന്ത്ര്യാനന്തര കാലത്ത് ജനാധിപത്യഭരണവും പൊതുനിക്ഷേപവും ഈ അടിത്തറയെ കൂടുതൽ വിപുലീകരിച്ചു.

തലമുറകളിലൂടെ രൂപപ്പെടുന്ന സാമൂഹിക നിക്ഷേപം

വിദ്യാഭ്യാസം ചില സാമൂഹികവിഭാഗങ്ങളുടെ മാത്രം അവകാശമായിരുന്ന കാലത്തുനിന്ന് എല്ലാ കുട്ടികൾക്കും വിദ്യാലയത്തിലെത്താൻ കഴിയുന്ന അവസ്ഥയിലേക്കുള്ള മാറ്റം കേരളത്തിന്റെ നിർണായക നേട്ടമാണ്. പൊതുവിദ്യാലയങ്ങൾ അറിവ് പകരുന്ന സ്ഥാപനങ്ങൾ മാത്രമായിരുന്നില്ല; സാമൂഹിക അകലം കുറയ്ക്കുന്നതിനും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും പൗരബോധം വളർത്തുന്നതിനും ശരിയായ രാഷ്ട്രീയാവബോധം വളർത്തുന്നതിലും സഹായം നൽകിയിട്ടുണ്ട്.

ഈ മാറ്റം ഒരു സർക്കാരിന്റെ മാത്രം ഭഗീരഥപ്രയത്നങ്ങൾ, മിഷനറി സംരംഭങ്ങൾ, നാട്ടുരാജ്യങ്ങളിലെ സാർവത്രിക വിദ്യാഭ്യാസാനുകൂല ഇടപെടലുകൾ, നവോത്ഥാന നായകരുടെ പ്രവർത്തനങ്ങൾ എന്നിവ ഈ പ്രക്രിയയ്ക്ക് വ്യത്യസ്ത ഘട്ടങ്ങളിൽ ഊർജം പകർന്നു. സ്വാതന്ത്ര്യാനന്തര കാലത്ത് ജനാധിപത്യഭരണവും പൊതുനിക്ഷേപവും ഈ അടിത്തറയെ കൂടുതൽ വിപുലീകരിച്ചു.

തലമുറകളിലൂടെ രൂപപ്പെടുന്ന സാമൂഹിക നിക്ഷേപം

വിദ്യാഭ്യാസം ചില സാമൂഹികവിഭാഗങ്ങളുടെ മാത്രം അവകാശമായിരുന്ന കാലത്തുനിന്ന് എല്ലാ കുട്ടികൾക്കും വിദ്യാലയത്തിലെത്താൻ കഴിയുന്ന അവസ്ഥയിലേക്കുള്ള മാറ്റം കേരളത്തിന്റെ നിർണായക നേട്ടമാണ്. പൊതുവിദ്യാലയങ്ങൾ അറിവ് പകരുന്ന സ്ഥാപനങ്ങൾ മാത്രമായിരുന്നില്ല; സാമൂഹിക അകലം കുറയ്ക്കുന്നതിനും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും പൗരബോധം വളർത്തുന്നതിനും ശരിയായ രാഷ്ട്രീയാവബോധം വളർത്തുന്നതിലും സഹായം നൽകിയിട്ടുണ്ട്.

ഈ മാറ്റം ഒരു സർക്കാരിന്റെ മാത്രം മാത്രം ഒതുക്കാതെ പഠനനിലവാരം, അടിസ്ഥാനസൗകര്യങ്ങൾ, സാമൂഹികനീതി, കുട്ടികളുടെ ക്ഷേമം എന്നിവകൂടി പരിഗണിച്ചുവേണം നടത്താൻ.

വിദ്യാഭ്യാസവും ആരോഗ്യവും സാമൂഹിക സുരക്ഷയും പരസ്പരം ശക്തിപ്പെടുത്തുന്ന വികസനസമീപനമാണ് കേരളത്തിന്റെ പ്രത്യേകതകളിലൊന്ന്. വിദ്യാഭ്യാസം നേടിയ ജനതയ്ക്ക് ആരോഗ്യപരമായ തീരുമാനങ്ങൾ എടുക്കാനും ഭരണസംവിധാനങ്ങളോട് ഉത്തരവാദിത്വം ആവശ്യപ്പെടാനും സാമൂഹികജീവിതത്തിൽ സജീവമായി ഇടപെടാനും കൂടുതൽ അവസരങ്ങൾ ലഭിക്കുന്നു. അതേസമയം, മെച്ചപ്പെട്ട ആരോഗ്യവും സാമൂഹികസുരക്ഷയും കുട്ടികളുടെ പഠനത്തെ സഹായിക്കുന്നു. വികസനത്തിന്റെ ഈ പരസ്പരബന്ധമാണ് കേരളത്തിന്റെ സാമൂഹികനേട്ടങ്ങളുടെ പ്രധാന അടിത്തറ.

എന്നാൽ കേരളത്തിന്റെ മാതൃകയെ മറ്റ് സംസ്ഥാനങ്ങളിൽ അതേപടി പകർത്തുക എന്നത് പ്രായോഗികമല്ല. ഓരോ സംസ്ഥാനത്തിന്റെയും ഭാഷാപരവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ വ്യത്യസ്തമാണ്. അതതു സംസ്ഥാനങ്ങളുടെ ചരിത്രാനുഭവത്തിൽനിന്ന് പാഠങ്ങൾ ഉൾ

കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ അടുത്തഘട്ടം മൂന്ന് പ്രധാന ചോദ്യങ്ങളെ അഭിമുഖീകരിക്കണം: ഓരോ കുട്ടിയും ഫലപ്രദമായി പഠിക്കുന്നുണ്ടോ? സാമൂഹികവും സാമ്പത്തികവുമായ വ്യത്യാസങ്ങൾ പഠനത്തെ ബാധിക്കുന്നുണ്ടോ? മാറുന്ന ലോകത്തിന് ആവശ്യമായ അറിവും കഴിവുകളും വിദ്യാലയങ്ങൾ വളർത്തുന്നുണ്ടോ?

ക്കൊണ്ട് പ്രാദേശികമായ ആവശ്യങ്ങൾ കണക്കിലെടുത്തുള്ള വിദ്യാഭ്യാസനയങ്ങൾ രൂപപ്പെടുത്തുകയാണ് ഉചിതം.

ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ കാഴ്ചപ്പാടും സുസ്ഥിര വികസന ലക്ഷ്യങ്ങളും പരിചയപ്പെടുന്നതും കുറച്ചു കൂടി മെച്ചപ്പെട്ട വിദ്യാഭ്യാസ രംഗം ഒരുക്കാൻ നമ്മെ സഹായിക്കും.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നാലാമത്തേത് (SDG 4) എല്ലാവർക്കും തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ജീവിതകാലം മുഴുവൻ പഠിക്കാനുള്ള അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ്. 2030-ഓടെ ഈ ലക്ഷ്യം കൈവരിക്കാനുള്ള ആഗോളശ്രമങ്ങൾ പുരോഗമിക്കുമ്പോൾ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസാനുഭവം അതിന്റെ അടിസ്ഥാനതത്വങ്ങളുമായി ചേർന്നുനിൽക്കുന്ന ഒന്നായി മാറണം.

വിദ്യാഭ്യാസത്തിലെ തുല്യത

വിദ്യാഭ്യാസത്തിലെ തുല്യത എന്നത് എല്ലാ



വർക്കും ഒരേ സൗകര്യം നൽകുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പഠനത്തിൽ മുന്നേറാൻ ആവശ്യമായ അധികപിന്തുണ നൽകുക, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തടസ്സങ്ങളില്ലാത്ത പഠനാന്തരീക്ഷം ഒരുക്കുക, ലിംഗവിവേചനവും സാമൂഹികമായ പുറന്തള്ളലും ഇല്ലാതാക്കുക എന്നിവയും അതിന്റെ ഭാഗമാണ്. വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിക്കും പഠിക്കാനും സ്വന്തം കഴിവുകൾ വികസിപ്പിക്കാനും കഴിയുന്നതിനുള്ള അവസരം ലഭിക്കുന്നുണ്ടോ എന്നതാണ് നിർണായകമായ ചോദ്യം.

വിദ്യാഭ്യാസം തൊഴിൽ നേടാനുള്ള ഉപാധി മാത്രമല്ല. മനുഷ്യാവകാശങ്ങൾ, സമാധാനം, പരിസ്ഥിതിബോധം, സാംസ്കാരിക വൈവിധ്യത്തോടുള്ള ആദരവ്, ഉത്തരവാദിത്വമുള്ള ആഗോളപൗരത്വം എന്നിവ ഒരു വ്യക്തിയിൽ വികസിപ്പിക്കുന്നതും അതിന്റെ ലക്ഷ്യമാണ്. കാലാവസ്ഥാവ്യതിയാനം, അസമത്വം, സംഘർഷങ്ങൾ, സാങ്കേതികവിദ്യയുടെ അനിയന്ത്രിതമായ വളർച്ച തുടങ്ങിയ ആഗോള വെല്ലുവിളികളെ മനസ്സിലാക്കാനും അവയോട് ഉത്തരവാദിത്വപൂർവം പ്രതികരിക്കാനും കഴിയുന്ന തലമുറയെ വളർത്തുന്നതിൽ വിദ്യാഭ്യാസത്തിന് നിർണായക പങ്കുണ്ട്.

ഈ വിശാലമായ അർഥത്തിൽ പൊതുവിദ്യാഭ്യാസത്തെ കാണുമ്പോൾ, കേരളത്തിന്റെ അടുത്തഘട്ടം നിർണായകമാണ്. നിലവിലെ അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വിപുലീകരിക്കണം. ഒരോ കുട്ടിയെയും പഠനത്തിന്റെ ആഴത്തിലേക്കും സാമൂഹികബോധത്തിന്റെ വളർച്ചയിലേക്കും വികസിപ്പിക്കുക എന്നതാവണം അതിന്റെ ലക്ഷ്യം.

പകർത്തേണ്ടത് തത്വങ്ങൾ

നമ്മൾക്ക് ലോകത്തിൽ നിന്ന് പഠിക്കാനുള്ളതു പോലെ ലോകത്തിന് കേരളത്തിൽ നിന്ന് പഠിക്കാനുള്ളത് ചിലതു കൂടിയുണ്ട്. വിദ്യാഭ്യാസരംഗത്ത് ലോകത്തിലെ വിവിധ രാജ്യങ്ങൾ വ്യത്യസ്ത അനുഭവങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. ഫിൻലൻഡ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ അധ്യാപകശാക്തീകരണവും പഠനരീതികളും, ചില കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസവും, മറ്റുചില രാജ്യങ്ങളിൽ നടപ്പാക്കുന്ന ഏവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസരീതികളും കേരളത്തിന് പഠിക്കാവുന്ന മേഖലകളാണ്. അതുപോലെ, അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ വ്യാപ്തി വർധിപ്പിക്കാനും പൊതുവിദ്യാലയങ്ങളെ സാമൂഹികമാറ്റത്തിന്റെ കേന്ദ്രങ്ങളാക്കാനും കേരളത്തിനുണ്ടായ അനുഭവം മറ്റ് സമൂഹങ്ങൾക്കും ഉപയോഗിക്കാം എന്ന കാര്യം പ്രസക്തമാണ്.

ഇവിടെ പകർത്തേണ്ടത് ഒരു പ്രത്യേക ഭരണരീതിയല്ല; അതിനു പിന്നിലെ തത്വങ്ങളാണ്. വിദ്യാഭ്യാസത്തിൽ ദീർഘകാല പൊതുനിക്ഷേപം, പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തം, പിന്നാക്കവിഭാഗങ്ങളോടുള്ള ഉത്തരവാദിത്വം, അധ്യാപകരുടെ പ്രാധാന്യം, പൊതുസ്ഥാപനങ്ങളിലുള്ള വിശ്വാസം എന്നിവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത രീതികളിൽ പ്രയോഗിക്കാവുന്ന തത്വങ്ങളാണ്.

ഒരു കുട്ടിയും പിന്നിലാകരുത് എന്ന ലക്ഷ്യത്തിൽനിന്ന് ഓരോ കുട്ടിക്കും മുന്നേറാൻ കഴിയണം എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ അടുത്ത അധ്യായം. ആ യാത്രയുടെ വിജയമാണ് ഇന്ത്യയ്ക്കും ലോകത്തിനും മുന്നിൽ കേരളത്തിന് അവതരിപ്പിക്കാവുന്ന ഏറ്റവും പ്രസക്തമായ മാതൃക

അതേസമയം, ഉയർന്ന സാക്ഷരതയും സ്കൂൾപ്രവേശനവും സ്വാഭാവികമായി ഉയർന്ന പഠനനിലവാരം ഉറപ്പാക്കണമെന്നില്ല. അടിസ്ഥാനശേഷികൾ, വിമർശനാത്മക ചിന്ത, സർഗാത്മകത, പ്രശ്നപരിഹാരം, ശാസ്ത്രീയ മനോഭാവം എന്നിവ കുട്ടികൾ

എത്രത്തോളം കൈവരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് വിദ്യാഭ്യാസത്തിന്റെ യഥാർഥ ഫലം വിലയിരുത്തേണ്ടത്. ഈ തിരിച്ചറിവ് കേരളത്തിന്റെ വിദ്യാഭ്യാസനയത്തിന്റെ തുടർവികസനത്തിന് നിർണായകമാണ്.

പൊതുവിദ്യാഭ്യാസത്തിന്റെ അടുത്തഘട്ടം

കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ അടുത്തഘട്ടം മൂന്ന് പ്രധാന ചോദ്യങ്ങളെ അഭിമുഖീകരിക്കണം: ഓരോ കുട്ടിയും ഫലപ്രദമായി പഠിക്കുന്നുണ്ടോ? സാമൂഹികവും സാമ്പത്തികവുമായ വ്യത്യാസങ്ങൾ പഠനത്തെ ബാധിക്കുന്നുണ്ടോ? മാറുന്ന ലോകത്തിന് ആവശ്യമായ അറിവും കഴിവുകളും വിദ്യാലയങ്ങൾ വളർത്തുന്നുണ്ടോ?

ഡിജിറ്റൽ ക്ലാസ്മുറികളും വിവരസാങ്കേതികവിദ്യയും പഠനത്തെ കൂടുതൽ ആകർഷകവും സ്വീകാര്യവുമാക്കാൻ സഹായിക്കും. എന്നാൽ ഉപകരണങ്ങളുടെ ലഭ്യതയും യഥാർഥ പഠനനേട്ടവും രണ്ടാണ്. ഡിജിറ്റൽ സൗകര്യങ്ങൾ ഇല്ലാത്തതോ പരിമിതമായതോ ആയ വീടുകളിലെ കുട്ടികൾ പിന്നിലാകുന്നില്ലെന്ന് ഉറപ്പാക്കണം. സാങ്കേതികവിദ്യ അധ്യാപകന്റെ സ്ഥാനത്ത് വരുന്നതിനു പകരം അധ്യാപനത്തെ ശക്തിപ്പെടുത്തുന്ന ഉപാധിയായി അതിനെ മാറ്റണം.

നിർമിതബുദ്ധിയുടെ വ്യാപനം ഈ ചർച്ചയ്ക്ക് പുതിയ മാനങ്ങൾ നൽകുന്നു. വിവരങ്ങൾ ശേഖരിക്കാനും ഉത്തരങ്ങൾ കണ്ടെത്താനും യന്ത്രങ്ങൾക്ക് കഴിയുന്ന ഇക്കാലത്ത്, വിവരങ്ങളുടെ വിശ്വാസ്യത പരിശോധിക്കാനും തെളിവുകളെ വിലയിരുത്താനും സ്വതന്ത്രമായി ചിന്തിക്കാനും കഴിയുന്ന കുട്ടികളെയാണ് വിദ്യാഭ്യാസത്തിലൂടെ വളർത്തേണ്ടത്. നിർമിതബുദ്ധിയുടെ ഉത്തരവാദിത്വപരമായ ഉപയോഗം, ഡിജിറ്റൽ സാക്ഷരത, സ്വകാര്യത, സാങ്കേതികവിദ്യയുടെ നൈതികത എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാകണം.

നിർമിതബുദ്ധിയും ഓട്ടോമേഷനും ചില തൊഴിൽമേഖലകളിൽ മനുഷ്യാധ്വാനത്തിന്റെ ആവശ്യം കുറയ്ക്കുകയും മറ്റു മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഈ മാറ്റത്തിന്റെ വ്യാപ്തിയും വേഗവും എല്ലായിടത്തും ഒരുപോലെയായിരിക്കില്ല. അതിനാൽ, നിലവിലുള്ള തൊഴിലുകൾക്കായി മാത്രം കുട്ടികളെ പരിശീലിപ്പിക്കുന്നതിനു പകരം മാറുന്ന സാഹചര്യങ്ങളിൽ പുതിയ നൈപുണികൾ ആർജിക്കാനും തൊഴിൽ മേഖലകൾ മാറുമ്പോൾ അതിനനുസരിച്ച് മുന്നേറാനും അവരെ പ്രാപ്തരാക്കണം.

ശാസ്ത്രം, ഗണിതം, ഭാഷകൾ, തൊഴിൽനൈപുണികൾ, സംരംഭകത്വം, കലകൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന പഠനരീതികൾക്ക് ഇവിടെ പ്രാധാന്യമുണ്ട്. അതോടൊപ്പം, സാങ്കേതികവിദ്യയുടെ നേട്ടങ്ങളും അതിന്റെ സാമൂഹിക പ്രത്യാഘാതങ്ങളും വിമർശനബുദ്ധിയോടെ വിലയിരുത്താനുള്ള കഴിവും കുട്ടികളിൽ വളർത്തണം. തൊഴിൽസന്നദ്ധതയെ വിദ്യാഭ്യാസത്തിന്റെ ഏക ലക്ഷ്യമാക്കാതെ, പുതിയ സാഹചര്യങ്ങളിൽ പഠിക്കാനും സ്വയം മാറാനും മറ്റുള്ളവരുമായി സഹകരിക്കാനും കഴിയുന്ന വ്യക്തികളെ വളർത്തുകയാണ് വേണ്ടത്.

ഇതിനായി അധ്യാപകരുടെ തുടർപരിശീലനം, വിദ്യാർത്ഥികൾക്ക് സമയോചിതമായ പഠനപിന്തുണ, പഠനഫലങ്ങളുടെ ശാസ്ത്രീയമായ വിലയിരുത്തൽ, കുട്ടികളുടെ മാനസികക്ഷേമം എന്നിവയ്ക്ക് മുൻഗണന നൽകണം. വിദ്യാഭ്യാസത്തിൽ ആരും പുറന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതോടൊപ്പം, ഓരോ കുട്ടിക്കും സ്വന്തം കഴിവിന്റെ പരമാവധി കൈവരിക്കാനുള്ള അവസരവും ലഭിക്കണം.

വളർത്താൻ കഴിയുന്നുണ്ടോ എന്നതാണ് ശരിയായ വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട മാനദണ്ഡം.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മാതൃകയ്ക്ക് ലോകത്തോട് പങ്കുവയ്ക്കാനുള്ള ഏറ്റവും വലിയ സന്ദേശം ഇതാണ്: വിദ്യാഭ്യാസം സമൂഹത്തിലെ ചിലർക്ക് ലഭിക്കുന്ന വ്യക്തിഗത നേട്ടമല്ല; എല്ലാവരുടെയും കഴിവുകൾ വികസിപ്പിക്കുന്ന പൊതുസമ്പത്താണ്. ഈ അവകാശത്തെ സംരക്ഷിക്കുമ്പോഴും പഠനത്തിന്റെ ഗുണമേന്മ നിരന്തരം മെച്ചപ്പെടുത്തുകയും പുതിയ വെല്ലുവിളികളെ വിമർശനബുദ്ധിയോടെ നേരിടുകയും വേണം.

വിദ്യാഭ്യാസം സമഗ്രതയിലേക്കും സുസ്ഥിരതയിലേക്കും നയിക്കണമെങ്കിൽ അറിവും നൈപുണിയും സാമൂഹിക ഉത്തരവാദിത്വവും ഒരുമിച്ച് വളരണം. നിർമിതബുദ്ധിയുടെ



അറിവും നൈപുണിയും സാമൂഹിക ഉത്തരവാദിത്വവും

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ എൺപതാം വർഷത്തിലേക്കുള്ള യാത്രയിൽ വിദ്യാഭ്യാസത്തിന്റെ വിജയമെന്നത് വിദ്യാലയങ്ങളുടെ എണ്ണത്തിലോ സാക്ഷരതയുടെ കണക്കുകളിലോ മാത്രം അളക്കാനാവില്ല. സമത്വബോധമുള്ള, ശാസ്ത്രീയമായി ചിന്തിക്കുന്ന, ജനാധിപത്യത്തെ വിലമതിക്കുന്ന, ലോകത്തെ മനസ്സിലാക്കുകയും അതിന്റെ പ്രശ്നങ്ങളിൽ ഉത്തരവാദിത്വത്തോടെ ഇടപെടുകയും ചെയ്യുന്ന പൗരന്മാരെ സാങ്കേതികവിദ്യയെ വിവേകത്തോടെ ഉപയോഗിക്കാനും അതിന്റെ നേട്ടങ്ങൾ നീതിപൂർവം പങ്കിടാനും കഴിയുന്ന വ്യക്തിയായി വളർത്തുകയാണ് വിദ്യാഭ്യാസത്തിന്റെ ദൗത്യം.

ഒരു കുട്ടിയും പിന്നിലാകരുത് എന്ന ലക്ഷ്യത്തിൽനിന്ന് ഓരോ കുട്ടിക്കും മുന്നേറാൻ കഴിയണം എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ അടുത്ത അധ്യായം. ആ യാത്രയുടെ വിജയമാണ് ഇന്ത്യയും ലോകത്തിനും മുന്നിൽ കേരളത്തിന് അവതരിപ്പിക്കാവുന്ന ഏറ്റവും പ്രസക്തമായ മാതൃക. ■

അരുൺ കെ വിജയൻ ഐ എ എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ



ഭിന്നശേഷിയുള്ള ഓരോ കുട്ടിക്കും സ്വന്തം സമൂഹത്തിൽ മാന്യതയോടെയും സുരക്ഷയോടെയും ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടാനും വിദ്യാലയത്തിന്റെ സമസ്ത പ്രവർത്തനങ്ങളിലും പൂർണമായി പങ്കാളിയാകാനും അവസരമൊരുക്കുക എന്നതാണ് ഭിന്നശേഷി സൗഹൃദ വിദ്യാലയം' എന്ന നയത്തിന്റെ ലക്ഷ്യം.



ഉൾച്ചേരലിന്റെ കരുത്തായി ഭിന്നശേഷിസൗഹൃദ വിദ്യാലയങ്ങൾ

ഓരോ കുട്ടിക്കും പഠിക്കാനും വളരാനും സ്വന്തം കഴിവുകൾ വികസിപ്പിക്കാനും അന്തസ്സോടെ ജീവിക്കാനും തുല്യാവസരം ഉറപ്പാക്കുക എന്നത് പൊതുവിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഉത്തരവാദിത്വമാണ്. കുട്ടികളുടെ വൈവിധ്യങ്ങളെ അംഗീകരിക്കുകയും അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പഠനസാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുമ്പോഴാണ് വിദ്യാഭ്യാസം യഥാർഥത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്നതാകുന്നത്. ഈ കാഴ്ചപ്പാടിന് കൂടുതൽ വ്യക്തതയും ദിശാബോധവും നൽകുന്നതാണ് പൊതുവിദ്യാഭ്യാസ വകുപ്പ് രൂപപ്പെടുത്തിയിട്ടുള്ള 'ഭിന്നശേഷി സൗഹൃദ വിദ്യാലയം' എന്ന കരട് നയരേഖ. ഭിന്നശേഷിയുള്ള ഓരോ കുട്ടിക്കും സ്വന്തം സമൂഹത്തിൽ മാന്യതയോടെയും സുരക്ഷയോടെയും ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടാനും വിദ്യാലയത്തിന്റെ സമസ്തപ്രവർത്തനങ്ങളിലും പൂർണ്ണമായി പങ്കാളിയാകാനും അവസരമൊരുക്കുക എന്നതാണ് ഈ നയത്തിന്റെ ലക്ഷ്യം.

ഭിന്നശേഷിസൗഹൃദലോകം എന്ന ആശയം പ്രായോഗികമാക്കുന്നതിനുള്ള കർമപഥത്തിലാണ് നാമുള്ളത്. എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുകയും വൈവിധ്യങ്ങളെ അംഗീകരിക്കുകയും ചെയ്യുന്ന സ്വതന്ത്രമായൊരു ലോകം എന്നും പുരോഗമനപരമായിരിക്കും. നമ്മെക്കുറിച്ചുമാത്രമല്ല, മറ്റുള്ളവരുടെ നന്മയെയും ക്ഷേമത്തെയും കുറിച്ചും ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുമ്പോഴാണ് മാനവികമായ ജീവിതം സമ്പൂർണാർത്ഥത്തിൽ ഫലപ്രദമാകുന്നത്. മനുഷ്യർക്ക് സഹജമായതും സ്വായത്തമാക്കിയതുമായ നിരവധി കഴിവുകളുണ്ട്. അവയുടെ മേന്മ അവകാശപ്പെട്ടുകൊണ്ട് അവ ആർജിക്കാൻ കഴിയാതെപോയവരെ അകറ്റിനിർത്തുന്നത് പരിഷ്കൃതമായ ഒരു സമൂഹത്തിന്റെ പ്രവണതയല്ല. സമാദരവും സമതാബോധവുമാണ് സമൂഹജീവിയായ മനുഷ്യനിൽ അങ്കുരിക്കേണ്ട അടിസ്ഥാനഭാവങ്ങൾ. ഇത് നമ്മുടെ വിദ്യാലയങ്ങളിൽ നിന്ന് ആർജിക്കേണ്ട പ്രാഥമികപാഠവും ജീവിതത്തിലുടനീളം പുലർത്തേണ്ട അനുഭവപാഠവുമാണ്.

എല്ലാവർക്കും വിദ്യാഭ്യാസം; അവസരങ്ങൾ തുല്യം

ക്ഷേമരാഷ്ട്ര സങ്കല്പത്തിന്റെ മാനദണ്ഡങ്ങളിലൊന്ന് അവിടത്തെ വിദ്യാഭ്യാസ പുരോഗതിയാണ്. ജനിച്ചുവീഴുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായ വിദ്യാഭ്യാസത്തിന് അർഹതയുണ്ട്. അത് നൽകാൻ അവിടത്തെ ഭരണസംവിധാനത്തിന് ഉത്തരവാദിത്വവു

മുണ്ട്. സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ നമ്മുടെ രാജ്യം മുന്നിലാണെങ്കിലും എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊണ്ടുകൊണ്ടുള്ള വിദ്യാഭ്യാസപ്രക്രിയയിൽ സമ്പൂർണ്ണമായ സ്ഥിതി ആർജ്ജിച്ചെടുക്കാൻ നമുക്കിനിയും സാധിച്ചിട്ടില്ല. കുട്ടികളിൽ ചിലർ പ്രത്യേക പരിഗണന അർഹിക്കുന്നവരാണെന്നും അവർക്ക് സവിശേഷമായ പഠനരീതികൾ സംവിധാനം ചെയ്യണമെന്നുമുള്ള കാര്യങ്ങളിൽ നാം ശ്രദ്ധവച്ചു തുടങ്ങുന്നതു തന്നെ അടുത്ത കാലത്താണ്. അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞതോടുകൂടി നിർണ്ണായകമായ ഇടപെടലുകൾ നടത്താനും നിരവധി നാഴികക്കല്ലുകൾ പിന്നിടാനും നമുക്ക് കഴിഞ്ഞു. നമ്മുടെ മാനവികതാബോധത്തിനും ശാസ്ത്രവികാസത്തിനും ഇതിൽ വലിയ പങ്കുണ്ട്.

സാക്ഷരതയിലും ബൗദ്ധികതയിലും വളരെ



അർഷിത് വർഗീസ്, ക്ലാസ്സ് - 7, എം റ്റി എസ് യു പി എസ്, നന്നംമുക്ക്, മലപ്പുറം

കേരളത്തിലെ ഓരോ ഭിന്നശേഷിയുള്ള കുട്ടിക്കും സ്വന്തം സമൂഹത്തിൽ മാന്യതയോടെയും സുരക്ഷയോടെയും ഗുണമേന്മയോടെ പഠിക്കാനും വളരാനും മുഴുവൻ വിദ്യാലയ പ്രവർത്തനങ്ങളിലും പൂർണ്ണമായി പങ്കാളിയാകാനും നയരേഖയിലൂടെ സംസ്ഥാനം തുല്യാവസരം ഉറപ്പാക്കും

ഭ്യാസ-തൊഴിൽ മേഖലകളിൽ നിന്നുള്ള പുറന്തള്ളൽ, അവഗണന, ഒഴിവാക്കൽ മുതലായവയും അവർക്ക് പ്രത്യക്ഷത്തിൽ അനുഭവിക്കേണ്ടി വരുന്നു. ഇത് നാം തിരിച്ചറിഞ്ഞ് ഫലപ്രദമായി ഇടപെടേണ്ട അതിപ്രധാന മേഖലയാണ്.

ഭിന്നശേഷി സൗഹൃദ വിദ്യാലയം: പുതിയ നയസമീപനം

ഓരോ കുട്ടിയുടെയും വൈവിധ്യത്തെ അംഗീകരിക്കുകയും അവകാശങ്ങളെയും കഴിവുകളെയും താൽപര്യങ്ങളെയും സ്വപ്നങ്ങളെയും ഒരുപോലെ മാനിക്കുകയും ചെയ്യുന്ന പൊതുവിദ്യാഭ്യാസ സംവിധാനമാണ് കേരളം ദീർഘകാലമായി പിന്തുടരുന്നത്. എല്ലാ കുട്ടികളും വ്യത്യസ്തരാണെന്നും അവരെയെല്ലാം ബഹുഭിന്നമായ തനിമകളോടെ ചേർത്ത് പിടിക്കണമെന്നും നാം മനസ്സിലാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസം സൂക്ഷ്മതയോടെയും കരുതലോടും നിർവഹിക്കേണ്ടതുണ്ടെന്നും അതിന് കാലികവും ശാസ്ത്രീയവും ശിശുസൗഹൃദവുമായ പഠനരീതികൾ അവലംബിക്കണമെന്നും നാം തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ കാഴ്ചപ്പാടിന്റെ തുടർച്ചയായാണ് പൊതു വിദ്യാഭ്യാസ വകുപ്പ് 'ഭിന്നശേഷി സൗഹൃദ വിദ്യാലയം' എന്ന കരട് നയരേഖയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

ഒരു രോഗനിർണ്ണയത്തിന്റെയോ സർട്ടിഫിക്കേഷന്റെയോ പരിധിയിലേക്ക് ചുരുക്കാതെ, കുട്ടികളുടെ യഥാർഥപ്രവർത്തനപരവും, വിദ്യാഭ്യാസപരവുമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണ സമയബന്ധിതമായി എത്തിക്കുക എന്നതാണ് ഈ നയത്തിന്റെ കേന്ദ്രസമീപനം. വിദ്യാലയ പ്രവേശനം സാധ്യമാകുന്നതോടുകൂടി

മുന്നിലുള്ള കേരളത്തിൽ ഭിന്നശേഷിസൗഹൃദപ്രവർത്തനങ്ങൾ കാര്യക്ഷമമായാണ് നടന്നുവരുന്നത്. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ജനസംഖ്യയുടെ ആറിലൊന്ന് പേർ ഭിന്നശേഷിക്കാരാണ്. ലോകത്താകമാനം 130 കോടി ആളുകളാണ് ശാരീരികമോ ബൗദ്ധികമോ ആയ വെല്ലുവിളികൾ നേരിട്ടുകൊണ്ട് ജീവിക്കുന്നത്. ഇതിൽ പത്ത് കോടിയിലധികം പേർ കുട്ടികളാണ്. ഇന്ത്യൻ ജനസംഖ്യയുടെ എട്ട് ശതമാനത്തോളം ആളുകൾ വിവിധതരം വെല്ലുവിളികൾ നേരിടുന്നവരാണ്. കേരളത്തിൽ പത്തുലക്ഷത്തിലധികം ഭിന്നശേഷിക്കാരുണ്ടെന്നാണ് കണക്ക്. കേൾവി, കാഴ്ച, ചലനപരിമിതി അനുഭവിക്കുന്നവരാണ് ഭൂരിപക്ഷവും. ഭിന്നശേഷിക്ക് പുറമെ, ശാരീരികാരോഗ്യവുമായി ബന്ധപ്പെട്ട അനേകം പ്രശ്നങ്ങളും ഇവർക്ക് നേരിടേണ്ടി വരുന്നു. ദാരിദ്ര്യം, വിവേചനം, വിദ്യാ



ആലിയ പർവീൺ, ക്ലാസ് 5, സെയിന്റ് റോക്സ്, എച്ച് എസ് , തോപ്പ്



അലീന റൊസാരിയോ, ക്ലാസ് 10, സെന്റ് മാത്യൂസ് ഹൈ സ്കൂൾ പൊഴിയ

ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാകുന്നില്ല. പഠനത്തിലെ പുരോഗതി, ആശയവിനിമയം, സൗഹൃദബന്ധങ്ങൾ, കലാകായിക-സാമൂഹിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം, മാനസികവും സാമൂഹികവുമായ ക്ഷേമം, ഉപരിപഠനത്തിലേക്കും തൊഴിൽ ജീവിതത്തിലേക്കുമുള്ള പരിവർത്തനം തുടങ്ങിയവയെല്ലാം വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകങ്ങളും ലക്ഷ്യങ്ങളുമായാണ് ഈ നയരേഖ കാണുന്നത്.

പ്രവേശനക്ഷമമായ കെട്ടിടങ്ങളും പഠനവിഭവങ്ങളും ഒരുക്കുന്നതോടൊപ്പം അവ ഉപയോഗിക്കാൻ കഴിയുന്ന അധ്യാപകപിന്തുണയും കുട്ടിയുടെ ആശയവിനിമയരീതിയെ മാനിക്കുന്ന ക്ലാസ്മുറിയും സഹപാഠിബന്ധങ്ങളും സുരക്ഷിതമായ യാത്രയും അനുയോജ്യമായ മൂല്യനിർണ്ണയവും ആവശ്യമാണ്. അതിനാൽ ഭൗതികവും ഡിജിറ്റലുമായ പ്രവേശനക്ഷമത, ബ്രെയിൽ (Braille), ഇന്ത്യൻ ആംഗ്യഭാഷ, ബദൽ-വർധിത ആശയവിനിമയം (AAC), സഹായസാങ്കേതികവിദ്യ, യുക്തിസഹമായ ക്രമീകരണങ്ങൾ എന്നിവയെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരഘടകങ്ങളായി ഈ നയരേഖ അവതരിപ്പിക്കുന്നു.

പ്രീപ്രൈമറി മുതൽ ഹൈസ്കൂൾ തലം വരെ കുട്ടിയുടെ പഠനപാത തുടർച്ചയുള്ളതാകണം. ആദ്യഘട്ട തിരിച്ചറിയലും ഇടപെടലും, പഠനപിന്തുണ, കുടുംബവുമായി ചേർന്നുള്ള ആസൂത്രണം, ആരോഗ്യമേഖലയിലേക്കോ പുനരധിവാസ സേവനങ്ങളിലേക്കോ ആവശ്യമായ റഫറൽ, ഉപരിപഠനത്തിലേക്കും തൊഴിൽ ജീവിതത്തിലേക്കുമുള്ള പരിവർത്തനത്തിനായുള്ള മുന്നൊരുക്കം എന്നിവ ഒരേ ദിശയിൽ സഞ്ചരിക്കണം. കുട്ടിയുടെ സർട്ടിഫിക്കേഷൻ നില കാത്തുനിൽക്കാതെ വിദ്യാഭ്യാസ പിന്തുണ സമയബന്ധിതമായി ആരംഭിക്കണമെന്ന സമീപനവും ഈ നയത്തിന്റെ ഭാഗമാണ്. പൊതുവിദ്യാഭ്യാസം സമൂഹത്തിലെ വ്യത്യസ്ത കുട്ടായ്മകളുടെ കൂട്ടായ ഉത്തരവാദിത്വമാണ്. ഭിന്നശേഷിയുള്ള കുട്ടികളുടെ അവകാശങ്ങളുടെ നിർണ്ണയവും നിർവഹണവും പൊതുപ്രവർത്തനമായി മാറണം. എന്നാലേ, അത് എല്ലാ കുട്ടികൾക്കും ഇടപെടാനാകുന്ന, എല്ലാവരും ഗുണഭോക്താക്കളാകുന്ന വിദ്യാലയാന്തരീക്ഷത്തിന് വഴി തെളിക്കൂ.

'ഒരു കുട്ടി - ഒരു ഏകോപിത പിന്തുണാപാത, അവകാശങ്ങളിൽ തുല്യത, പിന്തുണയിൽ വ്യക്തിഗത പരിഗണന, വിദ്യാഭ്യാസത്തിൽ പൂർണ്ണപങ്കാളിത്തം' എന്നതാണ് ഭിന്നശേഷി സൗഹൃദ വിദ്യാലയ നയരേഖയുടെ കേന്ദ്രവാക്യം. കേരളത്തിലെ ഓരോ ഭിന്നശേഷിയുള്ള കുട്ടിക്കും സ്വന്തം സമൂഹത്തിൽ മാന്യതയോടെയും സുരക്ഷയോടെയും ഗുണമേന്മയോടെ പഠിക്കാനും വളരാനും മുഴുവൻ വിദ്യാലയ പ്രവർത്തനങ്ങളിലും പൂർണ്ണമായി പങ്കാളിയാകാനും നയരേഖയിലൂടെ സംസ്ഥാനം തുല്യാവസരം ഉറപ്പാക്കും. 'ഭിന്നശേഷി സൗഹൃദ വിദ്യാലയം' എന്ന കേരളത്തിന്റെ ദർശനം ഒരു പ്രത്യേക പദ്ധതിയുടെ പേര് മാത്രമല്ല. ഓരോ കുട്ടിയുടെയും അവകാശം, പ്രവേശനക്ഷമത, പഠനം, പങ്കാളിത്തം, സ്വയം നിർണ്ണയം, അന്തസ്സുറ്റ ഭാവി എന്നിവയെ അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞയാണ്.

ഓരോ കുട്ടിയുടെയും വൈവിധ്യത്തെ മാനിച്ച് വിദ്യാഭ്യാസസംവിധാനം ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും കുട്ടിക്ക് വേണ്ട പിന്തുണ കുട്ടിയുടെ അടുത്തേക്ക് എത്തിക്കുകയും ചെയ്യുന്ന കേരളമാണ് ഈ നയം ലക്ഷ്യമിടുന്നത്. ബന്ധപ്പെട്ട വകുപ്പുകളുടെ ഔദ്യോഗിക പരിശോധനയും പൊതുപങ്കാളിത്തവും പൂർത്തിയാക്കി, അവകാശങ്ങളിൽ ഉറച്ചുനിൽക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ നടപ്പാക്കലിലൂടെ ഈ നയം ഘട്ടംഘട്ടമായി യാഥാർഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭിന്നശേഷിയുള്ള ഓരോ കുട്ടിക്കും ജനനം മുതൽ പതിനെട്ട് വയസ്സുവരെ മാന്യതയോടെയും സുരക്ഷയോടെയും ജീവിക്കാനും തുല്യാവസരത്തോടെ പഠിക്കാനും ആശയവിനിമയം നടത്താനും കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും സ്വന്തം ജീവിതവുമായി ബന്ധപ്പെട്ട തീരുമാനങ്ങളിൽ പങ്കുചേരാനും ഭാവിയെ ആത്മവിശ്വാസത്തോടെ നേരിടാനും കഴിയുന്ന ശിശുകേന്ദ്രീകൃതവും അവകാശാധിഷ്ഠിതവുമായ പൊതുവിദ്യാഭ്യാസസംസ്കാരമാണ് കേരളം ഇതുവഴി ശക്തിപ്പെടുത്തുന്നത്.

ഓരോ കുട്ടിക്കും അനുയോജ്യമായ പഠനപിന്തുണ

ഓരോ ഭിന്നശേഷി വിഭാഗത്തിന്റെയും ആരോഗ്യ-വികാസ ആവശ്യങ്ങളെ അടിസ്ഥാനമാക്കി വ്യത്യസ്തമായ അധ്യയന രീതികളാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഭാഷയിലേക്കുള്ള പ്രവേശനം ഉറപ്പാക്കുന്ന ആദ്യകാല ശ്രവണപിന്തുണയും കുടുംബകേന്ദ്രീകൃത ഇടപെടലും ശക്തിപ്പെടുത്തും.

സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളുടെ ശാരീരികചലനരീതി, സംസാരവ്യത്യാസം, എഴുത്തുവേഗം എന്നിവയെ അറിവിന്റെയോ ബുദ്ധിശേഷിയുടെയോ സൂചകമാക്കാതെ പ്രവർത്തനപരമായ വിലയിരുത്തലും വ്യക്തിഗതപിന്തുണയും അടിസ്ഥാനമാക്കി പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കും.

'ഭിന്നശേഷിസൗഹൃദ വിദ്യാലയം' എന്ന കേരളത്തിന്റെ ദർശനം ഒരു പ്രത്യേക പദ്ധതിയുടെ പേര് മാത്രമല്ല. ഓരോ കുട്ടിയുടെയും അവകാശം, പ്രവേശനക്ഷമത, പഠനം, പങ്കാളിത്തം, സ്വയം നിർണ്ണയം, അന്തസ്സുറ്റ ഭാവി എന്നിവയെ അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞയാണ്



നിവേദിത, ക്ലാസ് 8, നെടുമങ്ങാട് ജി ജി എച്ച് എസ്

ബൗദ്ധികവികാസവുമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികൾ, പഠനവൈകല്യമുള്ള കുട്ടികൾ (എസ്എൽഡി), ബോർഡർലൈൻ ഇന്റലക്ച്വൽ ഫങ്ഷനിങ് (ബിഐഎഫ്) ഉള്ള കുട്ടികൾ, എഡിഎച്ച്ഡി ഉള്ള കുട്ടികൾ, ഒന്നിലേറെ ഭിന്നശേഷികളുള്ള കുട്ടികൾ, ബധിരാന്ധതയുള്ള കുട്ടികൾ, സംസാര-ഭാഷാഭിന്നശേഷിയുള്ള കുട്ടികൾ, ദീർഘകാല അനാരോഗ്യാവസ്ഥകളും നാഡീവ്യൂഹ, നാഡീപേശി, രക്ത സംബന്ധമായ രോഗാവസ്ഥകളും ഉള്ള കുട്ടികൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികളുടെ ആവശ്യകതയ്ക്കനുസൃതമായ വ്യക്തിഗത വിദ്യാഭ്യാസ-ആരോഗ്യപിന്തുണാപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുടെ വ്യക്തിഗതആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അനുയോജ്യമായ പഠനരീതികളും ആരോഗ്യപിന്തുണയും ഉറപ്പാക്കുന്നതിലൂടെ വിദ്യാഭ്യാസപ്രക്രിയകൂടുതൽഫലപ്രദമാക്കാനാകും. ഓരോ കുട്ടിക്കും സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പഠനത്തിൽ മുന്നേറാനും അനുയോജ്യമായ സാഹചര്യമൊരുക്കുകയാണ് ഈ സമീപനത്തിന്റെ ലക്ഷ്യം.

ഏകോപിത പ്രവർത്തനത്തിലൂടെ സൗഹൃദവിദ്യാലയങ്ങൾ

പൊതുവിദ്യാഭ്യാസം പൊതുസമൂഹത്തിന്റെയാകെ ഉത്തരവാദിത്വമായതിനാൽ സമൂഹത്തിലെ പൊതുഘടകങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിത പങ്കാളിത്തത്തോടെയാണ് ഭിന്നശേഷിസൗഹൃദ വിദ്യാലയപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

ദൈനംദിന പഠനത്തിനും ക്ലാസ് പങ്കാളിത്തത്തിനും പൊതുവിദ്യാലയ അധ്യാപകർ നേതൃത്വം വഹിക്കും. സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തും. അത് പൊതുക്ലാസിന് പകരമാകാത്ത രീതിയിൽ പഠനത്തെ ശക്തിപ്പെടുത്തുന്ന ഉപദേശപിന്തുണ, സഹാധ്യാപനം, ലക്ഷ്യബോധമുള്ള പ്രത്യേക പിന്തുണ തുടങ്ങിയ രീതികളിൽ ക്രമീകരിക്കും.


രക്ഷാകർതൃ-കുടുംബ പങ്കാളിത്തം പദ്ധതിയിൽ ഉറപ്പാക്കും. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം സൗഹൃദപരമായ വിദ്യാലയാന്തരീക്ഷവും ഒരുക്കും. എല്ലാ കുട്ടികൾക്കും കലകൾ ആസ്വദിക്കാനും പഠിക്കാനും അവതരിപ്പിക്കാനും അംഗീകാരം നേടാനും കഴിയുന്നവിധം ഉൾച്ചേർന്ന കലാവിദ്യാഭ്യാസം പരിഷ്കരിക്കും.

മനോഭാവത്തിലെ മാറ്റമാണ് യഥാർഥ മുന്നേറ്റം

ഭിന്നശേഷിസൗഹൃദ ലോകം എന്ന ആശയത്തിന്റെ പ്രചാരകയും ഭിന്നശേഷി അവകാശ പ്രസ്ഥാനങ്ങളുടെ മുഖ്യപ്രവർത്തകയുമായിരുന്ന ജൂഡി ഹ്യൂമാൻ പറയുന്നത് ഇങ്ങനെയാണ്. 'Disabiltiy only becomes a tragedy for me when society fails to provide the things we need to lead our lives - job opportunities or barrier-free buildings, for example. It is not a tragedy to me that I am living in a wheelchair'

ഭിന്നശേഷിക്കാരെ കൂടി പരിഗണിക്കാതെ ഒരു സമൂഹം നിർമ്മിക്കപ്പെടുമ്പോഴാണ് അതൊരു ദുരന്തമായിത്തീരുന്നത്. അവരെ കൂടി ചേർത്തുപിടിച്ച് കൊണ്ടുള്ള പൊതുസമൂഹം കെട്ടിപ്പടുക്കുന്നതിൽ നമുക്കിപ്പോൾ ഏറെ ജാഗ്രതയുണ്ട്. ഭിന്നശേഷി മനുഷ്യരുടെ അവകാശങ്ങളും, അന്തസ്സാർന്ന ജീവിതവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 1992 മുതൽ ഐക്യരാഷ്ട്രസഭ ഡിസംബർ 3 ലോക ഭിന്നശേഷി ദിനമായി ആചരിച്ച് വരുന്നു. 2016-ൽ സവിശേഷ വെല്ലുവിളികൾ നേരിടുന്ന മനുഷ്യരുടെ അവകാശനിയമം (റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റി ആക്ട്) ഇന്ത്യൻ പാർലമെന്റ് പാസാക്കി. ഭരിപക്ഷഹിതത്തിനനുസൃതമായി ലോകത്തെ രൂപകൽപന ചെയ്ത രീതി അതോടെ പുന:പരിശോധിക്കപ്പെട്ടു. അവരെ സംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്ന വാക്കുകൾ പോലും പരിണമിക്കപ്പെട്ടു. വികലാംഗരിൽ നിന്ന് ഭിന്നശേഷിക്കാരിലേക്കും വെല്ലുവിളികൾ നേരിടുന്ന മനുഷ്യരിലേക്കുമുള്ള മാറ്റം ചെറിയ കാര്യമല്ല. 'ഭൗതികസൗകര്യങ്ങളുടെയും മനോഭാവങ്ങളുടെയും തടസ്സങ്ങൾ കാരണം പരിമിതികളുള്ള മനുഷ്യർ അനുഭവിക്കേണ്ടി വരുന്ന ജീവിതാവസ്ഥയ്ക്ക് നൽകാവുന്ന വിശേഷണമാണ് ഡിസബിലിറ്റി' എന്നാണ് യു.എൻ. വ്യാഖ്യാനിക്കുന്നത്. സമഗ്രവും ശാസ്ത്രീയവുമായ സമീപനത്തിലൂടെ പരിഹരിക്കാവുന്ന പ്രശ്നങ്ങളേ ഭിന്നശേഷി വിദ്യാർഥികളുടെ കാര്യത്തിലുള്ളൂ. അനുകൂല സാഹചര്യങ്ങൾ സൃഷ്ടിച്ചും പരിമിതികൾക്കനുസൃതമായ പഠനരീതികൾ ആവിഷ്കരിച്ചും തുല്യാവകാശ ബോധം സൃഷ്ടിച്ചും കരുതലോടെ ചേർത്ത് പിടിച്ചും നമുക്കവരെ മുഖ്യധാരയോടൊപ്പം നിർത്താൻ കഴിയും. 'ഭിന്നശേഷിസൗഹൃദ വിദ്യാലയം' എന്ന നയരേഖ മുന്നോട്ട് വയ്ക്കുന്നതും അതുതന്നെയാണ്. ■

ഭിന്നശേഷി സൗഹൃദ വിദ്യാഭ്യാസം
കരട് നയം ഒരു സമഗ്ര വായന



വിദ്യാഭ്യാസ രംഗത്ത് രാജ്യത്തിന് മാതൃകയായ കേരളം, ചരിത്രപരമായ മറ്റൊരു ചുവടുവയ്പിനൊരുങ്ങുകയാണ്. സമൂഹത്തിൽ ഏറ്റവും കൂടുതൽ പിന്തുണ ആവശ്യമുള്ള കുട്ടിക്ക് എത്രമാത്രം മാന്യതയോടും തുല്യാവസരത്തോടും കൂടി വിദ്യാലയങ്ങളിൽ പഠിക്കാനും വളരാനും കഴിയുന്നു എന്നതിലാണ് ഒരു നാടിന്റെ യഥാർഥ വിദ്യാഭ്യാസ ഗുണനിലവാരം അടങ്ങിയിരിക്കുന്നത്. ഈ ദർശനം ഉൾക്കൊണ്ടാണ് കേരള സർക്കാർ 'ഭിന്നശേഷി സൗഹൃദ വിദ്യാലയം' അഥവാ 'എനേബിൾ' കരട് നയം അവതരിപ്പിച്ചിരിക്കുന്നത്.

ഒരു കുട്ടിയെ കേവലം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ശതമാനക്കണക്കുകളിൽ തളച്ചിടാതെ, അവരുടെ പഠനപരവും പ്രവർത്തനപരവുമായ യഥാർഥ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സമയബന്ധിതമായി പിന്തുണ നൽകുക എന്നതാണ് ഈ നയത്തിന്റെ കാതൽ. 'ഒരു കുട്ടി, ഒരു ഏകോപിത പിന്തുണാപാത' എന്ന സന്ദേശം മുൻനിർത്തി, അവകാശത്തിൽ തുല്യതയും പിന്തുണയിൽ വ്യക്തിഗത പരിഗണനയും കരട് നയരേഖ ഉറപ്പുനൽകുന്നു. കാരുണ്യത്തിലധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയിൽനിന്ന് അവകാശാധിഷ്ഠിതമായ ഒരു വിശാല സാമൂഹിക മാതൃകയിലേക്കുള്ള വലിയൊരു മാറ്റമാണിത്.

ഈ സുപ്രധാന വിഷയത്തിൽ വിദ്യാഭ്യാസ വിദഗ്ധർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, ആരോഗ്യ പ്രവർത്തകർ തുടങ്ങി ഈ മേഖലയെ തൊട്ടറിയുന്നവർ തങ്ങളുടെ പ്രതീക്ഷകളും നിർദേശങ്ങളും പങ്കുവയ്ക്കുകയാണ് ഈ ഫീച്ചറിലൂടെ.

നിയമങ്ങളുണ്ട്; അവബോധം പ്രധാനം



പി. ടി. ബാബുരാജ്
സംസ്ഥാന ഭിന്നശേഷി കമ്മീഷണർ

സംസ്ഥാന സർക്കാർ അവതരിപ്പിച്ച 'ഭിന്നശേഷിസൗഹൃദ വിദ്യാലയം' 'എനേബിൾ' കരട് നയരേഖ കേവലമൊരു വിദ്യാഭ്യാസപദ്ധതി മാത്രമല്ല; സമൂഹത്തിന്റെ പൊതുബോധത്തിൽ വരേണ്ട വലിയൊരു മാറ്റത്തിന്റെ തുടക്കം കൂടിയാണ്. ഭിന്നശേഷിക്കാരായ കുട്ടികളുടെ അതിജീവനം, സംരക്ഷണം, ഉന്നമനം, പൂർണമായ പങ്കാളിത്തം എന്നിവ പ്രായോഗികതലത്തിൽ നടപ്പാക്കുന്നതിന് നയം ഊന്നൽ നൽകേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ശരിയായ സമയത്തുള്ള ഇടപെടലുകളാണ്. കുട്ടികളിലെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരത്തേ തിരിച്ചറിയുക, കൃത്യമായ രോഗനിർണയം നടത്തുക, ആവശ്യമായ ചികിത്സയും പരിപാലനവും ഉറപ്പാക്കുക എന്നീ അടിസ്ഥാന ഘട്ടങ്ങളിൽനിന്നാണ് ഈ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത്. ഇതിന്റെ തുടർച്ചയായാണ് വിദ്യാലയങ്ങളിലെ ഉൾച്ചേർന്ന വിദ്യാഭ്യാസവും ആവശ്യമുള്ളവർക്കുള്ള ഗൃഹാധിഷ്ഠിത വിദ്യാഭ്യാസവും സമഗ്രമായ പുനരധിവാസവും കടന്നുവരുന്നത്. നിലവിൽ ഉൾച്ചേർന്ന വിദ്യാഭ്യാസം നിരവധി പ്രതിസന്ധികളെയും പ്രായോഗിക ബുദ്ധിമുട്ടുകളെയും നേരിടുന്നുണ്ടെന്ന വസ്തുത നാം അംഗീകരിച്ചേ മതിയാകൂ. ഈ സാഹചര്യം മറികടക്കാൻ പര്യാപ്തമായ പുതിയ പൊതുവിദ്യാഭ്യാസ രീതിയാണ് പുതിയ നയത്തിൽ പ്രതീക്ഷിക്കുന്നത്.

ഭിന്നശേഷി അവകാശ നിയമം, 2016, ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കായുള്ള ദേശീയ ട്രസ്റ്റ് നിയമം, 1999 എന്നിവ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നിരവധി അവകാശങ്ങൾ ഉറപ്പുനൽകുന്നുണ്ട്. 40 ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ അഞ്ചു ശതമാനം സംവരണം നിലവിലുണ്ട്. അതുപോലെതന്നെ പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവും ഇത്തരം വിദ്യാർഥികൾക്ക് ലഭ്യമാണ്. പരീക്ഷാ സമയങ്ങളിൽ

ഇവർക്ക് അനുവദിച്ചിട്ടുള്ള അധിക സമയത്തെക്കുറിച്ചും കൃത്യമായ മാർഗരേഖയുണ്ട്. ഒൻപത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷി വിദ്യാർഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച് കൂടുതൽ വ്യക്തതയും പ്രചാരണവും നൽകേണ്ടതുണ്ട്. നൈപുണ്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ വിദ്യാലയങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങളും ആപ്ലിക്കേഷനുകളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പൊതുവിദ്യാലയങ്ങളിൽ കാര്യക്ഷമമാക്കണം. 40 ശതമാനം ഭിന്നശേഷിയുള്ള, യു ഡി ഐ ഡി കാർഡോ ആധാർ കാർഡോ ഉള്ള, കുടുംബത്തിലെ പ്രതിമാസ വരുമാനം മുപ്പതിനായിരം രൂപയിൽ കവിയാത്ത കുട്ടികൾക്ക് ഈ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. പല അധ്യാപകർക്കും പൊതുസമൂഹത്തിനും ഇത്തരം നിയമങ്ങളെക്കുറിച്ചോ അവകാശങ്ങളെക്കുറിച്ചോ വേണ്ടത്ര അറിവില്ല. ഈ അവസ്ഥയ്ക്ക് അടിയന്തരമായി മാറ്റം വരണം.

ഇതോടൊപ്പം എടുത്തുപറയേണ്ട ഒന്നാണ് കാഴ്ചപരിമിതിയുള്ള കുട്ടികൾ നേരിടുന്ന വെല്ലുവിളി. അവർക്ക് ബ്രെയ്‌ലിയിൽ തയ്യാറാക്കിയ പഠനസഹായികൾ കൃത്യമായി ലഭ്യമാകുന്നില്ല എന്നത് വലിയൊരു പോരായ്മയാണ്. ഇതിനൊരു ശാശ്വത പരിഹാരമായി അടിയന്തരമായി ഒരു ബ്രെയിലി പ്രസ്ഥാപിക്കേണ്ടതുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കിടയിൽ വലിയ തോതിൽ മാനസിക സമ്മർദവും ബുദ്ധിമുട്ടുകളും കണ്ടുവരുന്നുണ്ട്. അതിനാൽ ഭിന്നശേഷി പ്രശ്നങ്ങൾ നേരിട്ട് കൈകാര്യം ചെയ്യാൻ പ്രാപ്തമായ റിസോഴ്സ് സെന്ററുകൾ പ്രവർത്തനസജ്ജമാക്കണം. വിദ്യാലയങ്ങളിൽ കൗൺസലിംഗിനോടൊപ്പം ആവശ്യമായ സപ്പോർട്ട് സർവിസുകൾ നൽകുന്നതിനുള്ള സന്നാഹങ്ങൾ ഒരുക്കണം. ഇതിനു പുറമേ, പ്രീ-സ്കൂൾ തലം മുതൽതന്നെ കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി സപ്പോർട്ട് സെന്ററുകൾ വഴി പരിശീലനവും കൗൺസലിങും ലഭ്യമാക്കണം. ഭിന്നശേഷി നേരത്തേ കണ്ടെത്തുന്നതിനായുള്ള ഏർളി ഡിറ്റക്ഷൻ ക്യാമ്പുകൾ വ്യാപകമാക്കുകയും വേണം. ചുരുക്കത്തിൽ, ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസവും ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഒരു മികച്ച മാർഗദർശിയായി മാറാൻ 'ഭിന്നശേഷിസൗഹൃദ വിദ്യാലയം' നയത്തിന് കഴിയണം.

ഏകീകൃത മാർഗനിർദേശങ്ങൾ അനിവാര്യം

സിസിലി ജോസഫ്
ആക്ടിങ് ചെയർപേഴ്സൺ
സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ



സമൂഹത്തിൽ ഏറ്റവും കൂടുതൽ പരിഗണനയും സംരക്ഷണവും ആവശ്യമായ വിഭാഗങ്ങളിൽ ഒന്നാണ് ഭിന്നശേഷിക്കാരായ കുട്ടികൾ. ഇത്തരം കുട്ടികളെ നേരത്തേ തിരിച്ചറിഞ്ഞുള്ള ഇടപെടൽ, ഗുണമേന്മയുള്ള ആരോഗ്യപരിചരണം ഉൾച്ചേർന്ന വിദ്യാഭ്യാസം, പുനരധിവാസം, തൊഴിൽപരിശീലനം, സാമൂഹിക സംരക്ഷണം, ദുരുപയോഗങ്ങളിൽനിന്നുള്ള സുരക്ഷ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രപിന്തുണ അവർക്ക് ആവശ്യമാണ്. അതോടൊപ്പം ഈ കുട്ടികളുടെ മാതാപിതാക്കളും കുട്ടികളെ പരിചരിക്കുന്നവരും വൈകാരികവും സാമൂഹികവും സാമ്പത്തികവുമായ നിരവധി വെല്ലുവിളികൾ നേരിടുന്നതിനാൽ അവർക്കും ശക്തമായ പിന്തുണാ സംവിധാനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

ഉൾച്ചേർന്ന വിദ്യാഭ്യാസം ഓരോ ഭിന്നശേഷിക്കുട്ടിക്കും വിവേചനരഹിതവും തുല്യാവകാശാധിഷ്ഠിതവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നു. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭിന്നശേഷിക്കുട്ടികൾക്ക് സുരക്ഷിതവും തടസ്സരഹിതവും പ്രാപ്യവുമായ അന്തരീക്ഷം ഉറപ്പാക്കേണ്ടത് നിയമപരമായ ബാധ്യതയാണ്. സമീപത്തുള്ള വിദ്യാലയത്തിൽ പ്രവേശനം ലഭ്യമാകുന്നത് അവർക്ക് ഏറെ സഹായകമാകും.

ഉൾച്ചേരലിന് കരുത്താകുന്ന ബഡ്ഡി

സുനിത ജി എസ്
അധ്യാപിക
മോഡൽ സ്കൂൾ,
തിരുവനന്തപുരം



ഭിന്നശേഷി സൗഹൃദ വിദ്യാലയം എന്നത് ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടി തയ്യാറാക്കിയ പ്രത്യേക വിദ്യാലയമല്ല. എല്ലാ കുട്ടികൾക്കുംവേണ്ടി, നന്നായി ചിന്തിക്കുന്ന, മനുഷ്യത്വമുള്ള ഒരു സാധാരണ വിദ്യാലയമാണ്. പാർശ്വവൽക്കരിക്കപ്പെടുന്ന ഒരു കുട്ടിപോലും അവിടെ ഉണ്ടാകില്ല. എല്ലാവർക്കും തനതായ ഇടമുള്ള ക്ലാസ്മുറിയാണ് ഇവിടം.

'എനേബിൾ' നയരേഖ നടപ്പാക്കിയാൽ ഓരോ വിദ്യാലയത്തിലും ഉണ്ടാകുന്ന മാറ്റം, പഠനം നടക്കുന്ന ഇടം എന്നതിനപ്പുറം മനുഷ്യർക്ക് ഒന്നിച്ചുജീവിക്കാൻ കഴിയുന്ന ഒരിടമായി വിദ്യാലയാന്തരീക്ഷം മാറുക എന്നതാകും. ഈ നയരേഖ ഉൾച്ചേർന്ന വിദ്യാഭ്യാസത്തെ കാരുണ്യമായല്ല, അവകാശമായി കാണുന്നു. പ്രീപ്രൈമറിതലത്തിൽ ഒരു ലേബലും പതിക്കാതെതന്നെ നേരത്തെയുള്ള തിരിച്ചറിയലും കളികളിലൂടെയുള്ള ഇടപെടലുമാണ് സാധ്യമാകുന്നത്. പ്രൈമറി തലത്തിൽ എല്ലാ കുട്ടികൾക്കും പൊതുക്ലാസിൽത്തന്നെ ലഭിക്കുന്ന പിന്തുണയാണിത്. ക്ലാസ് ടീച്ചർതന്നെ പ്രധാന പിന്തുണ നൽകുന്ന ആളായി മാറും. സ്പെഷ്യൽ എഡ്യൂക്കേഷൻ അക്കാദമിക സഹപങ്കാളിയായി കൂടെനിൽക്കും. സഹപാഠിപിന്തുണയും കുടുംബപങ്കാളിത്തവും ഇതിന്റെ ഭാഗമാണ്.

ഭിന്നശേഷി സൗഹൃദ വിദ്യാലയത്തെ ജീവനുള്ളതാക്കുന്നത് ബഡ്ഡി സംസ്കാരമാണ്. ബഡ്ഡി എന്നാൽ സഹായിയല്ല, കൂട്ടുകാരനാണ്. കരുതരേഖയിൽ പറയുന്ന ബഡ്ഡി സംസ്കാരത്തിന്റെ ആറ് പ്രത്യേകതകളാണ് പ്രൈമറി സ്കൂൾ അധ്യാപികയെന്ന നിലയിൽ എനിക്ക് ശ്രദ്ധേയമായി തോന്നിയത്. സൗഹൃദമാണ്, കാരുണ്യമല്ല; സൗഹൃദവും പരസ്പരബഹുമാനവും സഹകരണവും വിദ്യാലയത്തിലെ സ്വന്തം ഇടം എന്ന അനുഭവവും വളർത്തുന്ന സംസ്കാരം. കുട്ടിയെ സഹായിക്കേണ്ട, ഒപ്പം കളിക്കാനും പഠിക്കാനുമുള്ള തുല്യനായാണ് ബഡ്ഡിയെ കാണുന്നത്. കുട്ടിയുടെ സമ്മതത്തോടെയായിരിക്കണം ബഡ്ഡിയെ നിശ്ചയിക്കുന്നത്. കുട്ടിയുടെ സ്വകാര്യതയും സ്വാതന്ത്ര്യവും ഇല്ലാതാക്കുന്നതാകരുത്. ഒരു കുട്ടിക്കുമാത്രമായി ഒരു സ്ഥിരം ബഡ്ഡിയെ കാവൽനിർത്തുന്ന രീതിയല്ല ഇത്; മറിച്ച് റൊട്ടേഷൻ രീതിയിൽ, ഒരു ഗ്രൂപ്പുപ്രവർത്തനത്തിലൂടെ, സ്വാഭാവികമായ അന്തരീക്ഷത്തിലൂടെ എല്ലാവരും എല്ലാവരുടെയും ബഡ്ഡിയാകുന്ന സംസ്കാരമാണ്. ഇത് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടിക്കുമാത്രമല്ല നേട്ടം; ബഡ്ഡിയാകുന്ന കുട്ടിയിൽ സഹാനുഭൂതി, നേതൃത്വം, ഉത്തരവാദിത്വം, വ്യത്യസ്തതയെ ഉൾക്കൊള്ളാനുള്ള മനസ്സ് എന്നിവ വളർത്തുന്നു. ഉൾച്ചേർക്കൽകൊണ്ട് അർഥമാക്കുന്നത് ഇതാണ്.

തുല്യനീതി ഉറപ്പാക്കുന്ന മികച്ച കാൽവയ്പ്

ഷീല ജെയിംസ്
സ്പെഷ്യൽ എഡ്യൂക്കേറ്റർ
ആലുവ ബി.ആർ.സി.



സംസ്ഥാന സർക്കാരിന്റെ ഭിന്നശേഷി സൗഹൃദ വിദ്യാഭ്യാസ കരടുനയരേഖ തുല്യനീതി ഉറപ്പാക്കുന്നതിനുള്ള മികച്ചൊരു കാൽവയ്പാണ്. എന്നാൽ നയങ്ങൾക്കപ്പുറം പ്രായോഗികതലത്തിൽ ചില കർശന നടപടികൾ കൂടി സ്വീകരിക്കേണ്ടതുണ്ട്.
പ്രധാനമായും പ്രവേശനക്ഷമത ഉറപ്പാക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ല. വിദ്യാലയങ്ങൾ, ബസുകൾ, ഓഡിറ്റോറിയങ്ങൾ, മറ്റു പൊതുഇടങ്ങൾ എന്നിവയ്ക്ക് നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ കൃത്യമായ ചെരിവുള്ള ശാസ്ത്രീയമായ റാമ്പുകൾ ഉണ്ടെന്ന് കർശനമായി ഉറപ്പുവരുത്തണം. നയരേഖ വിഭാവനം ചെയ്യുന്ന 'തടസ്സരഹിത ക്യാമ്പസ്' യാഥാർഥ്യമാകാൻ ഇത്തരം നിയമങ്ങൾ അനിവാര്യമാണ്.
ഓരോ കുട്ടിയുടെയും നിലവാരത്തിനും ക്ലാസിനും അനുസൃതമായ പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കുകയും കാലാനുസൃതമായ പഠനസാമഗ്രികൾ യഥാസമയം വിദ്യാലയങ്ങളിൽ ലഭ്യമാക്കുകയും വേണം.

ഏറ്റവും പ്രധാനമായി, വിദ്യാഭ്യാസം അവരെ സ്വയംപര്യാപ്തരാക്കാൻ സഹായിക്കണം. ഇതിനായി ഓരോ പഞ്ചായത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഇവർക്കായി പ്രത്യേക തൊഴിൽപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. അനുയോജ്യമായ പരിശീലനങ്ങൾ നൽകി വരുമാനമാർഗങ്ങൾ ഉറപ്പുവരുത്തുമ്പോൾ മാത്രമേ ഈ നയം പൂർണ്ണാർഥത്തിൽ വിജയിക്കുകയുള്ളൂ.

വേണം ഭിന്നശേഷി സെൻസസ്

ഷിജി സജീവൻ ഭിന്നശേഷിക്കുട്ടിയുടെ അമ്മ,
എറണാകുളം



ഭിന്നശേഷി മേഖലയെ സംബന്ധിച്ചിടത്തോളം 2015-ലെ ഭിന്നശേഷി സെൻസസ് ഡാറ്റയാണ് ഇന്നും അവലംബരേഖ. ഡാറ്റയിലെ കൃത്യതയില്ലായ്മ പദ്ധതികളും യാഥാർഥ്യവും തമ്മിലുള്ള അന്തരം വർധിപ്പിക്കുന്നു. അതിനാൽ പുതിയ നയരൂപീകരണത്തിൽ അടിയന്തരമായി ഉൾപ്പെടുത്തേണ്ട പ്രധാന വിഷയം ഭിന്നശേഷി സെൻസസിനുള്ള നടപടികൾ വേഗത്തിലാക്കുക എന്നതാണ്.

മാതാപിതാക്കളുടെ കാലശേഷം അനാഥരാകുന്ന, സ്വന്തമായി ജീവിക്കാൻ സാധിക്കാത്ത ബൗദ്ധിക ഭിന്നശേഷിയുള്ള വ്യക്തികളുടെ സ്ഥിതി വളരെ ദയനീയമാണ്. ബൗദ്ധിക ഭിന്നശേഷിയുള്ള മക്കളെ ശരിയായ രീതിയിൽ പരിപാലിക്കാൻ ശാരീരികമായും സാമ്പത്തികമായും കെൽപില്ലാത്ത രക്ഷിതാക്കളുമുണ്ട്. ഇത്തരം വ്യക്തികളെ സംരക്ഷിക്കാനും അവരുടെ മനുഷ്യശേഷിയെ ക്രിയാത്മകമായി പ്രയോജനപ്പെടുത്താനും ജില്ലാടിസ്ഥാനത്തിൽ ആശ്രയകേന്ദ്രങ്ങൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഒപ്പം റെസ്പൈറ്റ് ഹോംസ് പദ്ധതി അടിയന്തരമായി നടപ്പാക്കുകയും വേണം. ഭിന്നശേഷി പ്രതിരോധത്തിന് ഫലപ്രദമായ കർമപദ്ധതി നയരേഖയിൽ ഉൾപ്പെടുത്തണം. വിദ്യാർഥികൾക്കും യുവജനങ്ങൾക്കും ഭിന്നശേഷിയെക്കുറിച്ചുള്ള ബോധവൽക്കരണം നൽകുന്നതിനൊപ്പം വിവാഹിതരാകുന്ന വരിലും ഗർഭിണികളിലും പ്രതിരോധത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.

ആരോഗ്യമേഖലയിൽ സ്ഥിരമായി മരുന്ന് ആവശ്യമുള്ള ഭിന്നശേഷിക്കാർക്ക് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ സമീപത്തെ സർക്കാർ ആശുപത്രികളിലൂടെ മരുന്ന്, ഡയപർ തുടങ്ങിയ അവശ്യവസ്തുക്കൾ സൗജന്യമായി നൽകുന്ന കാര്യവും പരിഗണിക്കേണ്ടതാണ്.

രക്ഷിതാക്കൾക്കും വേണം കൈത്താങ്ങ്

ഗീതു തമ്പി മാധ്യമപ്രവർത്തക,
മലപ്പുറം



ഭിന്നശേഷിക്കാരായ മക്കളുടെ തീരാനോവിനു മുന്നിൽ അടിപതറുന്ന മാതാപിതാക്കളെക്കൂടി ചേർത്തുപിടിച്ചുകൊണ്ട് വേണം സർക്കാരും സമൂഹവും മുന്നോട്ടുപോകേണ്ടത്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകുന്ന സഹായത്തോടും പിന്തുണയോടും സമാനമോ അതിലേറെയോ പ്രാധാന്യമർഹിക്കുന്നതാണ് അവരെ പരിചരിക്കുന്ന മാതാപിതാക്കൾക്ക് - പ്രത്യേകിച്ച് അമ്മമാർക്ക് - നൽകേണ്ട പിന്തുണ.

സ്വന്തമായി വരുമാനമാർഗമില്ലാതെ കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന അമ്മമാർക്കായി തദ്ദേശ സ്ഥാപനങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവ വഴി വീട്ടിലിരുന്ന് ചെയ്യാവുന്ന തൊഴിൽപദ്ധതികളും, ജോലിക്ക് പോകാൻ കഴിയാത്തവർക്ക് സാമ്പത്തികാശ്വാസ വേതനവും ഒരുക്കണം. വീൽചെയർ, വാക്കർ തുടങ്ങിയ സഹായോപകരണങ്ങൾ നിർധനർക്ക് സൗജന്യമായി വിതരണം ചെയ്യുക, ഇവ കുറഞ്ഞ ചെലവിൽ തദ്ദേശീയമായി നിർമ്മിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പദ്ധതികളും നയത്തിന്റെ ഭാഗമായി കൊണ്ടുവരുന്നത് ഉചിതമായിരിക്കും.

18 വയസ്സ് കഴിയുന്നതോടെ കുട്ടികൾക്ക് പരിശീലനകേന്ദ്രങ്ങൾ ഇല്ലാതാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുണ്ട്. വയസ്സായ മാതാപിതാക്കൾക്ക് ആശങ്കയില്ലാതെ മക്കളെ ഏൽപ്പിക്കാൻ കഴിയുന്ന സുരക്ഷിത പുനരധിവാസ കേന്ദ്രങ്ങൾ സർക്കാർ തലത്തിൽ ഒരുക്കുകയും വേണം. മാതാപിതാക്കൾക്ക് പ്രൊഫഷണൽ കൗൺസിലർമാരുടെ സേവനവും വീടുകളിലെത്തി മാനസിക പിന്തുണ നൽകുന്ന സംവിധാനവും ഏർപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഇത്തരം സമഗ്രവും മാതൃകാപരവുമായ നയങ്ങൾ ഭിന്നശേഷിക്കുട്ടികളുടെ കുടുംബങ്ങൾക്ക് വലിയ പ്രതീക്ഷയും ജീവിതസുരക്ഷയും നൽകുമെന്നുറപ്പാണ്.

ലക്ഷ്യമാക്കേണ്ടത് കുട്ടികളുടെ സമഗ്രവികസനം

ഡോ. പി. എ. മേരി അനിത ചെയർപേഴ്സൺ
സെന്റർ ഫോർ എംപവർമെന്റ് ആൻഡ് എൻറിച്ച്മെന്റ് (സിഫി)

ഭിന്നശേഷി സൗഹൃദ വിദ്യാലയം എന്ന ആശയത്തെയും



നയരേഖയെയും കേരളത്തിന്റെ നടപ്പാക്കൽ പദ്ധതിയെയും വളരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. ഭിന്നശേഷിക്കുട്ടികളുടെ സമഗ്രവികസനവും ഉന്നമനവും ജീവനകലയും ഉറപ്പാക്കുന്നതാകണം അത്. അവരുടെ ബൗദ്ധികാവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം സാമൂഹികവൽക്കരണവും പൊതുജനസ്വീകാര്യതയും മാനസിക-സാമൂഹിക ക്ഷേമവും ലക്ഷ്യമാക്കണം. ഈ നയം നടപ്പാക്കാൻ ഏറ്റവും പ്രധാനമായ പങ്കാളിത്തം ആവശ്യമായിവരുന്നത് വിദ്യാലയത്തിലെ മറ്റു കുട്ടികളുടെ മാതാപിതാക്കളിൽനിന്നും അധ്യാപകരിൽനിന്നുമാണ്.

നമ്മുടെ ഭിന്നശേഷിക്കുട്ടികൾക്ക് സമയപരിധിയില്ലാത്ത പഠനമാണ് ആവശ്യം. ജീവിതനൈപുണ്യ വികാസം, പ്രവർത്തനപരമായ കഴിവുകളുടെ വളർച്ച എന്നിവ ഇതിൽ ഉൾപ്പെടണം. കൂടാതെ സാമൂഹിക-വൈകാരിക കഴിവുകളുടെ വളർച്ചയും സ്വന്തം അവകാശങ്ങൾക്കുവേണ്ടി സംസാരിക്കാനുള്ള ശേഷിയും അവർക്ക് ലഭിക്കണം. പരിവർത്തനഘട്ടങ്ങളെ നേരിടാനുള്ള കഴിവുകൾ, വ്യക്തികൾ തമ്മിലുള്ള ആശയവിനിമയത്തിന് ഉപകരിക്കുന്ന ഇടങ്ങൾ എന്നിവയും ഉറപ്പാക്കണം. ഇന്ദ്രിയ-സമ്മർദ നിയന്ത്രണത്തിന് ഉപകരിക്കുന്ന തെറാപ്പികൾ, അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പുകൾ എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനും അതിനായി ഒരുങ്ങാനുമുള്ള പഠനമാകണം നൽകേണ്ടത്. കൂടാതെ, പഠനം അവരുടെ ആത്മവിശ്വാസവും അന്തസ്സും വർധിപ്പിക്കുന്നതിന് ഉപകരിക്കണം.

ഉൾച്ചേർന്ന വിദ്യാഭ്യാസത്തിലേക്കുള്ള ചുവടുവയ്പ്

ദൃശ്യ ഡി. ദിനേശ് ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റ്, തിരുവനന്തപുരം



ഭിന്നശേഷിയുള്ള ഓരോ കുട്ടിക്കും തുല്യമായ വിദ്യാഭ്യാസാവകാശവും പഠനത്തിൽ സജീവമായി പങ്കെടുക്കാനുള്ള അവസരവും ഉറപ്പാക്കുക എന്നത് ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യമാണ്. 'ഭിന്നശേഷി സൗഹൃദ വിദ്യാലയം' കരടു നയം ഈ ലക്ഷ്യത്തിലേക്കുള്ള പ്രധാനപ്പെട്ട ചുവടുവയ്പാണ്.

സ്പീച്ച്-ലാംഗ്വേജ് തെറാപ്പിസ്റ്റ് എന്ന നിലയിൽ, കുട്ടികളോടൊപ്പം പ്രവർത്തിക്കുമ്പോൾ, പഠനവിജയത്തിന് അക്കാദമിക പിന്തുണയ്ക്കൊപ്പം ആശയവിനിമയത്തിനും സാമൂഹിക ഇടപെടലിനും പ്രാധാന്യമുണ്ടെന്ന് അനുഭവത്തിൽനിന്ന് മനസ്സിലാക്കുന്നു. ഭാഷാ-ആശയവിനിമയ ബുദ്ധിമുട്ടുകളുള്ള കുട്ടികൾക്ക് ആവശ്യമായ പിന്തുണ ലഭിക്കാൻ മെഡിക്കൽ സർട്ടിഫിക്കറ്റുകൾക്കായി കാത്തുനിൽക്കേണ്ട സാഹചര്യം ഒഴിവാക്കുന്നത് വളരെ പ്രസക്തമാണ്.

ഭൗതിക സൗകര്യങ്ങൾക്കൊപ്പം ആശയവിനിമയ സൗഹൃദവും ഡിജിറ്റൽ ആക്സസിബിലിറ്റിയും ഉറപ്പാക്കേണ്ടതുണ്ട്. ഓഗ്മെന്റേറ്റീവ് ആൻഡ് ആൾട്ടർനേറ്റീവ് കമ്മ്യൂണിക്കേഷൻ (എ എ സി), സഹായ സാങ്കേതികവിദ്യകൾ, വിഷ്വൽ സപ്പോർട്ട്സ് തുടങ്ങിയവ കുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കാൻ സഹായിക്കും. അധ്യാപകർ, സ്പീച്ച്-ലാംഗ്വേജ് തെറാപ്പിസ്റ്റുകൾ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ, മാതാപിതാക്കൾ എന്നിവരുടെ ഏകോപിത പ്രവർത്തനത്തിലൂടെയാണ് ഓരോ കുട്ടിയുടെയും കഴിവുകളും ആവശ്യങ്ങളും തിരിച്ചറിഞ്ഞ് വ്യക്തിഗത പിന്തുണ നൽകാൻ കഴിയുക. അതിനാൽ, 'ഭിന്നശേഷിസൗഹൃദ വിദ്യാലയം' എന്നത് സൗകര്യങ്ങളുടെ മാത്രം ആശയമല്ല; ഓരോ കുട്ടിയെയും ഉൾക്കൊള്ളുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുന്ന അവകാശാധിഷ്ഠിത സമീപനമാണ്.

ആത്മാഭിമാനവും തുല്യതാ മനോഭാവവും ഒന്നിക്കുന്ന നയം

സ്റ്റാലിന അധ്യാപിക, ഗവ. യു പി സ്കൂൾ പേഴക്കാപ്പിള്ളി



വ്യത്യസ്ത ഗാർഹികാന്തരീക്ഷങ്ങളിൽനിന്നും സാമൂഹിക പരിസരങ്ങളിൽനിന്നും എത്തിച്ചേരുന്ന വിദ്യാർഥികളും അധ്യാപകരും ചേർന്ന് സൃഷ്ടിക്കുന്ന ഒരു ലോകത്തിൽ, പലപ്പോഴും അനുഭവപ്പെടുക ഉൾച്ചേർക്കൽ എന്ന യാന്ത്രിക പദ്ധതിയല്ല, പകരം ഉൾച്ചേരൽ എന്ന മാന്ത്രിക പദ്ധതിയാണ് എന്ന് ഒരു സർക്കാർ പള്ളിക്കൂടത്തിൽ പഠിപ്പിക്കുന്ന അധ്യാപികയെന്ന നിലയിൽ എനിക്ക് തോന്നാറുണ്ട്. വിഭിന്നങ്ങളായ ശേഷികളുള്ള കുട്ടികൾക്ക് സ്വന്തം വ്യക്തിത്വത്തിന്റെ കാതലിൽത്തന്നെ ആത്മാഭിമാനവും തുല്യതാ മനോഭാവവുമൊരുമിച്ച് ചേർത്ത് നിലകൊള്ളാനാകണം.അപ്പോൾ മാത്രമാണ് വിദ്യാഭ്യാസം അതിന്റെ പൂർണ്ണമായ അർഥത്തിൽ സഫലമാകുകയുള്ളൂ. കേരള സർക്കാരിന്റെ 'എനേബിൾ' ഭിന്നശേഷി സൗഹൃദ വിദ്യാലയം കരടുനയരേഖ ഈ ദിശയിലേക്കുള്ള ഒരു പ്രധാന ചുവടുവയ്പായി കണക്കാക്കാം.

വെല്ലുവിളികൾ നേരിടുന്ന ഓരോ കുട്ടിക്കും ഒപ്പം ചേർന്ന് ശാസ്ത്രീയമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിൽ പ്രവർത്തിക്കണമെങ്കിൽ, അധ്യാപകർക്ക് സ്വന്തം വിദ്യാലയാന്തരീക്ഷത്തിൽ, സ്വന്തം വിദ്യാർഥികൾക്ക് അനുയോജ്യമായ വിധത്തിൽ, ഗുണനിലവാരമുള്ള ഗവേഷണാധിഷ്ഠിത പഠന-പ്രവർത്തന പദ്ധതികൾ സ്വയം രൂപീകരിക്കാൻ കഴിയുന്ന വിധത്തിലുള്ള ശാക്തീകരണ സംവിധാനങ്ങൾ നിലവിൽ വരണം. ഭിന്നശേഷി സൗഹൃദ വിദ്യാഭ്യാസത്തിന്റെ ഫലം പ്രവേശനക്കണക്കുകൾക്കും വിജയശതമാനങ്ങൾക്കുമപ്പുറം കടന്നുകൊണ്ട് തൊഴിൽ-ജീവിത പരിവർത്തനം എന്ന ദിശയിലേക്ക് പുരോഗമിക്കുന്നത് ഏറെ ആശാവഹമായ കാര്യമാണ്.

കേവലം തൊഴിലുകൾ ലഭ്യമാക്കുക എന്നതിനപ്പുറം സന്തോഷഭരിതവും സർഗാത്മകവുമായ ജീവിതം നയിക്കുന്നവരെന്ന നിലയിലേക്ക് വിദ്യാർഥികൾക്ക് എത്തിച്ചേരാനാകുകയും സമൂഹത്തിന്റെ പുരോഗതിയിൽ പങ്കാളികളാകാനും കഴിയുന്ന വിധത്തിൽ ഭാവിപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ ഈ രേഖ ഒരു സുപ്രധാന ദിശാസൂചികയായി പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കാം.

പാഠപുസ്തകങ്ങളിൽ ഒതുങ്ങുന്ന പരമ്പരാഗത വിദ്യാഭ്യാസത്തിനപ്പുറം, സാങ്കേതികവിദ്യ, കൃഷി, കായികം, തൊഴിൽ നൈപുണ്യം തുടങ്ങി എല്ലാ മേഖലകളിലും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന സമഗ്രമായ വികസനമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. ഡിജിറ്റൽ പഠനം മുതൽ കൃഷിയും കായികക്ഷമതയും വരെ നീളുന്ന ആ പദ്ധതികളെ പരിചയപ്പെടാം

താരാപഥം മുതൽ കനിപ്പന്തൽ വരെ

പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങുന്ന പരമ്പരാഗത വിദ്യാഭ്യാസത്തിനപ്പുറം, സാങ്കേതികവിദ്യ, കൃഷി, കായികം, തൊഴിൽ നൈപുണ്യം തുടങ്ങി എല്ലാ മേഖലകളിലും വിദ്യാർഥികളെ പ്രാപ്തരാക്കുന്ന സമഗ്രമായ വികസനമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. ക്ലാസ് മുറിയിലെ പാഠങ്ങൾക്കപ്പുറം, കുട്ടിയുടെ സമഗ്രമായ വളർച്ചയെയാണ് ഇവിടെ ലക്ഷ്യമിടുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തമായും മറ്റ് വകുപ്പുകളുമായി ചേർന്നുമൊരുക്കുന്ന ഒട്ടേറെ പുതിയ പദ്ധതികളാണ് നൂറു ദിന പദ്ധതിയുടെ ഭാഗമായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. അക്കാദമിക മികവിനൊപ്പം വിദ്യാർഥികളുടെ മാനസികവും ശാരീരികവും സർഗാത്മകവുമായ വളർച്ച ഉറപ്പുവരുത്താൻ ഈ പദ്ധതികൾ വലിയൊരു കുതിപ്പാണ് നൽകുന്നത്. സാങ്കേതികവിദ്യയും കാർഷിക പാരമ്പര്യവും ആരോഗ്യവും സമന്വയിപ്പിച്ച്, ലോകത്തോട് മത്സരിക്കാൻ പ്രാപ്തിയുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കാൻ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് ഈ പദ്ധതികളിലൂടെ സാധിക്കുമെന്നതിൽ സംശയമില്ല. ഡിജിറ്റൽ പഠനം മുതൽ കൃഷിയും കായികക്ഷമതയും വരെ നീളുന്ന ആ പദ്ധതികളെ പരിചയപ്പെടാം.



താരാപഥം
ഡിജിറ്റൽ പരിവർത്തനത്തിന് പുതിയ ദിശാബോധം

പൊതുവിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റൽ സംവിധാനങ്ങളെ നിർമിതബുദ്ധിയുടെ സഹായത്തോടെ കാലാനുസൃതമായി പരിഷ്കരിച്ച് ഏകീകൃത പ്ലാറ്റ്ഫോമിലാക്കുന്ന കൈറ്റിന്റെ പദ്ധതിയാണ് താരാപഥം. സമ്പൂർണ, സഹിതം, സമഗ്ര, സമന്വയ തുടങ്ങിയ ആപ്ലിക്കേഷനുകൾക്ക് ഇനി പ്രത്യേകം ലോഗിൻ വേണ്ട; സിംഗിൾ സൈൻ-ഓണിലൂടെ ഒറ്റ ഡാഷ്ബോർഡിൽ എല്ലാം ലഭിക്കും. അധ്യാപകർക്കായി 'സമഗ്ര ക്യാൻവാസ്' എന്ന ഇന്ററാക്ടീവ് വൈറ്റ് ബോർഡും സജ്ജമാക്കിയിട്ടുണ്ട്.

പാഠഭാഗങ്ങൾ കൂടുതൽ ദൃശ്യവൽക്കരിച്ചും സംവേദനാത്മകമായും അവതരിപ്പിക്കുന്നതിനും അധ്യാപനത്തെ കൂടുതൽ ആകർഷകമാക്കുന്നതിനും താരാപഥം സഹായിക്കുന്നു. ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിലെ കുട്ടികളുടെ മെന്ററിങ്ങും പഠനപുരോഗതിയും പോർട്ടലിൽ രേഖപ്പെടുത്താനാവുന്നതുവഴി വിദ്യാർഥികളുടെ പഠന പുരോഗതി നിരീക്ഷിക്കുന്നതിനും അവരുടെ പഠനാവശ്യങ്ങൾ തിരിച്ചറിയുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും സാധ്യമാകുന്നു. സ്കൂളുകളിൽ ഡിജിറ്റൽ സംവിധാനങ്ങളുടെ ഉപയോഗം വർധിക്കുന്ന സാഹചര്യത്തിൽ സൈബർ സുരക്ഷയ്ക്കും താരാപഥം പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. സാങ്കേതികവിദ്യയെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ഫലപ്രദമായ ഉപാധിയാക്കി മാറ്റിക്കൊണ്ട് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തെ ഡിജിറ്റൽ പരിവർത്തനത്തിന് പുതിയ ദിശാബോധം നൽകുകയാണ് താരാപഥം പദ്ധതി.

മുകുളം
എ.ഐ അധിഷ്ഠിത പരിശീലന പോർട്ടൽ

ദേശീയതല മത്സരപ്പരീക്ഷകൾക്ക് ഒരുങ്ങുന്ന ഹയർ സെക്കൻഡറി, വി എച്ച് എസ്ഇ വിദ്യാർഥികൾക്കായി കൈറ്റ് ഒരുക്കിയ സൗജന്യ എ ഐ അധിഷ്ഠിത പരിശീലന പോർട്ടലാണ് മുകുളം. നീറ്റ്, ജെ ഇ ഇ, സിയുഇടി തുടങ്ങിയ മത്സരപരീക്ഷകളിൽ പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് നിർമിതബുദ്ധിയുടെ സൗകര്യം കൂടി



ദിയ സജി, ക്ലാസ് 4, സെന്റ് മേരീസ് യു പി സ്കൂൾ കൂത്രപ്പള്ളി

പ്രയോജനപ്പെടുത്തി അവസരസമത്വം ഉറപ്പാക്കുകയാണ് മുകളം പോർട്ടലിന്റെ ലക്ഷ്യം. 25 സ്കൂളുകളിലെ പൈലറ്റ് പദ്ധതിക്കു ശേഷമാണ് ഇത് സംസ്ഥാനവ്യാപകമാക്കുന്നത്. പരീക്ഷാതയ്യാറെടുപ്പിനൊപ്പം വിഷയങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും വിദ്യാർഥികളുടെ പഠനനിലവാരം നിരന്തരം വിലയിരുത്താനും സഹായിക്കുന്ന സമഗ്ര പഠനസംവിധാനമാണ് ഈ പദ്ധതി. ഈ നിർമിതബുദ്ധി അധിഷ്ഠിത പോർട്ടലിൽ വിദ്യാർഥികൾക്ക് പഠനവിഭവങ്ങളും ചോദ്യശേഖരങ്ങളും പരിശീലന സൗകര്യങ്ങളും ലഭ്യമാകും. വിദ്യാർഥികളുടെ പുരോഗതി വിഷയാധ്യാപകർക്ക് നിരീക്ഷിക്കാനും ആവശ്യമായ നിർദേശങ്ങൾ നൽകാനും സാധ്യമാണ്

എഐസ് ഹബ്ബുകൾ
എ ഐയും റോബോട്ടിക്സും ക്ലാസ്മുറിയിൽ

നിർമിതബുദ്ധിയും റോബോട്ടിക്സും ഹൈസ്കൂൾ ക്ലാസ് മുറികളിലെത്തിക്കുന്ന കൈറ്റിന്റെ പദ്ധതിയാണ് 'എഐസ്' (എഐ & റോബോട്ടിക്സ് ഇനിഷ്യേറ്റീവ് ഫോർ സ്കൂൾ എഡ്യുക്കേഷൻ). അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകളും മൈക്രോ കൺട്രോളർ ബോർഡുകളും സെൻസറുകളും മോട്ടോറുകളും സജ്ജമാക്കി ഹൈസ്കൂളുകളിൽ 'എഐസ് ഹബ്ബുകൾ' സ്ഥാപിക്കുകയാണ് പൊതുവിദ്യാഭ്യാസ വകുപ്പ്. കാഴ്ചപരിമിതർക്കുള്ള സ്മാർട്ട് വാക്കിങ് സ്റ്റിക്ക്, പാചകവാതക ചോർച്ച തിരിച്ചറിയുന്ന ഗ്യാസ് ഡിറ്റക്ടർ, മുഖം തിരിച്ചറിയുന്ന സ്മാർട്ട് ഡോർ ലോക്ക് തുടങ്ങിയവയുടെ പ്രോട്ടോടൈപ്പുകൾ സ്വയം നിർമിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിലൂടെ സാങ്കേതികവിദ്യയിലൂന്നി സ്വയംപര്യാപ്തരായ തലമുറയെ വാർത്തെടുക്കുകയാണ് ലക്ഷ്യം.

ലാബ് ഓൺ വീൽസ്
സഞ്ചരിക്കുന്ന എക്സ്പീരിയൻഷ്യൽ ലേണിങ് ലാബ്

ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ അസാപ് കേരള, ഇൻഫോസിസുമായി ചേർന്ന് നടപ്പാക്കുന്ന സംരംഭമാണിത്. കേരളത്തിലെ ആദ്യത്തെ സഞ്ചരിക്കുന്ന എക്സ്പീരിയൻഷ്യൽ ലേണിങ് ലബോറട്ടറിയായ ഇത് എ ഐ, റോബോട്ടിക്സ്, കോഡിങ്, ഇലക്ട്രോണിക്സ്, ത്രിമാന ഡിസൈനിങ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. നഗരങ്ങളിലെന്നപോലെ തീരദേശ, ആദിവാസി, മലയോര, വിദൂര പ്രദേശങ്ങളിലെ സ്കൂളുകളിലും കോളേജുകളിലും ലാബ് നേരിട്ടെത്തും. ആഗോളതലത്തിൽ മത്സരക്ഷമവുമായ തൊഴിൽമേഖല സൃഷ്ടിക്കാനുള്ള സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുന്ന സുപ്രധാന ഇടപെടലാണ് 'ലാബ് ഓൺ വീൽസ്' പദ്ധതി.







ഡിജിറ്റൽ സ്ക്യയർ
ഉൾച്ചേരലിന്റെ ഡിജിറ്റലിടം

പ്രൈമറി തലത്തിൽ ഡിജിറ്റൽ പഠനം കാര്യക്ഷമമാക്കാൻ കൈറ്റ് നടപ്പാക്കുന്ന പദ്ധതിയാണ് ഡിജിറ്റൽ സ്ക്യയർ. ആദ്യഘട്ടത്തിൽ പൊതുവായ ഒരു ഡിജിറ്റൽ പഠന ഇടവും കുറഞ്ഞത് രണ്ട് കമ്പ്യൂട്ടറുകളുമുള്ള 5,183 സ്കൂളുകളിലാണ് ഡിജിറ്റൽ സ്ക്യയർ നടപ്പിലാക്കിയത്. കൈറ്റ് വികസിപ്പിച്ച സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത പ്ലാറ്റ്ഫോമിലൂടെ എല്ലാ കുട്ടികൾക്കും ഒരുപോലെ ഡിജിറ്റൽ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരമാണ് പദ്ധതിയിലൂടെ ഒരുക്കുന്നത്. എല്ലാ കുട്ടികൾക്കും എന്ന് പറയുമ്പോൾ കാഴ്ചപരിമിതിയുള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും പ്രയോജനപ്പെടുത്താവുന്ന വിധമാണ് ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപകൽപന ചെയ്തിരിക്കുന്നത്. ഈ വർഷം തന്നെ മുഴുവൻ പ്രൈമറി സ്കൂളുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയാണ് സർക്കാർ ലക്ഷ്യം

നവജീവനം
ഭാഷാ-ഗണിത പോഷണ പദ്ധതി

എൽ പി, യു പി ക്ലാസുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നിവയിലുള്ള പരിമിതികൾ പരിഹരിക്കാനുള്ള ഭാഷാ-ഗണിത പോഷണപദ്ധതിയാണ് നവജീവനം. മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങൾ പ്രൈമറിതലത്തിൽ കുട്ടികൾക്ക് മികച്ച രീതിയിൽ സംവേദനം ചെയ്യാൻ സാധിക്കേണ്ടത് മുന്നോട്ടുള്ള പഠനത്തിന് അത്യന്താപേക്ഷിതമാണ്. വായനച്ചങ്ങാതി, സചിത്രപാഠം, സംയുക്ത ഡയറി, സർഗാത്മക ഡയറി, തുടങ്ങിയവയിലൂടെയുള്ള ഭാഷാ പഠനം ക്രിയകൾക്കും നിർവചനങ്ങൾക്കും ഊന്നൽ നൽകുന്ന പരമ്പരാഗത ഗണിതപഠന രീതിയിൽ നിന്ന് മാറി ചിന്താപ്രക്രിയയിലൂന്നിയ ഗണിത പഠനം എന്നിങ്ങനെയാണ് ലക്ഷ്യമിടുന്നത്. കൃത്യവും

പ്രൈമറി തലത്തിൽ ഡിജിറ്റൽ പഠനം കാര്യക്ഷമമാക്കാൻ കൈറ്റ് നടപ്പാക്കുന്ന പദ്ധതിയാണ് ഡിജിറ്റൽ സ്ക്യയർ. കാഴ്ചപരിമിതിയുള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും പ്രയോജനപ്പെടുത്താവുന്ന വിധമാണ് ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപകൽപന ചെയ്തിരിക്കുന്നത്







കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ ഈ പദ്ധതിയെ മികച്ച വിജയത്തിലേക്ക് നയിക്കുകയും പൊതുവിദ്യാഭ്യാസ മേഖലയിൽ ശക്തമായ മുന്നേറ്റം സാധ്യമാക്കുകയും ചെയ്യുന്നു

കൂടെ
വീണ്ടും സ്കൂളിലെത്തിക്കും

വിവിധ കാരണങ്ങളാൽ പഠനം പാതി വഴിയിൽ നിലച്ച കുട്ടികളെ കണ്ടെത്തി ക്ലാസ് മുറിയിൽ തിരികെയെത്തിക്കുന്ന 'സീറോ ഡ്രോപ്പ് ഔട്ട് മിഷൻ' ആണ് കൂടെ. മലയോര, തീരദേശ, പിന്നാക്ക മേഖലകളിലെ പൊതുവിദ്യാലയ വിദ്യാർഥികളുടെ അക്കാദമിക ശാക്തീകരണം ലക്ഷ്യമിടുന്ന പദ്ധതിയാണ് സ്പെഷ്യൽ എന്റിച്ച്മെന്റ്. ഭൂമിശാസ്ത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ പഠനത്തിൽ പിന്നാക്കം പോകുന്നവർക്ക് പ്രത്യേക പഠനപിന്തുണ നൽകും. 2026-27 അധ്യയനവർഷം 445 സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിച്ചു. വിദഗ്ധർ നയിക്കുന്ന ക്ലാസുകൾ, റസിഡൻഷ്യൽ ക്യാമ്പുകൾ, നൈപുണി ശില്പശാലകൾ, പഠനയാത്രകൾ, രക്ഷിതാക്കൾക്കുള്ള ബോധവത്കരണം എന്നിവ ഇതിന്റെ ഭാഗമാണ്. മുണ്ടക്കൈചൂരൽമല ദുരന്തബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് പദ്ധതിയിൽ പ്രത്യേക പരിഗണനയുണ്ട്. തുല്യമായ പഠനാവസരങ്ങൾ ഉറപ്പാക്കി അക്കാദമിക മികവിലേക്കും സമഗ്രവികസനത്തിലേക്കും വിദ്യാർഥികളെ ഉയർത്തി ഉപരിപഠന, തൊഴിൽ സാധ്യതകൾ ശക്തിപ്പെടുത്താനും പദ്ധതി ശ്രദ്ധ ചെലുത്തുന്നു.

സ്കിൽ ബിസ്
വൺ സ്കൂൾ, വൺ പ്രൊഡക്ട്

പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും സംരംഭകത്വശേഷിയും വളർത്താൻ വി എച്ച് എസ് ഇ വിഭാഗം നടപ്പാക്കുന്ന പദ്ധതിയാണിത്. ഗാന്ധിയൻ വിദ്യാഭ്യാസ ആശയത്തെ അടിസ്ഥാനമാക്കി ഓരോ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും സമൂഹത്തിന് പ്രയോജനകരമായ ഒരു ഉൽപ്പന്നമോ സേവനമോ ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഉൽപ്പന്ന വികസനം, ബ്രാൻഡിങ്, വിപണനം എന്നിവയിൽ കുട്ടികൾക്ക് ഊന്നൽ നൽകുന്നു. ജനപ്രതിനിധികളും വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ അധികൃതരും പി ടി എ പ്രതിനിധികളും എസ് ടി പ്രൊമോട്ടർമാരും വീടുകൾ സന്ദർശിച്ച് കാരണങ്ങൾ മനസ്സിലാക്കി വേണ്ട പിന്തുണ ഉറപ്പാക്കും. കാഴ്ചപരിമിതിയുള്ളവർ ഉൾപ്പെടെ പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്ക് അനുയോജ്യമായ പിന്തുണയും ഉറപ്പാക്കും. അഗളിയിലെ ഭൂതിവഴി ഊരിൽ നടന്ന 100ദിന കർമ്മപരിപാടിയുടെ ഭാഗമായി ആറ്, ഏഴ് ക്ലാസുകളിൽ പഠനം നിർത്തിയ കുട്ടികളെ കണ്ടെത്തി 'കൂടെ' പദ്ധതിയുടെ ഭാഗമായി സ്കൂളിൽ പുനഃപ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി.

എൽ പി, യു പി ക്ലാസുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നിവയിലുള്ള പരിമിതികൾ പരിഹരിക്കാനുള്ള ഭാഷാ-ഗണിത പോഷണപദ്ധതിയാണ് നവജീവനം. വായനച്ചങ്ങാതി, സചിത്രപാഠം, സംയുക്ത ഡയറി, സർഗാത്മക ഡയറി, തുടങ്ങിയവയിലൂടെയുള്ള ഭാഷാ പഠനം ക്രിയകൾക്കും നിർവചനങ്ങൾക്കും ഊന്നൽ നൽകുന്നു

സ്പെഷ്യൽ എന്റിച്ച്മെന്റ്
പിന്നാക്ക മേഖലകൾക്ക് പ്രത്യേക കരുതൽ

ഗോത്ര, തീരദേശ, തോട്ടം മേഖലകളി



നോറ അന്ന നോബിൾ, ക്ലാസ് 2, ബി ടി എസ് എൽ പി സ്കൂൾ, ഇടപ്പള്ളി

പ്രായോഗിക പരിചയം ലഭ്യമാക്കുന്നു. വിദ്യാർഥികളുടെ കഴിവുകളും സ്കൂളുകളുടെ വിഭവങ്ങളും പ്രയോജനപ്പെടുത്തി സമൂഹത്തിന് പ്രയോജനകരമായ ഉൽപന്നങ്ങളും സേവനങ്ങളും ഒരുക്കുന്നതിലൂടെ പഠനവും തൊഴിൽ നൈപുണ്യവും സംരംഭകത്വവും ഒരുമിച്ചുകൊണ്ടുപോകുന്ന മാതൃക 'സ്കിൽ ബിസ്' പദ്ധതി സൃഷ്ടിക്കുന്നു. തൊഴിലന്വേഷകരിൽ നിന്ന് തൊഴിൽ സ്രഷ്ടാക്കളിലേക്കുള്ള മാറ്റത്തിനാണ് പദ്ധതി വഴിയൊരുക്കുന്നത്.

വിദ്യാർഥികളുടെ ശാരീരികക്ഷമതയും ജലസുരക്ഷാ അവബോധവും ജീവൻരക്ഷാ നൈപുണ്യവും വളർത്താനുള്ള നീന്തൽ പരിശീലന പദ്ധതിയാണ് അക്വാഫിറ്റ്. സ്കൂളിന് അഞ്ചു കിലോമീറ്റർ ചുറ്റളവിലുള്ള അനുയോജ്യമായ നീന്തൽക്കുളങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ടെത്തിയാണ് പദ്ധതി സാധ്യമാക്കുന്നത്

പൊൻചിറകുകൾ
പോഷകസുരക്ഷയും അധികവരുമാനവും

പുതുതലമുറയെ കാർഷിക സംസ്കാരത്തോട് ചേർത്തുനിർത്താൻ മൃഗസംരക്ഷണ വകുപ്പ് സ്കൂൾ പൗൾട്രി ക്ലബ്ബുകൾ വഴി നടപ്പാക്കുന്ന പദ്ധതിയാണ് പൊൻചിറകുകൾ. തിരഞ്ഞെടുത്ത സ്കൂളുകളിലെ വിദ്യാർഥികൾക്ക് ചാര, ചെമ്പല്ലി എന്നീ കുട്ടനാടൻ ഇനങ്ങളിൽപ്പെട്ട അഞ്ചു താറാവുകുഞ്ഞുങ്ങളും ഒരു മാസത്തേക്കുള്ള തീറ്റയും മരുന്നുകളും സൗജന്യമായി നൽകും. വർഷത്തിൽ നൂറിലധികം മുട്ടയിടുന്ന, മികച്ച രോഗപ്രതിരോധശേഷിയുള്ള ഇനങ്ങളാണിവ. പരിപാലനം, തീറ്റക്രമം, ശുചിത്വം എന്നിവയിൽ അടിസ്ഥാന അറിവും ലഭിക്കും. നാടൻ ഇനങ്ങളുടെ സംരക്ഷണത്തിനൊപ്പം കുട്ടികളുടെ പോഷകസുരക്ഷയും കുടുംബത്തിന് അധികവരുമാനവും പദ്ധതി ലക്ഷ്യമിടുന്നു.



കനിപ്പന്തൽ
ഫലവൃക്ഷ പോഷകത്തോട്ടങ്ങൾ

വിദ്യാലയങ്ങളിൽ ഫലവൃക്ഷ പോഷകത്തോട്ടങ്ങൾ ഒരുക്കുന്ന കൃഷി വകുപ്പിന്റെ പദ്ധതിയാണ് 'കനിപ്പന്തൽ ഇനി വിദ്യാലയങ്ങളിലും'. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഫലവൃക്ഷ പോഷകത്തോട്ടങ്ങൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പോഷകാഹാര ശീലങ്ങൾ വളർത്തുക, പരിസ്ഥിതി സംരക്ഷണബോധം ശക്തിപ്പെടുത്തുക, കൃഷിയോടുള്ള താൽപര്യം വർധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന പഴവർഗ്ഗ പോഷകത്തോട്ട പദ്ധതിയിലൂടെയാണ് 'കനിപ്പന്തൽ ഇനി വിദ്യാലയങ്ങളിലും' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്.

പോഷകത്തോട്ടം ഒരുക്കുന്നതിനായി മാവ്, പ്ലാവ്, പേര, നെല്ലി, സപ്പോട്ട, റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, പാഷൻ ഫ്രൂട്ട് തുടങ്ങിയവയുടെ തൈകൾ കൃഷിവകുപ്പ് സൗജന്യമായി നൽകുന്നു. ഹരിതസമൃദ്ധവുമായ പഠനാന്തരീക്ഷം ഒരുക്കുന്നതിനൊപ്പം, കാർഷിക പ്രവർത്തനങ്ങളിലൂടെ വിദ്യാർഥികളിൽ പ്രകൃതിയോടുള്ള ഉത്തരവാദിത്തബോധവും ആരോഗ്യകരമായ ഭക്ഷണശീലങ്ങളും വളർത്താനും പദ്ധതി സഹായകരമാകും.



കതിര്
മണ്ണിനെ അറിഞ്ഞ് പരിസ്ഥിതിക്ക് കൂട്ടായി

വിദ്യാർഥികളെ കൃഷിയോടും പരിസ്ഥിതി സംരക്ഷണത്തോടും അടുപ്പിക്കാൻ കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് കതിര്. കാർഷിക സാങ്കേതികവിദ്യ, പാരമ്പര്യ അറിവുകൾ, നവീന ആശയങ്ങൾ എന്നിവ സംയോജിപ്പിച്ച് വിദ്യാർഥികളെ സാമൂഹിക പ്രതിബദ്ധതയുള്ള മികച്ച പൗരന്മാരാക്കി വളർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. കാലാവസ്ഥാവ്യതിയാനം വെല്ലുവിളികളെ നേരിടുന്നതിനുള്ള കാർഷിക ഹരിത പ്രതിരോധത്തിന്റെ ഭാഗമായിക്കൂടിയാണ് 'കതിര്' പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. മാനസിക പിരിമുറുക്കം കുറയ്ക്കാൻ 'ഹോർട്ടികൾച്ചറൽ തെറാപ്പി'യും, കുട്ടികളുടെ ഉൽപന്നങ്ങൾ വിൽക്കാൻ വാട്സ്ആപ്പ് അധിഷ്ഠിത മിനി മാർക്കറ്റിങ് പ്ലാറ്റ്ഫോമുകളും പദ്ധതിയിലുണ്ട്.

അക്വാഫിറ്റ്
നീന്താൻ പഠിക്കാം പഠിപ്പിക്കാം

വിദ്യാർഥികളുടെ ശാരീരികക്ഷമതയും ജലസുരക്ഷാ അവബോധവും ജീവൻരക്ഷാ നൈപുണ്യവും വളർത്താനുള്ള നീന്തൽ പരിശീലന പദ്ധതിയാണ് അക്വാഫിറ്റ്. സ്കൂളിന് അഞ്ചു കിലോമീറ്റർ ചുറ്റളവിലുള്ള അനുയോജ്യമായ നീന്തൽക്കുളങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ടെത്തിയാണ് പദ്ധതി സാധ്യമാക്കുന്നത്. പുഴകളും ജലാശയങ്ങളും നിറഞ്ഞ കേരളത്തിൽ മുങ്ങിമരണങ്ങൾ കുറയ്ക്കാനും മികച്ച നീന്തൽതാരങ്ങളെ കണ്ടെത്താനും ഇത് വഴിയൊരുക്കും. കേരളം നദികളും പുഴകളും ജലാശയങ്ങളും ഏറെയുള്ള സംസ്ഥാനമായതിനാൽ നീന്തൽ അറിയുക എന്നത് കായികപരമായ കഴിവ് മാത്രമല്ല, ജീവൻരക്ഷാ നൈപുണ്യം കൂടിയാണ്. പരിശീലനം നേടിയവർ മറ്റുള്ളവരെ പഠിപ്പിക്കുന്നതിലൂടെ ജലസുരക്ഷാ സന്ദേശം സമൂഹത്തിലുമെത്തുന്നു. ■



അഡ്വ. ടി. സിദ്ദിഖ്
കൃഷി വകുപ്പ് മന്ത്രി



കൃഷിയോട് ആഭിമുഖ്യം പുലർത്തുന്ന, ഉൽപാദനമേഖലകളിൽ നിക്ഷേപം നടത്താൻ ആത്മവിശ്വാസമുള്ള ഒരു യുവജനതയെ വാർത്തെടുക്കുകയാണ് ലക്ഷ്യം. അതിനായാണ് കൃഷിവകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് 'കതിര് കാർഷിക ക്ലബ്ബുകൾ' എന്ന പേരിൽ സാമൂഹികപ്രാധാന്യമുള്ള പദ്ധതി മുന്നോട്ടുവയ്ക്കുന്നത്

കൃഷിപാഠവുമായി കതിരെത്തും; ഗ്രേസ് മാർക്കും നൽകും



പൊതുവിദ്യാഭ്യാസത്തിൽ കൃഷിയെക്കൂടി പഠനത്തിന്റെ ഭാഗമാക്കുകയും കാർഷിക പ്രവർത്തനങ്ങളിൽ താൽപര്യത്തോടെ പങ്കാളികളാകുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിവകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് 'കതിര് കാർഷിക ക്ലബ്ബുകൾ' എന്ന പദ്ധതി നടപ്പാക്കുന്നത്. പാഠപുസ്തകങ്ങളിൽനിന്ന് ലഭിക്കുന്ന അറിവിനൊപ്പം കൃഷിയിലൂടെ നേരിട്ടുള്ള അനുഭവവും കുട്ടികൾക്ക് ലഭിക്കണം. വിത്ത് നടുന്നതുമുതൽ വിളവെടുപ്പും വിപണനവും വരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിലൂടെ കൃഷിയുടെ പ്രാധാന്യം തിരിച്ചറിയാനും ശാസ്ത്രീയ കൃഷിരീതികൾ പരിചയപ്പെടാനും അവർക്ക് കഴിയും. പദ്ധതിയിൽ പങ്കാളികളാകുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകും. കൃഷി ഒരു തൊഴിൽമേഖല മാത്രമല്ലെന്നും പഠനത്തിന്റെയും ജീവിതത്തിന്റെയും സാമൂഹിക ഉത്തരവാദിത്വത്തിന്റെയും ഭാഗമാണെന്നും പുതുതലമുറയെ ബോധ്യപ്പെടുത്തുകയാണ് 'കതിര്' ലക്ഷ്യമിടുന്നത്.

ഭക്ഷ്യ ഉൽപാദനത്തിനുപരി ഉപജീവനമാർഗം കൂടിയാണ് കൃഷി. ആധുനിക കാലത്ത് ഒട്ടേറെ തൊഴിലവസരങ്ങൾ മറ്റ മേഖലകളിൽ ഉദയം ചെയ്തു എങ്കിലും ഉറപ്പായ വരുമാന മാർഗമായി ഉൽപാദനമേഖലയിലെ കൃഷി ഇപ്പോഴും നിലകൊള്ളുന്നു. നമ്മുടെ നിലനിൽപിനു ഭക്ഷണം വേണമെന്നുള്ളതും അത് ഉൽപാദിപ്പിക്കുന്ന ഭൂമിയുടെ അളവ് ദിനംപ്രതി കുറഞ്ഞു വരുന്നു എന്നുള്ളതുമാണ് ഇതിനുള്ള സാധ്യത വർധിപ്പിക്കുന്നത്. ഇപ്പോൾ വിവര സാങ്കേതിക വിദ്യയും റോബോട്ടിക്സും നിർമിത ബുദ്ധിയുമൊക്കെ ദിശ നിയന്ത്രിക്കുന്ന ഒന്നാണ്

കാർഷിക മേഖല. അതിനാൽ അത് നൽകുന്ന തൊഴിൽ സാധ്യതകൾ അനന്തമാണ്. ഭക്ഷ്യസംസ്കരണം മുതൽ വിപണനം വരെ സാങ്കേതിക വിദ്യാധിഷ്ഠിതമായി അത് നീണ്ടു കിടക്കുകയും ചെയ്യുന്നു.

കൃഷിയിൽ ലാഭകരമായ നിക്ഷേപം നടത്താൻ കഴിയുമെന്നിരിക്കെ കൃഷിയോട് താൽപര്യം ഉണ്ടെങ്കിലും അതിന്റെ സാധ്യതകൾ മനസ്സിലാക്കാതെ മറ്റു തൊഴിലുകളിലേക്ക് പോകുന്ന ഒട്ടേറെ യുവാക്കളുണ്ടെന്നതാണ് വസ്തുത ഈ അവസരത്തിലാണ് പുതുതലമുറ വളർന്നു വരുമ്പോൾ തന്നെ കൃഷിയുടെ സാധ്യതകൾ മനസ്സിലാക്കി ദിശാബോധം നേടണമെന്ന് സർക്കാർ തീരുമാനിച്ചത്. കൃഷിയോട് ആഭിമുഖ്യം പുലർത്തുന്ന ഉൽപാദനമേഖലകളിൽ നിക്ഷേപം നടത്താൻ ആത്മവിശ്വാസമുള്ള ഒരു യുവജനതയെ വാർത്തെടുക്കുകയാണ് ലക്ഷ്യം. അതിനായാണ് കൃഷിവകുപ്പും പൊതുവിദ്യാഭ്യാസവകുപ്പും ചേർന്ന് 'കതിര് കാർഷിക ക്ലബ്ബുകൾ' എന്ന പേരിൽ സാമൂഹികപ്രാധാന്യമുള്ള പദ്ധതി മുന്നോട്ടു വയ്ക്കുന്നത്. ഈ പദ്ധതി പ്രാധാന്യത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ടാണ് ഇതിൽ പങ്കാളികളാകുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകാനും തീരുമാനിച്ചിട്ടുള്ളത്.

ഈ അധ്യയനവർഷം മുതൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറിലധികം വിദ്യാലയങ്ങളിൽ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കും. തുടക്കമെന്ന നിലയിൽ വിദ്യാലയങ്ങളുടെ തയ്യാറെടുപ്പിനായി പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാർ പതിനായിരം രൂപ സാമ്പത്തികസഹായം നൽകും

മുൻകാലങ്ങളിൽ ഇതുപോലുള്ള പല പദ്ധതികളും ആവിഷ്കരിച്ചിരുന്നെങ്കിലും അവയുടെ സമഗ്രത ഉറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ രണ്ടു വകുപ്പുകളും വ്യക്തമായ ഏകോപനത്തോടെ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. 2026-27 അധ്യയനവർഷം മുതൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറിലധികം വിദ്യാലയങ്ങളിൽ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കും. തുടക്കമെന്ന നിലയിൽ വിദ്യാലയങ്ങളുടെ തയ്യാറെടുപ്പിനായി പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാർ പതിനായിരം രൂപ സാമ്പത്തികസഹായം നൽകും.

പരിശീലനം സിദ്ധിച്ച അധ്യാപകരായിരിക്കും ഈ പദ്ധതിക്ക് നേതൃത്വം നൽകുക.. അതാത് കൃഷിഭവനുകളിലെ ഉദ്യോഗസ്ഥർ കൃത്യമായ സാങ്കേതിക മേൽനോട്ടവും ആവശ്യമായ സഹായവും നൽകും.

വിത്ത് നടുന്നതുമുതൽ ശാസ്ത്രീയമായ പരിപാലനത്തിലൂടെ ഉൽപാദനവും വിപണനവും വരെയുള്ള വിവിധ ഘട്ടങ്ങളിൽ പുതുതലമുറയ്ക്ക് അറിവ് നൽകുന്ന ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളുടെ ആകെത്തുകയാണല്ലോ കൃഷി. അതിനാൽ ഗണിതശാസ്ത്രം മുതൽ കംപ്യൂട്ടർ സയൻസ് വരെ എങ്ങനെ ഇതിൽ പ്രായോഗികമായി സന്നിവേശിക്കപ്പെട്ടിരിക്കുന്നു എന്ന് വിദ്യാർഥികൾക്ക് അവബോധം നൽകാനും ശാസ്ത്ര തത്വങ്ങളുടെ പ്രാവർത്തികത എപ്രകാരമാണെന്ന് മനസ്സിലാക്കിക്കൊടുക്കാനും ഈ പുതിയ സമീപനം വഴി സാധിക്കും. പഠിക്കുന്ന ശാസ്ത്രതത്ത്വങ്ങൾ ജീവിതത്തിൽ എങ്ങനെ പ്രയോഗിക്കാമെന്ന് തിരിച്ചറിയുന്നതിലൂടെ പഠനം കൂടുതൽ അർത്ഥപൂർണമാകും. കൃഷിയിലൂടെ കണക്കും ശാസ്ത്രവും സാങ്കേതികവിദ്യയും പരിസ്ഥിതിബോധവും ഒരുമിച്ച് പഠിക്കാനുള്ള അവസരമാണ് കുട്ടികൾക്ക് ലഭിക്കുന്നത്.

കണിക ജലസേചനം പോലുള്ള കാര്യക്ഷമമായ ജലസേചന മാർഗങ്ങൾ, സസ്യങ്ങൾക്ക് ആവശ്യമായ പോഷണം നൽകുന്നതിനുള്ള ജീവാണുവളങ്ങളുടെ പ്രയോഗം, സസ്യസംരക്ഷണ മാർഗങ്ങൾക്കായി ജൈവകീടനാശിനികളുടെ ഉപയോഗം, മൂലകങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ, മുൻ കരുതലുകളായ വർണ്ണക്കെണികളുടെയും ഫിറമോൺ കെണികളുടെയും അനുവർത്തനം, ജൈവമാലിന്യങ്ങളുടെ സംസ്കരണവും പുനരുപയോഗവും, വിവിധതരം ജൈവവളങ്ങളുടെ നിർമ്മാണം, പൂന്തോട്ടപരിപാലനം, ചെറുകിട ഭക്ഷ്യസംസ്കരണം എന്നിങ്ങനെ വിവിധവും ലളിതവും സമഗ്രവുമായ വിഷയങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനുള്ള ഇടപെടലുകളും കതിരിലുണ്ട്

പരിസ്ഥിതി സംരക്ഷണത്തിന്റെ ആഗോള സമീപനങ്ങളിൽ പ്രധാനപ്പെട്ടതാണ് '3R' എന്ന ആശയം. Reduce അഥവാ ബാഹ്യ ഉപാധികളുടെ ഉപഭോഗം കുറയ്ക്കൽ, Re-use അഥവാ പുനരുപയോഗം സാധ്യമാക്കൽ,





Recycle അഥവാ പുനഃചംക്രമണം എന്നീ തത്വങ്ങളാണ് അവ. ജൈവമാലിന്യങ്ങൾ സംസ്കരിച്ച് സസ്യപോഷണത്തിനാവശ്യമായ വളമുണ്ടാക്കുന്നത് പുറത്തുനിന്നുള്ള ഉൽപാദനോപാധികളുടെ ഉപയോഗം കുറയ്ക്കാൻ സഹായിക്കും. പ്ലാസ്റ്റിക് സംഭരണികൾ, കവറുകൾ, ഉപയോഗിച്ച ടയറുകൾ, കുപ്പികൾ എന്നിവയ്ക്കും കൃഷിയിൽ പുനരുപയോഗസാധ്യതകളുണ്ട്. സസ്യാവശിഷ്ടങ്ങൾ സംസ്കരിച്ച് വീണ്ടും വളമാക്കി മാറ്റുകയും ചെയ്യാം. ഇത്തരത്തിൽ സുസ്ഥിരതയുടെ നല്ല മാതൃക ഓരോ വിദ്യാലയത്തിലും 'കതിർ' കാർഷിക ക്ലബ്ബുകളിലൂടെ സൃഷ്ടിക്കാൻ കഴിയും. ഇതിനാവശ്യമായ മാർഗനിർദേശങ്ങൾ കൃഷിവകുപ്പ് നൽകും.

ഇത്തരം സാങ്കേതികസമീപനങ്ങൾ മാത്രമല്ല, ഈ പദ്ധതിയുടെ ഭാഗമായുള്ളത്. കർഷകരും കാർഷിക സംരംഭകരുമൊക്കെ ആദരിക്കപ്പെടുകയും പിന്തുടരപ്പെടേണ്ടവരുമാണെന്ന് വിദ്യാർഥികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള സെഷനുകളും മറ്റും ക്ലബ്ബ് യോഗങ്ങളിലും സ്കൂൾ അസംബ്ലികളിലുമൊക്കെ ഉണ്ടാകും. കൃഷിയുടെ ആത്മാംശം തൊട്ടറിയുന്നതിനുള്ള കൃഷിയിടസന്ദർശനങ്ങളും പുതു തലമുറ കർഷകരുടെ ജീവിതം ആധാരമാക്കിയ പ്രമേയങ്ങളിലുള്ളവിദ്യാർഥികളുടെചെറുവിഡിയോ നിർമ്മാണവുമൊക്കെ ഇതിൽ ഉൾപ്പെടും. വെറുമൊരു പഠനവസ്തു എന്നതിലുപരി വിദ്യാർഥികൾക്ക് മാനസികോല്ലാസം നൽകുന്ന ഒരു ഇടപെടീലാക്കുന്നതിനാണ് കതിര് കാർഷിക ക്ലബ്ബുകൾ ലക്ഷ്യം വയ്ക്കുന്നത്. അതിനാൽ അവരെ പ്രതികൂലമായി ബാധിക്കാനിടയുള്ള ലഹരികൾക്കിടയിൽ നിന്നുള്ള മോചനത്തിനും കതിർ ക്ലബ്ബുകൾ പ്രയോജനകരമാകും.

കൃഷിയെ വെറുമൊരു പഠനവിഷയമായി കാണാതെ കുട്ടികൾക്ക് മാനസികോല്ലാസം പകരുന്ന പ്രവർത്തനമാക്കി മാറ്റുകയാണ് കതിർ കാർഷിക ക്ലബ്ബുകളുടെ ലക്ഷ്യം. പ്രകൃതിയോടൊപ്പം സമയം ചെലവഴിക്കാനും കൂട്ടായി പ്രവർത്തിക്കാനും സ്വന്തം അധ്വാനത്തിന്റെ ഫലം അനുഭവിച്ചറിയാനും കുട്ടികൾക്ക് ഇതിലൂടെ കഴിയും. അവരുടെ താൽപര്യങ്ങൾ ക്രിയാത്മകമായ വഴികളിലേക്ക് തിരിച്ചുവിടുന്നതിനും സാമൂഹികമായ ഇടപെടലുകളിലൂടെ നല്ല ശീലങ്ങൾ വളർത്തുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമാകും. വിദ്യാർഥികളുടെ ശാരീരികവും മാനസികവുമായ വികാസത്തിനും കൃഷിയുമായി ബന്ധപ്പെട്ട കൂട്ടായ പ്രവർത്തനങ്ങൾ ഗുണകരമാകും.

വിദ്യാലയങ്ങളിൽ ചെറുപച്ചക്കറിത്തോട്ടങ്ങൾ ഒരുക്കാനും അവയുടെ പരിപാലനം ഏറ്റെടുക്കാനും കുട്ടികൾക്ക് അവസരം ലഭിക്കും. തോട്ടത്തിൽനിന്നുള്ള ഉൽപന്നങ്ങളുടെ വിപണനവും വിളവെടുപ്പുത്സവങ്ങളുമെല്ലാം കതിർ കാർഷിക ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടും. വിത്ത് മുളയ്ക്കുന്നതും ചെടി വളരുന്നതും വിളവുണ്ടാകുന്നതും സ്വന്തം അധ്വാനത്തിന്റെ ഫലം ലഭിക്കുന്നതും കുട്ടികൾക്ക് നേരിട്ട് അനുഭവിക്കാം. യഥാർത്ഥത്തിൽ കേരള അഗ്രികൾച്ചർ ടെക്നോളജി ഹെറിറ്റേജ് ആൻഡ് ഇന്നൊവേഷൻ ഫോർ റൂറൽ അണ്ടർസ്റ്റാൻഡിങ് എന്നതിന്റെ ചുരുക്കപ്പേരാണ് KATHIRU (കതിര്). ഗ്രാമീണതയുടെ പരിചയപ്പെടൽ (റൂറൽ അണ്ടർസ്റ്റാൻഡിങ്) എന്നുദ്ദേശിച്ചിരിക്കുന്നത് തികച്ചും താത്വികമാണ്. നമ്മുടെ കറ കളഞ്ഞ മാലിന്യ മുക്തമായ പരിസ്ഥിതിയുടെ നൈർമല്യത്തെ സൂചിപ്പിക്കാൻ അത് ഉദ്ദേശിച്ചു എന്നേയുള്ളൂ.

ഉച്ചഭക്ഷണം നൽകുന്ന വിദ്യാലയങ്ങളിൽ കതിർ കാർഷിക ക്ലബ്ബുകൾക്ക് വലിയൊരു പങ്ക് വഹിക്കാനാകും. വിദ്യാർഥികളുടെ കരസ്പർശത്തിലൂടെ വളർന്നുണ്ടായ പച്ചക്കറികൾ അവരുടെതന്നെ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുമ്പോഴുള്ള സന്തോഷം ഒന്നു വേറെതന്നെയാണ്. കൃഷിയോടുള്ള താൽപര്യം കുട്ടികളുടെ ജീവിതത്തിന്റെ ഭാഗമാകുന്ന ഈ അനുഭവം അവരുടെ മനസ്സിൽ മായാത്ത ഓർമയായി നിലനിൽക്കും. അധ്വാനത്തിന്റെ മഹത്വവും ഭക്ഷണത്തിന്റെ വിലയും പ്രകൃതിയോടുള്ള കരുതലും ഒരുമിച്ച്പകർന്നുനൽകാൻഇതിലൂടെകഴിയും.ഈ സന്തോഷത്തെ അതിന്റെ പാരമ്യതയിൽ കുട്ടികൾക്ക് പകർന്നു നൽകാൻ സാധിച്ചാൽ മറ്റൊരു ലഹരി തേടി നമ്മുടെ യുവ ജനത പോകുകയില്ലെന്നുറപ്പാണ്.

പൊതുവിദ്യാഭ്യാസത്തിലൂടെ കൃഷിയെ പുതു തലമുറയുടെ ജീവിതവുമായി ചേർത്തുനിർത്തി, ഉൽപാദനത്തെയും പ്രകൃതിസംരക്ഷണത്തെയും ഒരുപോലെ വിലമതിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ കതിരിലൂടെ നമുക്ക് സാധിക്കുമെന്നതിൽ സംശയമില്ല തന്നെ.ഈ സംരംഭത്തിന്റെ വിജയത്തിനായി നമുക്കെല്ലാവർക്കും കൈകോർക്കാം. ■

കെ അൻവർ സാദത്ത്
സി ഇ ഒ
കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)



വ്യത്യസ്ത പഠനശേഷിയുള്ള കുട്ടികളെ ഒരേ അളവുകോലിൽ അളക്കാതെ, അഭിരുചിക്കനുസരിച്ച് വ്യക്തിഗത പഠനം സാധ്യമാക്കാൻ നിർമ്മിത ബുദ്ധി അധ്യാപകരെ സഹായിക്കുന്നു. കുട്ടികളുടെ പഠന നിലവാരം വേഗത്തിൽ വിലയിരുത്താനും അവർക്ക് അനുയോജ്യമായ പഠന ഉള്ളടക്കങ്ങൾ രൂപപ്പെടുത്താനും ഇതിലൂടെ സാധിക്കുന്നു

എ ഐ യുഗത്തിലെ അധ്യാപനം സാധ്യതകൾ വെല്ലുവിളികൾ ബദലുകൾ



സാങ്കേതികവിദ്യയുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ വഴിത്തിരിവിലൂടെയാണ് നാം കടന്നുപോകുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ ഐ) എന്നത് വിദൂര ഭാവിയുടെ സങ്കൽപമല്ല, മറിച്ച് നമ്മുടെ ദൈനംദിന ജീവിതത്തെയും ക്ലാസ്മുറികളെയും സ്വാധീനിക്കുന്ന സജീവ യാഥാർഥ്യമായിക്കഴിഞ്ഞു. ഒരു വിരൽത്തുമ്പിൽ ഉപന്യാസങ്ങൾ ചമയ്ക്കാനും സങ്കീർണ്ണ സമവാക്യങ്ങൾ പരിഹരിക്കാനും പ്രോഗ്രാമിങ് കോഡുകൾ നിർമ്മിക്കാനും ജനറേറ്റിവ് എ ഐ ടൂളുകൾക്ക് സാധിക്കുന്ന ഇക്കാലത്ത് ആഗോളതലത്തിൽ ഏറ്റവും ഗൗരവത്തോടെ ഉന്നയിക്കപ്പെടുന്ന ചോദ്യമാണ് എ ഐ യുഗത്തിലെ അധ്യാപകന്റെ പങ്ക്. പരമ്പരാഗത അർഥത്തിലുള്ള 'വിവരദാതാവ്' എന്ന സ്ഥാനത്തുനിന്ന് അധ്യാപകർ മാറുമ്പോൾ, അറിവിനപ്പുറം കുട്ടികളെ വിവേകത്തിലേക്കും സർഗാത്മകതയിലേക്കും നയിക്കുന്ന വഴികാട്ടിയായി അധ്യാപകൻ മാറേണ്ടതിന്റെ പ്രാധാന്യമാണ് ഇന്ന് ചർച്ചയാകുന്നത്.

എ ഐ തുറന്നിടുന്ന അധ്യാപന സാധ്യതകൾ

എ ഐ സാധ്യതകളെക്കുറിച്ച് വാചാലമാകുമ്പോഴും അന്താരാഷ്ട്രതലത്തിലെ വിദ്യാഭ്യാസ ചർച്ചകളിൽ പൊതുവെ ഉയർന്നുവരുന്ന സമീപനം, എ ഐയെ അധ്യാപകന്റെ പകരക്കാരനായി കാണുന്നതിനു പകരം അധ്യാപകന്റെ ശേഷികളെ ശാക്തീകരിക്കുന്ന ഒരു 'കോ-പൈലറ്റ്' ആയി കാണണം അല്ലെങ്കിൽ മാത്രമാകണം എന്നതാണ്. ക്ലാസ്മുറികളിലെ വ്യത്യസ്ത പഠനശേഷിയുള്ള കുട്ടികളെ ഒരേ അളവുകോലിൽ അളക്കാതെ, ഓരോ രുത്തരുടെയും അഭിരുചിക്കനുസരിച്ച് വ്യക്തിഗത പഠനം (പേഴ്സണലൈസ്ഡ് ലേണിങ്) സാധ്യമാക്കാൻ എ ഐ അധ്യാപകരെ സഹായിക്കുന്നു. കുട്ടികളുടെ പഠന നിലവാരം വേഗത്തിൽ വിലയിരുത്താനും അവർക്ക് അനുയോജ്യമായ പഠന ഉള്ളടക്കങ്ങൾ രൂപപ്പെടുത്താനും ഇതിലൂടെ സാധിക്കുന്നു.


അധ്യാപകരുടെ സമയം കവർന്നെടുക്കുന്ന പാഠ്യപദ്ധതി രൂപീകരണങ്ങൾ, വിഭവനിർമ്മാണം, വിവിധ നിലവാരത്തിലുള്ള വർക്ക്ഷീറ്റുകൾ, മൂല്യനിർണ്ണയ സങ്കേതങ്ങൾ, മോണിറ്ററിങ് ടൂളുകൾ എന്നിവ തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലുമുള്ള അമിത അധ്വാനം ലഘൂകരിക്കാൻ എഐക്ക് കഴിയും. ഇത്തരം സാങ്കേതികവും ആവർത്തന സ്വഭാവമുള്ളതുമായ ജോലികളിൽ

ലാഭിക്കുന്ന വിലപ്പെട്ട സമയം കുട്ടികളുമായി നേരിട്ട് സംവദിക്കാനും അവരുടെ വൈകാരികവും സർഗ്ഗാത്മകവുമായ ആവശ്യങ്ങളെ പിന്തുണയ്ക്കാനും അധ്യാപകർക്ക് വിനിയോഗിക്കാൻ സാധിക്കും. കൂടാതെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഭാഷാപരമായ പ്രയാസങ്ങൾ നേരിടുന്നവർക്കും സ്പീച്ച്-ടു-ടെക്സ്റ്റ്, ചിത്രങ്ങൾ തിരിച്ചറിയാനുള്ള സംവിധാനങ്ങൾ, തത്സമയ വിവർത്തനങ്ങൾ, അസിസ്റ്റീവ് ഉപകരണങ്ങൾ എന്നിവയിലൂടെ തുല്യ പങ്കാളിത്തം ഉറപ്പാക്കാനും എഐ ടീച്ചർക്ക് കഴുത്താകുന്നു.

ക്ലാസ് മുറികൾ നേരിടുന്ന സങ്കീർണ്ണ വെല്ലുവിളികൾ

സാധ്യതകൾക്കൊപ്പം തന്നെ ഗൗരവതരമായ ധാർമിക-സാങ്കേതിക വെല്ലുവിളികളും എ ഐ ഉയർത്തുന്നുണ്ട്. തെറ്റായ വിവരങ്ങൾ തികഞ്ഞ ആത്മവിശ്വാസത്തോടെ നിർമ്മിച്ചുനൽകുന്ന 'ഹല്യൂസിനേഷൻ' (പൂർണ്ണമായും തെറ്റായതോ, യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതോ ആയ വിവരങ്ങൾ തികഞ്ഞ ആത്മവിശ്വാസത്തോടെ സത്യമെന്ന രീതിയിൽ അവതരിപ്പിക്കുന്നതാണ് ഹല്യൂസിനേഷൻ. എ ഐ) സ്വന്തമായി വിവരങ്ങൾ 'ഉണ്ടാക്കി' പറയുന്ന അവസ്ഥയാണിത്) രീതികൾ എ ഐ മോഡലുകളിൽ സാധാരണമാണ്.





ചിന്താശേഷിയെയും പ്രശ്നപരിഹാര മികവിനെയും സർഗാത്മക മികവിനെയും മന്ദീഭവിപ്പിച്ചേക്കാം. ഇതിനെല്ലാം പുറമെ കുട്ടികളുടെ പഠന വിവരങ്ങളും വ്യക്തിഗത ഡാറ്റയും ആഗോള കോർപ്പറേറ്റ് കമ്പനികൾ വാണിജ്യ ആവശ്യങ്ങൾക്കായി ചൂഷണം ചെയ്യാനുള്ള വലിയ സാധ്യതയും എ ഐ പ്ലാറ്റ്ഫോമുകൾ തുറന്നിടുന്നുണ്ട്. ഈ ഘട്ടത്തിലാണ് സാങ്കേതികവിദ്യയെ കേവലം അന്ധമായി സ്വീകരിക്കാതെ ഉത്തരവാദിത്വപൂർണ്ണമായ ഉപയോഗം ശീലമാക്കേണ്ടതിന്റെ ആവശ്യകത ഉയരുന്നത്. യന്ത്രങ്ങൾക്ക് പകർന്നുനൽകാൻ സഹാനുഭൂതി, ധാർമികത, വിമർശനാത്മക ചിന്ത, എന്നിവ ക്ലാസ്മുറികളിൽ ഉറപ്പുവരുത്താൻ

ത്താനുള്ള കഴിവിനേക്കാൾ, ആ ഉത്തരം എങ്ങനെ കണ്ടെത്തി, അതിന്റെ വിശ്വാസ്യത എങ്ങനെ പരിശോധിച്ചു, ലഭിച്ച വിവരത്തെ സ്വന്തം ചിന്തയിലൂടെ എങ്ങനെ വികസിപ്പിച്ചു എന്നതിനു പ്രാധാന്യം നൽകേണ്ടിവരും. പ്രോജക്ടുകൾ, വാചിക അവതരണങ്ങൾ, ചർച്ചകൾ, പ്രക്രിയാധിഷ്ഠിത വിലയിരുത്തൽ, പ്രശ്നാധിഷ്ഠിത പഠനം തുടങ്ങിയ രീതികൾക്ക് ഇതോടെ കൂടുതൽ പ്രസക്തിയുണ്ടാകും. എ ഐക്ക് ഉത്തരം എഴുതാൻ കഴിയുന്ന ഒരു കാലത്ത്, പഠിതാവിന് ആ ഉത്തരത്തെ ചോദ്യം ചെയ്യാനും വിശദീകരിക്കാനും കഴിയുന്നുണ്ടോ എന്നതാകും യഥാർഥ പഠനം നടന്നു എന്നതിന്റെ പ്രധാന സൂചകം.

ഇന്റർനെറ്റിലെ പ്രബലമായ വിവരങ്ങളെ ആസ്പദമാക്കി പ്രവർത്തിക്കുന്നതിനാൽ വംശീയവും സാംസ്കാരികവും ലിംഗപരവുമായ പക്ഷപാതങ്ങൾ എ ഐ അൽഗോരിതങ്ങളിൽ ഒളിഞ്ഞിരിപ്പുണ്ടാകും. നമ്മുടെ സവിശേഷമായ പ്രാദേശിക യാഥാർഥ്യങ്ങളെയോ സാമൂഹിക നീതിയെയോ പ്രതിഫലിപ്പിക്കാത്ത ഇത്തരം മുൻവിധികളെ തിരിച്ചറിയാനും ചോദ്യം ചെയ്യാനും കുട്ടികളെ പഠിപ്പിക്കേണ്ടത് അധ്യാപകരാണ്

കുട്ടികൾ ഇത്തരം വിവരങ്ങൾ വിമർശനരഹിതമായി സ്വീകരിക്കുമ്പോൾ തെറ്റായ ധാരണകൾ ആധികാരികമായി സ്ഥാപിക്കപ്പെടാൻ ഇടവരുന്നു. അതുപോലെ തന്നെ, ഇന്റർനെറ്റിലെ പ്രബലമായ വിവരങ്ങളെ ആസ്പദമാക്കി പ്രവർത്തിക്കുന്നതിനാൽ വംശീയവും സാംസ്കാരികവും ലിംഗപരവുമായ പക്ഷപാതങ്ങൾ (അൽഗോരിതമിക് ബയാസ്) എ ഐ അൽഗോരിതങ്ങളിൽ ഒളിഞ്ഞിരിപ്പുണ്ടാകും. നമ്മുടെ സവിശേഷമായ പ്രാദേശിക യാഥാർഥ്യങ്ങളെയോ സാമൂഹിക നീതിയെയോ പ്രതിഫലിപ്പിക്കാത്ത ഇത്തരം മുൻവിധികളെ തിരിച്ചറിയാനും ചോദ്യം ചെയ്യാനും കുട്ടികളെ പഠിപ്പിക്കേണ്ടത് അധ്യാപകരാണ്.

ചോദ്യങ്ങൾക്ക് ഞൊടിയിടയിൽ റെഡിമെയ്ഡ് ഉത്തരങ്ങൾ ലഭിക്കുന്നതും സാഹിത്യസൃഷ്ടിയടക്കമുള്ള ടാസ്കുകൾ ചെയ്തുതരുന്നതും കുട്ടികളുടെ സ്വന്തമായ അധ്യാപകന്റെ സാന്നിധ്യം കൂടിയേ തീരൂ. വീടുകളിലും സ്കൂളിനു പുറത്തും കുട്ടികൾ എഐ സംവിധാനങ്ങൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ അധ്യാപകർക്കൊപ്പം രക്ഷിതാക്കൾക്കും എ ഐ സാക്ഷരത അനിവാര്യമാണ്. കുട്ടികൾ ഉപയോഗിക്കുന്ന എഐ ഉപകരണങ്ങളുടെ സ്വഭാവം, സ്വകാര്യതാ പ്രശ്നങ്ങൾ, തെറ്റായ വിവരങ്ങളുടെ സാധ്യത, ഡീപ്ഫേക്ക് ഉൾപ്പെടെയുള്ള ഡിജിറ്റൽ അപകടങ്ങൾ എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന ധാരണ രക്ഷിതാക്കൾക്കും ഉണ്ടായിരിക്കണം.

മാറേണ്ടത് പഠനം മാത്രമല്ല, മൂല്യനിർണ്ണയവും

എ ഐയുടെ വരവോടെ അധ്യാപനരീതികൾക്കൊപ്പം മൂല്യനിർണ്ണയ രീതികളും പുനഃപരിശോധിക്കേണ്ടിവരുന്നു. ഒരു വിവരത്തിന്റെ ശരിയായ ഉത്തരം കണ്ടെ

സാങ്കേതികതയെ ജനകീയമാക്കുന്ന കേരള മാതൃക

ഈ അന്താരാഷ്ട്ര വെല്ലുവിളികളെയും എഐ വിപ്ലവത്തെയും കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്നത് കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തെ ശക്തമായ ഡിജിറ്റൽ അടിത്തറയിൽ നിന്നുകൊണ്ടാണ്. സാങ്കേതികവിദ്യ കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിൽ ഒരു ഉപഭോഗസംസ്കാരമായി മാറാതിരിക്കാൻ, സ്വതന്ത്ര സോഫ്റ്റ്വെയർ (ഫോസ്) നയത്തിലൂന്നി പൊതുവിദ്യാഭ്യാസ വകുപ്പ് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖേന നടത്തുന്ന ഇടപെടലുകൾ ഇന്ന് രാജ്യാന്തര തലത്തിൽത്തന്നെ മാതൃകയാകുന്നത്. എ ഐ യെ കുട്ടികൾക്ക് മുന്നിൽ ഒരു അത്ഭുതമായി അവതരിപ്പിക്കുന്നതിന്


പകരം, അതിന്റെ പിന്നിലെ സാങ്കേതിക യുക്തി മനസ്സിലാക്കാൻ സ്കൂൾ പാഠ്യപദ്ധതിയിൽ തന്നെ ഘടനാപരമായ മാറ്റങ്ങൾ വരുത്തി. ഏഴാം ക്ലാസ് മുതലുള്ള ഐ സി ടി പാഠപുസ്തകങ്ങളിൽ മെഷീൻ ലേണിങ്, കമ്പ്യൂട്ടർ വിഷൻ, നാച്ചുറൽ ലാംഗ്വേജ് പ്രോസസിങ്, പ്രോംപ്റ്റ് എൻജിനീയറിങ് തുടങ്ങിയ എ ഐ അടിസ്ഥാനങ്ങൾ ഉൾപ്പെടുത്തിയും, പിക്റ്റോബ്ലോക്സ് പോലുള്ള സ്വതന്ത്ര ടൂളുകൾ വഴി കുട്ടികൾ തന്നെ സ്വന്തമായി എ ഐ മാതൃകകൾ നിർമ്മിക്കുന്ന രീതിയിലും പാഠ്യപദ്ധതി വികസിപ്പിച്ചു.

ഏതൊരു സാങ്കേതിക മാറ്റവും വിജയകരമാകുന്നത് അധ്യാപകരിലൂടെ മാത്രമാണെന്ന തിരിച്ചറിവിൽ, വിക്ടേഴ്സ് ചാനലും 'സ്കൂൾ' പ്ലാറ്റ്ഫോമും ഉപയോഗിച്ച് പതിനായിരക്കണക്കിന് അധ്യാപകർക്കാണ് കൈറ്റ് വഴി ജനറേറ്റീവ് എഐയുടെ പ്രായോഗികവും ഉത്തരവാദിത്തപൂർണ്ണവുമായ ഉപയോഗത്തിൽ സമഗ്ര പരിശീലനം നൽകിയത്. വിപണിയിലെ വാണിജ്യ മോഡലുകൾക്ക് പിന്നാലെ പോകാതെ, സംസ്ഥാനത്തിന്റെ പാഠ്യപദ്ധതിക്ക് അനുസൃതമായി കൈറ്റ് സ്വന്തമായി വികസിപ്പിച്ച എഐ ആർക്കിടെക്ചർ ഈ രംഗത്തെ നിർണ്ണായക ചുവടുവെപ്പാണ്. 'സമഗ്ര പ്ലസ്' വഴി ടീച്ചിങ് മാന്വലുകൾ, ഉയർന്ന ചിന്താശേഷി ആവശ്യമുള്ള ചോദ്യങ്ങൾ, ഭാഷിണി വഴിയുള്ള ഭാഷാവിവർത്തനങ്ങൾ എന്നിവ അധ്യാപകർക്ക് ലഭ്യമാക്കുന്നു.

എ ഐ ഉപയോഗത്തിലെ ഏറ്റവും അപകടകരമായ വശം ഉത്തരങ്ങളുടെ കൃത്യതയല്ല, മറിച്ച് അത് സൃഷ്ടിക്കുന്ന ധൈഷണിക കടമാണ്. വായനയും എഴുത്തും ചിന്തയുടെ ഭൗതികരൂപങ്ങളാണ്; ഒരു വാചകം വായിക്കുമ്പോൾ അർഥം ഊഹിച്ചെടുക്കുകയും സന്ദർഭവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയിലൂടെയും, എഴുതുമ്പോൾ ആശയങ്ങൾ ക്രമീകരിക്കുകയും യുക്തി പരിശോധിക്കുകയും വാക്കുകൾ തിരഞ്ഞെടുക്കുകയും ചെയ്യുന്ന പ്രക്രിയയിലൂടെയുമാണ് അറിവ് രൂപപ്പെടുവരുന്നത്. അധ്യാപകനും വിദ്യാർഥിക്കും ഇത് ആവശ്യമാണ്. എ ഐ ഈ പ്രക്രിയ മുഴുവനായി റദ്ദ് ചെയ്യുമ്പോൾ, വിദ്യാർഥിക്ക് ലഭിക്കുന്നത് 'പൂർത്തിയായ ഉൽപന്നം' മാത്രമാണ്, എന്നാൽ ആ ഉൽപന്നം നിർമ്മിക്കാനുള്ള ശേഷി അവനിൽ വളരുന്നില്ല. ഈ പരിമിതി മറികടക്കുന്നതിനാണ് പഠിതാവിന്റെ ഇടപെടലുകളിലൂടെ പഠനം സാധ്യമാക്കുന്ന ഇന്ററാക്റ്റീവ് പഠന വിഭവങ്ങൾ സമഗ്ര പ്ലസ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

'താരാപഥം', 'മുകുളം'.. കേരളം വഴികൾ

സർക്കാരിന്റെ നൂറു ദിന കർമ്മപരിപാടിയുടെ ഭാഗമായി കൈറ്റ് തയ്യാറാക്കിയ 'താരാപഥം' പദ്ധതി പുതിയ എഐ കാലത്തെ അക്കാദമിക ബദൽ കൂടിയാണ്. ക്ലാസ്മുറികളിൽ പഠനപിന്നാക്കാവസ്ഥ



നേരിടുന്ന കുട്ടികളെ ശാസ്ത്രീയമായി കണ്ടെത്തി അവർക്ക് കൃത്യമായ പരിഹാരബോധനം നൽകാൻ കൂടിയാണ് 'താരാപഥം' ലക്ഷ്യമിടുന്നത്. ഓരോ കുട്ടിയുടെയും പഠനവിടവുകൾ എ ഐ അധിഷ്ഠിത വിശകലനത്തിലൂടെ മുൻകൂട്ടി തിരിച്ചറിയാനും, അവർക്കനുയോജ്യമായ പ്രത്യേക പഠനസാമഗ്രികളും വർക്ക്ഷീറ്റുകളും അധ്യാപകർക്ക് രൂപപ്പെടുത്താനും ഈ പദ്ധതി വഴി സാധിക്കുന്നു. പരമ്പരാഗത രീതിയിൽ ഓരോ കുട്ടിയുടെയും പഠനപിന്നാക്കാവസ്ഥ രേഖപ്പെടുത്താനും പ്രതിവിധികൾ കണ്ടെത്താനും അധ്യാപകർ എടുത്തിരുന്ന അധിക ഭാരം ലഘൂകരിക്കുന്നതിനൊപ്പം, സ്വകാര്യ എഡ്ടെക് ഏജൻസികൾ വലിയ തുക ഈടാക്കി നൽകുന്ന ഇത്തരം വ്യക്തിഗത പഠനപിന്തുണ പൊതുവിദ്യാലയങ്ങളിലെ സാധാരണക്കാരായ വിദ്യാർഥികൾക്ക് തികച്ചും സൗജന്യമായി ഉറപ്പാക്കാനും ഇതുവഴി കഴിയുന്നുണ്ട്.

കൂടാതെ, ഹയർ സെക്കൻഡറി കുട്ടികൾക്കായി തുടങ്ങിയ 'മുകുളം' പദ്ധതി വിദ്യാർഥികൾക്ക് സ്വയം വിലയിരുത്തലിനും വ്യക്തിഗത പഠനത്തിനും എൻട്രൻസ് പരീക്ഷാ പരിശീലനത്തിനും സൗജന്യ അവസരമൊരുക്കുന്നു. പാഠ്യപദ്ധതി അനുശാസിക്കുന്ന രീതിശാസ്ത്രവും നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളും കുട്ടിയുടെ പ്രായവും കണക്കിലെടുത്തുകൊണ്ടാണ് താരാപഥം, മുകുളം തുടങ്ങിയ വയിലെ എ ഐ ഉള്ളടക്കങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. ഇതിനൊപ്പം, ഡീപ്ഫേക്കുകളും സൈബർ ചതിക്കുഴികളും ഒഴിവാക്കാനും കുട്ടികളുടെ വിവരങ്ങൾ ചോരാതിരിക്കാനും രാജ്യത്താദ്യമായി നടപ്പിലാക്കിയ സ്കൂൾ സൈബർ സേഫ്റ്റി പ്രോട്ടോക്കോളും പ്രാദേശിക സെർവറുകളുടെ ഉപയോഗവും ഡിജിറ്റൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. ഇതെല്ലാം സ്വകാര്യ ചാറ്റ്ബോട്ടുകളെയും മറ്റും അന്ധമായി ആശ്രയിക്കാതെയും സ്വകാര്യതയും സുരക്ഷയും ബലികൊടുക്കാതെയും പൂർണ്ണമായും അധ്യാപകരുടെ മേൽനോട്ടത്തിൽ, നമ്മുടെ അക്കാദമിക് ചട്ടക്കൂടിനകത്തുള്ള ഡാറ്റാസെറ്റുകൾ പ്രയോജനപ്പെടുത്തിയാണ് നടപ്പാക്കുന്നത് എന്നതാണ് കേരളത്തിന്റെ ബദൽ വഴികളുടെ പ്രാധാന്യം.

എ ഐ യുടെ വിപ്ലവകാലത്ത് അധ്യാപകന്റെ പങ്ക് ചുരുങ്ങുകയല്ല, മറിച്ച് മുമ്പത്തേക്കാളും പ്രസക്തവും ശക്തവുമാകുകയാണ് ചെയ്യുന്നത്. ഇതിനായി അൽഗോരിതങ്ങളുടെ പരിമിതികളും അപകടങ്ങളും മുൻകൂട്ടി കണ്ടുകൊണ്ട് അവയെ ക്രിയാത്മകമായി ഉപയോഗിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന ദിശാബോധമാണ് അധ്യാപകർ നൽകേണ്ടത്. സാങ്കേതികവിദ്യ എത്രമേൽ വിസ്മയം തീർത്താലും അതിന്റെ നിയന്ത്രണം വിവേകമുള്ള മനുഷ്യന്റെ കൈകളിലായിരിക്കണം എന്നതാണ് കേരളത്തിന്റെ ബദൽ നയം. അതായത്, യന്ത്രങ്ങൾ നൽകുന്ന വിവരങ്ങൾ എത്രത്തോളം ശരിയാണെന്ന് തിരിച്ചറിയാനും അവ സമൂഹത്തിന് ഉപകാരപ്പെടുന്ന രീതിയിൽ എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് ചിന്തിക്കാനും കുട്ടികളെ പ്രേരിപ്പിക്കുന്നത് അധ്യാപകന്റെ ഇടപെടലുകളാണ്. വെറും അറിവ് നൽകുന്നതിലുപരി സ്നേഹവും മൂല്യങ്ങളും പകർന്നുനൽകി, നല്ലതിനെ തിരഞ്ഞെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ഒരു യഥാർഥ വഴികാട്ടിയായി അധ്യാപകർ ക്ലാസ് മുറിയിൽ തുടരുക തന്നെ ചെയ്യും. ■

ഡോ. ജയപ്രകാശ്. ആർ
പ്രൊഫസർ, പീഡിയാട്രിക്സ് വിഭാഗം, ശിശുമാനസികാരോഗ്യ വിദഗ്ധൻ
ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം



കൗമാരക്കാരുടെ മിക്ക പ്രശ്നങ്ങളും സ്കൂൾ തലത്തിൽ വെച്ച് തന്നെ പ്രകടമാകുന്നതാണ്. അതുകൊണ്ട് പ്രശ്നങ്ങൾ സ്കൂൾ തലത്തിൽ വെച്ച് കണ്ടെത്തുന്നതിനും ശാസ്ത്രീയമായി ഇടപെടുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്

പൊതുവിദ്യാഭ്യാസത്തിൽ കുട്ടികളുടെ മാനസികാരോഗ്യത്തിന്റെ പ്രസക്തി



കൗമാര കാലം സവിശേഷമായ വികാസഘട്ടമാണ്. ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയുടെ ഈ ഘട്ടത്തിൽ അവർ സങ്കീർണ്ണവും സ്വാഭാവികവുമായ വിവിധ പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. വ്യക്തി-സുഹൃത്ത്-കുടുംബ-അക്കാദമിക-വൈകാരിക-ലൈംഗികതലങ്ങളിലുണ്ടാകുന്ന വിവിധങ്ങളായ വെല്ലുവിളികളാണ് അവരുടെ മാനസികസംഘർഷത്തിന് അടിസ്ഥാന കാരണം. സവിശേഷമായ കൗമാരവികാസഘട്ടതാൽപര്യങ്ങളും ആകാംക്ഷകളുമാണ് അവരെ നിയന്ത്രിക്കുന്നത്. വരും വരായ്കകളെക്കുറിച്ച് ചിന്തിക്കാതെയുള്ള എടുത്തുചാട്ട പ്രവണതകൾ മൂലം ആൺ-പെൺ ഭേദമെന്യേ അവർ നിരന്തര പ്രതിസന്ധികളിൽപ്പെട്ടുകൊണ്ടിരിക്കുന്നു. വിചാരങ്ങളല്ല, പകരം വികാരങ്ങളായിരിക്കും മിക്കപ്പോഴും അവരെ നയിക്കുന്നത്. ഇതിനോടൊപ്പം ശാസ്ത്ര സാങ്കേതികവിദ്യയുടെ അനന്തമായ സാധ്യതകൾ വിശിഷ്യ ദൃശ്യ-സാമൂഹിക മാധ്യമങ്ങൾ അവരെ നിയന്ത്രിക്കുന്നതിലും ഭ്രമിപ്പിക്കുന്നതിലും പ്രലോഭിപ്പിക്കുന്നതിലും വഹിക്കുന്ന പങ്ക് ചെറുതല്ല.

ഇന്നത്തെ ഉത്തരാഗോളീകരണ സാഹചര്യത്തിൽ എല്ലാറ്റിനുമുപരിയായി സമൂഹത്തിന്റെ താൽപര്യങ്ങളും മൂല്യബോധവും അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു. ഇതും അവരിൽ പ്രതിഫലിക്കുന്നുണ്ട്. എന്നാൽ കൗമാരക്കാർ ഇത്തരത്തിൽ സങ്കീർണ്ണമായ ആന്തരിക വൈകാരിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുവെന്ന് പൊതുസമൂഹം ഇനിയും കാര്യമായി തിരിച്ചറിയുന്നില്ല.

അനുസരണക്കേട്, തർക്കസ്വഭാവം, കൂട്ടുകാരാൽ അമിതമായി സ്വാധീനിക്കപ്പെടുക, പഠനത്തിൽ പിന്നാക്കം പോകുക, പരീക്ഷാഭീതി, പ്രേമം, ലൈംഗികപ്രവണതകൾ, അശ്ലീല ചിത്രങ്ങൾ കാണുക, സാമൂഹിക മാധ്യമങ്ങളുടെ അമിതമായ ദുരുപയോഗം, മയക്കുമരുന്നുപയോഗം എന്നിങ്ങനെ നീളുന്ന കൗമാരക്കാരെക്കുറിച്ചുള്ള മാതാപിതാക്കളുടെയും അധ്യാപകരുടെയും പരാതികൾ.

പഠനപിന്നാക്കവും മാനസികാരോഗ്യപ്രശ്നങ്ങളും

പഠനപിന്നാക്കാവസ്ഥയെന്നത് സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ഓരോ വിദ്യാർഥിയുടെയും പഠന പിന്നാക്കാവസ്ഥയ്ക്ക് കാരണമായി വരുന്ന പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തി അതിനനുസൃതമായ വ്യക്തിഗത ഇടപെടലാണ് വേണ്ടിവരുന്നത്. സ്വാഭാവികമായ കൗമാര വികാസഘട്ട വെല്ലുവിളികൾ കൂടാതെ ഏകദേശം 7-22%

കൗമാരക്കാർ ഗൗരവതരമായ മാനസികാരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട് (ലോകാരോഗ്യ സംഘടന 2004). കൗമാരക്കാരിൽ വലിയ തോതിൽ ആത്മഹത്യാപ്രവണതയും കുറ്റവാസനയും സ്വഭാവവൈകൃതങ്ങളും വർധിച്ചുവരുന്നു. ഇവ കൂടാതെ ഉത്കണ്ഠാരോഗങ്ങൾ, വിഷാദം, സ്കിസോഫ്രീനിയ, ഉന്മാദ രോഗം, മദ്യം, മയക്കുമരുന്ന് ഉപയോഗം എന്നിവയും ഗൗരവതരമായ പ്രശ്നങ്ങളാണ്. കൗമാരക്കാർ വലിയതോതിൽ ലൈംഗിക പീഡനങ്ങൾക്ക് ഇരയാകുന്നതിനോടൊപ്പം അവർ തന്നെ ഇത്തരം കാര്യങ്ങളിൽ കുറ്റവാളികളാകുന്ന പ്രവണതയും വർധിച്ചുവരുന്നുണ്ട്.

സ്കൂൾ തലത്തിലെ കണ്ടെത്തലും ഇടപെടലും

മുതിർന്നവരിൽ കാണുന്ന മാനസികാരോഗ്യപ്രശ്നങ്ങളിൽ പകുതിയും ആരംഭിക്കുന്നത് കൗമാരകാലത്താണ്. അതായത് കൗമാരക്കാരുടെ മിക്ക പ്രശ്നങ്ങളും സ്കൂൾ തലത്തിൽ വെച്ച് തന്നെ പ്രകടമാകുന്നതാണ്. അതുകൊണ്ട് പ്രശ്നങ്ങൾ സ്കൂൾ തലത്തിൽ വെച്ച് കണ്ടെത്തുന്നതിനും ശാസ്ത്രീയമായി ഇടപെടുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്. എന്നാൽ കൗമാര മാനസികാരോഗ്യപ്രശ്നങ്ങൾ കാലേകൂട്ടി സ്കൂളന്തരീക്ഷത്തിൽ വെച്ച് തന്നെ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ നമുക്ക് ഇനിയും മുന്നേറുവാനുണ്ട്.

കുടുംബം, വ്യക്തിഗതം, സുഹൃത്തുക്കൾ, പഠനം, വൈകാരികം, ലൈംഗികം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വരുന്ന കൗമാരക്കാരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ സവിശേഷമായ കൗമാര വികാസഘട്ടത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് വേണം പരിഹരിക്കേണ്ടത്. അക്കാദമിക (പഠനവൈകല്യമടക്കം) വൈകാരിക പ്രശ്നങ്ങൾ നേരിടുന്നതിന് അവരെ സ്വയം പ്രാപ്തരാക്കേണ്ടതുണ്ട്. ഇവിടെ കൗമാര വികാസ മനഃശാസ്ത്രത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. ഇക്കാര്യത്തിൽ അധ്യാപകർക്കും മാതാപിതാക്കൾക്കും നിർണ്ണായകമായ പങ്ക് വഹിക്കുന്നതിന് കഴിയുന്നതാണ്. എന്നാൽ കൗമാരക്കാരുടെ സവിശേഷമായ പ്രശ്നങ്ങളെക്കുറിച്ച് പൊതുവിൽ അജ്ഞത നിലനിൽക്കുന്നുണ്ട്.

കുട്ടികൾ ഉണർന്നിരിക്കുന്ന സമയത്ത് കൂടുതൽ നേരവും ചെലവിടുന്നത് സ്കൂളുകളിലാണ്. ഇത് പ്രയോജനപ്പെടുത്തി നമ്മുടെ അധ്യാപകരെ ശരിയായ നിലയിൽ ശിശു മാനസികാരോഗ്യ മേഖലയിലും കൗമാര കൗൺസിലിങ്ങിലും പരിശീലിപ്പിച്ചാൽ, സ്കൂൾ തലത്തിൽ വെച്ച് തന്നെ അവരുടെ പ്രശ്നങ്ങൾ തിരിച്ച് അറിഞ്ഞ് ശരിയായ ഇടപെടലുകൾ നടത്താൻ നമുക്ക് കഴിയും. ഇത് ലോകാരോഗ്യ സംഘടന തന്നെ മുന്നോട്ടുവച്ച ആശയമാണ്. അവർ പഠനത്തിലും സ്വഭാവത്തിലും വൈകാരിക പ്രശ്നങ്ങളിലും നേരിടുന്ന വെല്ലുവിളികൾ അധ്യാപകർക്ക് കണ്ടെത്താൻ കഴിയുന്നതാണ്. സ്കൂളുകൾ കേവലം സിലബസ് പഠന കേന്ദ്രങ്ങൾ മാത്രമാക്കി ചുരുക്കാതെ അവരുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസത്തിന് പ്രാധാന്യം നൽകണം. അങ്ങനെ അവരുടെ സർവതോന്മുഖമായ വികാസത്തിനായി പ്രവർത്തിക്കുന്ന കേന്ദ്രം കൂടിയായി മാറണം നമ്മുടെ സ്കൂളുകൾ.



മുന്നോട്ടുള്ള വഴികൾ

സ്കൂളുകളിൽ ശിശുമാനസികാരോഗ്യ സേവനം നൽകുകയെന്ന ഈ ലക്ഷ്യം മുന്നിൽവെച്ച് നമ്മുടെ സ്കൂളുകളിൽ രണ്ട് പ്രധാന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഒന്നാമതായി സ്കൂളുകളിൽ കൗൺസിലർമാരെ നിയമിച്ച്, അവർക്ക് പരിശീലനം നൽകി. അവർ ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. രണ്ടാമതായി തിരഞ്ഞെടുത്ത അധ്യാപകരെ പ്രാഥമിക കൗൺസിലർമാരായി പരിശീലിപ്പിച്ചു. എന്നാൽ ഈ കാര്യത്തിൽ മികച്ച രീതിയിൽ മുന്നേറാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. പ്രധാനമായും രണ്ട് പ്രശ്നങ്ങളാണ് ഉള്ളത്. എല്ലാ സ്കൂളുകളിലും കൗൺസിലർമാരെ നിയമിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുപോലെ അധ്യാപകരെ മതിയായ അളവിൽ പ്രാഥമിക കൗൺസിലർമാരായി പരിശീലിപ്പിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടില്ല. ഈ പ്രവർത്തനങ്ങളിൽ നമുക്ക് ഇനിയും മുന്നേറുവാനുണ്ട്.

ചുരുക്കത്തിൽ കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യപ്രശ്നങ്ങൾക്ക് സ്കൂൾ തലത്തിൽ വെച്ച് തന്നെ അധ്യാപകരുടെ നേതൃത്വത്തിൽ പ്രാഥമികമായ ഇടപെടൽ ഉണ്ടാക്കുക. അതിനായി അധ്യാപകരെ പ്രാപ്തരാക്കുക. ഒപ്പം സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനവും ഉപയോഗപ്പെടുത്തുക.

അങ്ങനെ ഈ ഇടപെടലിൽ പരിഹരിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ ആ കുട്ടികളെ മാനസികാരോഗ്യ വിദഗ്ധരുടെ അടുക്കലേക്ക് റഫർ ചെയ്യുക. ഇത്തരത്തിൽ ഓരോ സ്കൂളിലും അവരുടെ പ്രാദേശിക മായി മാനസികാരോഗ്യ വിദഗ്ധരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി വയ്ക്കുക. അത് ആവശ്യം വരുമ്പോൾ ഉപയോഗിക്കാം. ■

ഡോ. ബെല ജി. കെ
പ്രൊഫസർ & ഹെഡ്
കൃഷി വിജ്ഞാന കേന്ദ്രം, വയനാട്



ഭക്ഷണവും വിദ്യാഭ്യാസവും സാമൂഹിക ക്ഷേമവും പരസ്പരം ബന്ധിപ്പിച്ചാണ് കേരളം പൊതുവിദ്യാഭ്യാസത്തെ കണ്ടത്. അതുകൊണ്ടുതന്നെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഒരു ഭക്ഷണവിതരണപദ്ധതി മാത്രമല്ല. കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ സാമൂഹിക അടിത്തറയിൽ അതിനൊരു പ്രധാന സ്ഥാനമുണ്ട്

ഒരു ഉച്ചഭക്ഷണപാത്രം പറയുന്നത്...



ത്രിദേവ് വള്ളിയത്ത് ക്ലാസ് 9, എബനേസർ എച്ച് എസ് എസ് വീട്ടൂർ

മതിയായ എനർജിയും പ്രോട്ടീനും സൂക്ഷ്മപോഷകങ്ങളും, നല്ല ഉറക്കവും, ശാരീരിക പ്രവർത്തനവും, കളിയും, വായനയും, സുരക്ഷിതമായ കുടുംബാന്തരീക്ഷവും, സ്നേഹവും, പഠനാനുഭവങ്ങളും എല്ലാം ചേർന്നാണ് ഒരു കുട്ടിയുടെ ബൗദ്ധിക വികാസം സാധ്യമാകുന്നത്. അതുകൊണ്ടുതന്നെ സ്കൂൾ ഭക്ഷണം ഇനി "വയറുനിറയ്ക്കാനുള്ള പദ്ധതി" എന്നതിൽ ഒതുങ്ങേണ്ടതില്ല; അത് കുട്ടിയുടെ സമഗ്ര വളർച്ചയെ പിന്തുണയ്ക്കുന്ന ഒരു ഇടപെടലായി കാണേണ്ടതാണ്.

"അമ്മേ... ഇന്ന് സ്കൂളിൽ എന്താ കറി?"

രാവിലെ യൂണിഫോമിന്റെ അവസാന ബട്ടൺ ഇടുന്നതിനിടയിൽ മകൻ ചോദിച്ചു.

"എന്താ ഇന്ന് കറിയെക്കുറിച്ച് ഇത്ര ആകാംക്ഷ?"

"ഇന്നലെ കിട്ടിയ സാമ്പാർ നല്ലതായിരുന്നു... ഇന്ന് എന്താണെന്ന് അറിയണം!"

അമ്മ ചിരിച്ചു.

"എന്തായാലും നന്നായി കഴിക്കണം. ഒന്നും ബാക്കി വെക്കരുത്."

ബാഗും എടുത്ത് കുട്ടി സ്കൂളിലേക്കോടി.

വാതിൽക്കൽ നിന്ന് അവനെ നോക്കിനിൽക്കുമ്പോൾ ആ അമ്മയ്ക്ക് അറിയില്ലായിരുന്നു അവൻ സ്കൂളിൽ കഴിക്കാൻ പോകുന്ന ആ ഒരു നേരത്തെ ഭക്ഷണത്തിന് അവന്റെ ആരോഗ്യത്തിലും പഠനത്തിലും ഭാവിയിലും ഇത്ര വലിയ പങ്കുണ്ടെന്ന്.

ഒരു കുട്ടിയുടെ ഉച്ചഭക്ഷണം നമുക്ക് പലപ്പോഴും വളരെ ലളിതമായാണ് തോന്നുന്നത്. ചോറ്, കറി, പച്ചക്കറി, മുട്ട. വയറുനിറഞ്ഞു.

കൂട്ടി വീണ്ടും ക്ലാസിലേക്ക്.

പക്ഷേ, ആ പ്ലേറ്റിനെ ഒരു പോഷകശാസ്ത്രജ്ഞന്റെ കണ്ണിലൂടെ നോക്കിയാൽ കഥ കുറച്ചുകൂടി വലുതാണ്.

അവിടെ എനർജി, പ്രോട്ടീൻ, ഇരുമ്പ്, ഫോളേറ്റ്, വിറ്റാമിൻ B12 പോലുള്ള സൂക്ഷ്മ പോഷകങ്ങൾ ഉണ്ട്. വളരുന്ന ശരീരത്തിനും വികസിക്കുന്ന മസ്തിഷ്കത്തിനും ആവശ്യമായ പോഷകങ്ങളുണ്ട്. ഒരു കൂട്ടി ക്ലാസ് മുറിയിൽ ഇരുന്ന് അധ്യാപകനെ ശ്രദ്ധിക്കുമ്പോൾ, പുതിയ കാര്യങ്ങൾ ഓർമ്മിക്കുമ്പോൾ, വായിക്കുമ്പോൾ, എഴുതുമ്പോൾ, ഒരു ഗണിതപ്രശ്നത്തിന് ഉത്തരം കണ്ടെത്തുമ്പോൾ അവന്റെ മസ്തിഷ്കം നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ മസ്തിഷ്കത്തിനും വേണം നല്ല ഭക്ഷണം.

വിശപ്പിനപ്പുറമുള്ള ശാസ്ത്രം

വിശപ്പും പോഷകക്കുറവും കൂട്ടിയുടെ ശാരീരിക വളർച്ചയെ മാത്രമല്ല ബാധിക്കുന്നത്. ശ്രദ്ധ, പഠനത്തിൽ ഏർപ്പെടാനുള്ള കഴിവ്, സ്കൂൾ പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം തുടങ്ങിയവയെയും പോഷകാവസ്ഥ സ്വാധീനിക്കാം. പ്രത്യേകിച്ച് ഇരുമ്പ് ശരീരത്തിലെ ഓക്സിജൻ സംവഹണത്തിനും തലച്ചോറിന്റെ പ്രവർത്തനത്തിനും പ്രധാനമാണ്. ഫോളേറ്റ്, വിറ്റാമിൻ B12 എന്നിവ രക്തകോശ നിർമ്മാണത്തിലും നാഡീവ്യൂഹത്തിന്റെ സാധാരണ പ്രവർത്തനങ്ങളിലും പ്രധാന പങ്കുവഹിക്കുന്നു.

എന്നാൽ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. കൂട്ടിയുടെ ബുദ്ധിവികാസം നിർണ്ണയിക്കുന്നത് ഏതെങ്കിലും ഒരു പോഷകം മാത്രമല്ല. മതിയായ എനർജിയും പ്രോട്ടീനും സൂക്ഷ്മപോഷകങ്ങളും, നല്ല ഉറക്കവും, ശാരീരിക പ്രവർത്തനവും, കളിയും, വായനയും, സുരക്ഷിതമായ കുടുംബാന്തരീക്ഷവും, സ്നേഹവും, പഠനാനുഭവങ്ങളും എല്ലാം ചേർന്നാണ് ഒരു കൂട്ടിയുടെ ബൗദ്ധിക വികാസം സാധ്യമാകുന്നത്.

അതുകൊണ്ടുതന്നെ സ്കൂൾ ഭക്ഷണം ഇനി "വയറുനിറയ്ക്കാനുള്ള പദ്ധതി" എന്നതിൽ ഒതുങ്ങേണ്ടതില്ല; അത് കൂട്ടിയുടെ സമഗ്ര വളർച്ചയെ പിന്തുണയ്ക്കുന്ന ഒരു ഇടപെടലായി കാണേണ്ടതാണ്.

പ്ലേറ്റിൽ ഒളിഞ്ഞിരിക്കുന്ന കേരളത്തിന്റെ ആശയം

പോഷണവും പോഷകവും വിദ്യാഭ്യാസവും ഒരു പ്ലേറ്റിൽ നിറയ്ക്കുന്ന വലിയ ആശയവും അതിന്റെ പ്രായോഗികതയും കേരളം വളരെ നേരത്തെ തന്നെ തിരിച്ചറിഞ്ഞിരുന്നു. എല്ലാം കൂട്ടികളെയും സ്കൂളിലെത്തിക്കുക എന്നതിൽ തുടങ്ങുകയായി അതിന്റെ ആദ്യപടി. വിശപ്പില്ലാതെ പഠിക്കാൻ അവസരമൊരുക്കുന്നതിലൂടെ ആരോഗ്യത്തോടെ വളരുന്ന ഒരു തലമുറയെ വാർത്തെടുക്കുകയാണ്.



ആലിയ പർവീൺ, ക്ലാസ് 5, സെയിന്റ് റോക്സ്, എച്ച് എസ് , തോപ്പ്



നിരഞ്ജന എസ് അരുൺ, ഗവ: മോഡൽ എച്ച് എസ് എൽ പി എസ് തൈക്കാട്

ഭക്ഷണവും വിദ്യാഭ്യാസവും സാമൂഹിക ക്ഷേമവും പരസ്പരം ബന്ധിപ്പിച്ചാണ് കേരളം പൊതുവിദ്യാഭ്യാസത്തെ കണ്ടത്. അതുകൊണ്ടുതന്നെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഒരു ഭക്ഷണവിതരണ പദ്ധതി മാത്രമല്ല. കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ സാമൂഹിക അടിത്തറയിൽ അതിനൊരു പ്രധാന സ്ഥാനമുണ്ട്.

ഇന്ന് യുനിസെഫ് ഡബ്ല്യു എഫ് പി തുടങ്ങിയ ആഗോള ഏജൻസികളും ഭക്ഷണം, പോഷകം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയെ പരസ്പരം ബന്ധിപ്പിച്ചാണ് കുട്ടികളുടെ ക്ഷേമത്തെ കാണുന്നത്. ഐക്യരാഷ്ട്രസഭയുടെ എസ് ഡി ജി 2സീറോ ഹംഗർ വിശപ്പില്ലായ്മയും മെച്ചപ്പെട്ട പോഷണവും ലക്ഷ്യമിടുമ്പോൾ, എസ് ഡി ജി 4 ക്വാളിറ്റി എഡ്യൂക്കേഷൻ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

ഒരു അർഥത്തിൽ, കേരളത്തിന്റെ സ്കൂൾ ഉച്ചഭക്ഷണപാത്രം ഈ രണ്ട് ലക്ഷ്യങ്ങളെയും ഒരുമിച്ച് സ്പർശിക്കുന്നു.

അരിയിൽ ഒരു ചെറിയ മാറ്റം

നമ്മുടെ ഭക്ഷണശീലത്തിൽ അരിക്ക് വലിയ സ്ഥാനമുള്ളതിനാൽ അരിയിലൂടെ ഇരുമ്പ്, ഫോളിക് ആസിഡ്, വിറ്റാമിൻ B12 തുടങ്ങിയ സൂക്ഷ്മ പോഷകങ്ങൾ നൽകാനുള്ള ശ്രമം പൊതുപോഷണത്തിൽ പ്രാധാന്യമുള്ള ഇടപെടലാണ്. ഇവിടെയാണ് ഫോർട്ടിഫൈഡ് അരി ശ്രദ്ധേയമാകുന്നത്. "ഫോർട്ടിഫൈഡ് അരി കൊടുത്താൽ എന്റെ കുട്ടി കൂടുതൽ ബുദ്ധിമാനാകുമോ?"



അയാൻ റൂമി, ക്ലാസ്സ് - 4, ഗവ: മോഡൽ എച്ച് എസ് എൽ പി എസ് തൈക്കാട്

എന്ന് ഒരമ്മ സ്വാഭാവികമായി ചോദിച്ചേക്കാം.എന്നാൽ ഉത്തരം അത്ര ലളിതമല്ല.

ഫോർട്ടിഫൈഡ് അരി ഒരു ഒറ്റമൂലിയല്ല. ഏതെങ്കിലുമൊരു കുട്ടിയുടെ ബൗദ്ധിക വികാസം ഒരു ഭക്ഷണപദാർഥം കൊണ്ടു മാത്രം നിർണ്ണയിക്കപ്പെടുന്നില്ല.എന്നാൽ ചില സൂക്ഷ്മപോഷകങ്ങളുടെ കുറവ് കുട്ടിയുടെ ആരോഗ്യത്തെയും പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും ബാധിച്ചേക്കാം. അതിനാൽ ഫോർട്ടിഫൈഡ് അരി സമതുലിതവും വൈവിധ്യമാർന്നതുമായ ഭക്ഷണത്തിന്റെ ഒരു ഭാഗം എന്ന നിലയിലാണ് കാണേണ്ടത്. അതാണ് ശാസ്ത്രീയമായ സമീപനം. അമിതമായ വാദാനങ്ങളില്ലാതെ, ലഭ്യമായ പോഷകശാസ്ത്രത്തെ പ്രായോഗികമായി ഉപയോഗപ്പെടുത്തുക.

ഒരു പ്ലേറ്റിനു പിന്നിലെ നേർക്കാഴ്ചകൾ

ഒരു കുട്ടിയുടെ പ്ലേറ്റിൽ ഭക്ഷണം എത്തുന്നതിന് മുമ്പ് എത്ര കൈകളാണ് പ്രവർത്തിക്കുന്നത് എന്ന് ചിന്തിച്ചിട്ടുണ്ടോ? രാവിലെ നേരത്തെ സ്കൂളിലെത്തുന്ന പാചകത്തൊഴിലാളി. അരി കഴുകുന്ന കൈകൾ. പച്ചക്കറി അരിയുന്ന കൈകൾ. ചൂടുള്ള അടുക്കളയിൽ മണിക്കൂറുകളോളം നിൽക്കുന്ന ശരീരം. ഭക്ഷണം പാകം ചെയ്ത് കുട്ടികൾക്ക് വിളമ്പുന്ന കൈകൾ. ഇങ്ങനെ എണ്ണമറ്റ അധ്വാനത്തിന്റെ ഫലമായാണ് ഒരു സർക്കാർ പദ്ധതി കുട്ടിയുടെ മുന്നിലെ ചൂടുള്ള ഭക്ഷണമായി മാറുന്നത്.

ഈ പശ്ചാത്തലത്തിൽ 2026-27ലെ കേരള ബജറ്റിൽ സ്കൂൾ പാചകത്തൊഴിലാളികളുടെ പ്രതിദിന വേതനം 1000 രൂപ വർധിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനം ശ്രദ്ധേയമാണ്.

ഇത് ഒരു വേതനപരിഷ്കരണം മാത്രമല്ല; സ്കൂൾ ഭക്ഷണ സംവിധാനത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന മാനവവിഭവ ശേഷിയുടെ അംഗീകാരമാണ്. ഭാവിയിൽ സ്കൂൾ ഭക്ഷണത്തെ കൂടുതൽ സമഗ്രമായ സ്കൂൾ പോഷക ആരോഗ്യപദ്ധതി ആയി വികസിപ്പിക്കുന്നതിനും കേരളത്തിന് വലിയ സാധ്യതയുണ്ട്.

നാളത്തെ സ്കൂൾ ഉച്ചഭക്ഷണം

സ്കൂൾ വളപ്പിൽ കുട്ടികൾ തന്നെ വളർത്തുന്ന ഒരു പച്ചക്കറിത്തോട്ടം. അവിടെ വളർന്ന പച്ചക്കറികൾ സ്കൂൾ അടുക്കളയിലേക്കെത്തുന്നു. മില്ലറ്റുകൾ, പയർവർഗങ്ങൾ, മുട്ട, പാൽ, പ്രാദേശിക പഴങ്ങൾ, പച്ചക്കറികൾ എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന ഭക്ഷണം സ്കൂളിൽ ലഭ്യമാകുന്നു. ഇതിനൊപ്പം പോഷകമൂല്യം, ഭക്ഷ്യസുരക്ഷ, ശുചിത്വം, ഭക്ഷണശീലങ്ങൾ എന്നിവ തുടങ്ങി പ്രാദേശിക കർഷകരിൽ നിന്ന് ഭക്ഷണം എങ്ങനെ നമ്മളിലേക്ക് എത്തുന്നു എന്നതടക്കമുള്ള അറിവിന്റെ നിറവാണ് സാധ്യമാകുന്നത്.ഉച്ചഭക്ഷണ സമയം ഒരു ഇടവേള എന്നതിൽനിന്നും അടിമുടി മാറുകയാണ്. ഭക്ഷണത്തോടൊപ്പം കുട്ടി കൃഷിയെക്കുറിച്ച് പഠിക്കുന്നു. ഭക്ഷണത്തെക്കുറിച്ചും. അങ്ങനെ ഉച്ചഭക്ഷണം തന്നെ ഒരു ജീവിതപാഠമായി മാറുകയാണ്.

വൈകുന്നേരം സ്കൂളിൽ നിന്ന് മടങ്ങിയെത്തിയ കുട്ടി വീണ്ടും അമ്മയോട് ചോദിക്കുന്നു:

"അമ്മേ... നാളെ സ്കൂളിൽ എന്താ കറി?"

അമ്മ ചിരിക്കുന്നു.

പക്ഷേ ഇത്തവണ ആ ചോദ്യത്തിന് മറ്റൊരു അർത്ഥം കേൾക്കാം. അത് വെറും "നാളെ എന്താണ് കഴിക്കാൻ പോകുന്നത്?" എന്ന ചോദ്യമല്ല. "നാളെ എന്നെ വളരാൻ സഹായിക്കുന്നത് എന്താണ്?" എന്ന ചോദ്യമാണ്. അവിടെയാണ് ഭക്ഷണം പോഷണമാകുന്നത്. പോഷണം ആരോഗ്യമായി മാറുന്നത്. ആരോഗ്യം പഠനശേഷിയെ പിന്തുണയ്ക്കുന്നത്. പഠനം അറിവായി മാറുന്നത്. അറിവ് ഒരു സമൂഹത്തിന്റെ ഭാവിയായി മാറുന്നത്.

അതിനാൽത്തന്നെ ഉച്ചഭക്ഷണപാത്രം വെറുമൊരു തളികയല്ല. അതിലുള്ളത് ചോറും കറികളും മാത്രമല്ല. ഒരു കുട്ടിയുടെ ആരോഗ്യം, മസ്തിഷ്കത്തിന്റെ വളർച്ച, ഒരു അമ്മയുടെ പ്രതീക്ഷ, ഒരു കുടുംബത്തിന്റെ സ്വപ്നം, ഒരു സമൂഹത്തിന്റെ ഭാവി എല്ലാം ഒന്നിച്ചു ചേരുന്ന ഇടമാണ്.

ഒരു ഉച്ചഭക്ഷണപാത്രം വയറുനിറയ്ക്കുന്നു.

നല്ല പോഷകസമീപനം നല്ല തലമുറയെ വളർത്തുന്നു. ■

പ്രൊഫ. (ഡോ.) മഷ്ഹൂദ് കെ. കെ
ഡയറക്ടർ, എസ്. സി. ഇ. ആർ. ടി കേരളം



വേഗത്തിലാകുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. അപ്പോൾ വിദ്യാഭ്യാസത്തിന്റെ മഹത്തായ ദൗത്യം മനുഷ്യന്റെ മനസ്സിൽ വിവരങ്ങൾ നിറയ്ക്കുന്നതിലല്ല; അവയെ ബന്ധിപ്പിച്ച് അർത്ഥം കണ്ടെത്താനും പുതിയ ധാരണകൾ രൂപപ്പെടുത്താനും മനുഷ്യനെ പ്രാപ്തനാക്കുന്നതിലാണ്

അറിവിന്റെ സമന്വയവും അർത്ഥനിർമ്മിതിയുടെ വഴികളും

മനുഷ്യരാശി ഇന്ന് ചരിത്രത്തിലെ നിർണായകമായ ഒരു പരിവർത്തനഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്- കേവലം മാറ്റങ്ങൾ സംഭവിക്കുന്ന കാലമല്ല, മാറ്റത്തിന്റെ സ്വഭാവം തന്നെ മാറുന്ന കാലം. കൃത്രിമബുദ്ധിയുടെയും മെഷീൻ ലേണിംഗിന്റെയും മുന്നേറ്റങ്ങൾ പുതിയ സാങ്കേതികവിദ്യകൾക്ക് വഴിയൊരുക്കിയപ്പോൾ, അവ തൊഴിൽരീതികളെയും ഉൽപാദനപ്രക്രിയകളെയും വിദ്യാഭ്യാസത്തെയും ആരോഗ്യപരിചരണത്തെയും ഭരണ സംവിധാനങ്ങളെയും അതിവേഗം മാറ്റിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം, മനുഷ്യന്റെ അറിവുമായും സർഗാത്മകതയുമായും സാങ്കേതികവിദ്യയുമായുള്ള ബന്ധത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളിലും പുതിയ ചോദ്യങ്ങൾ ഉയർന്നുവരുന്നു. മനുഷ്യചരിത്രത്തിൽ ഇത്തരം പരിവർത്തനങ്ങൾ നേരത്തെയും ഉണ്ടായിരുന്നുവെങ്കിലും, ഇന്നത്തെ മാറ്റങ്ങളുടെ വ്യാപ്തിയും തീവ്രതയും വേഗവും അവയെ കൂടുതൽ നിർണായകമാക്കിയിരിക്കുന്നു. അതിനാൽ, സമകാലിക ലോകത്തെ ഗ്രഹിക്കുന്നതിന് വിജ്ഞാനത്തിന്റെ വിവിധ മേഖലകളെ വേർതിരിച്ചുള്ള പഠനം മാത്രം മതിയാകില്ല. അവയ്ക്കിടയിൽ രൂപപ്പെടുന്ന ബന്ധങ്ങളും പരസ്പര സ്വാധീനങ്ങളും തിരിച്ചറിഞ്ഞ്, ലോകത്തെ പരസ്പരം ബന്ധപ്പെട്ട നിരവധി ഘടകങ്ങൾ ചേർന്ന ഒരു സമഗ്ര യാഥാർഥ്യമായി സമീപിക്കേണ്ടതുണ്ട്.



നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ പഴയ ചോദ്യങ്ങൾക്ക് പുതിയ അർത്ഥതലങ്ങൾ ലഭിക്കുന്നത് ഇവിടെയാണ്. കുട്ടികൾ എന്താണ് പഠിക്കേണ്ടത് എന്ന് നാം ചോദിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, മറ്റൊരു ചോദ്യം കൂടി ഉയർന്നുവരുന്നു: ഒരാൾ എങ്ങനെയാണ് അറിവ് നേടുന്നത്? വിവരങ്ങളെയും അനുഭവങ്ങളെയും നാം എങ്ങനെ ബന്ധിപ്പിക്കുന്നു, അവയിൽ നിന്ന് എങ്ങനെ അർത്ഥവും ധാരണയും

കണ്ടെത്തുന്നു? കാരണം ലോകത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിൽ യന്ത്രങ്ങൾ മനുഷ്യനെക്കാൾ വേഗത്തിലാകുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. അപ്പോൾ വിദ്യാഭ്യാസത്തിന്റെ മഹത്തായ ദൗത്യം മനുഷ്യന്റെ മനസ്സിൽ വിവരങ്ങൾ നിറയ്ക്കുന്നതിലല്ല; അവയെ ബന്ധിപ്പിച്ച് അർത്ഥം കണ്ടെത്താനും പുതിയ ധാരണകൾ രൂപപ്പെടുത്താനും മനുഷ്യനെ പ്രാപ്തനാക്കുന്നതിലാണ്.

ചരിത്രത്തിൽ പല സാങ്കേതികവിദ്യകളും മനുഷ്യന്റെ കഴിവുകൾക്ക് പകരക്കാരായി വന്നിട്ടുണ്ട്. കാൽക്കുലേറ്റർ കണക്കുകൂട്ടലിന്റെ വേഗത വർധിപ്പിച്ചു; സെർച്ച് എൻജിനുകൾ വിവരങ്ങളിലേക്കുള്ള പ്രവേശനം എളുപ്പമാക്കി; വിവിധ ഡിജിറ്റൽ ഉപകരണങ്ങൾ ഓർമ്മ, രേഖപ്പെടുത്തൽ, ആശയവിനിമയം തുടങ്ങിയ പ്രത്യേക പ്രവർത്തനങ്ങളെ ലളിതമാക്കി. എന്നാൽ നിർമിതബുദ്ധിയുടെ സ്വഭാവം തികച്ചും വ്യത്യസ്തമാണ്. കാൽക്കുലേറ്റർ പോലെ ഒരു പ്രത്യേക കഴിവിനെയോ പ്രവർത്തനത്തെയോ മാത്രം പിന്തുണയ്ക്കുന്ന മോഡുലാർ സാങ്കേതികവിദ്യയല്ല അത്. ഭാഷയെ മാധ്യമമാക്കി മനുഷ്യന്റെ ചിന്തയുടെയും അറിവിന്റെയും വൈവിധ്യമാർന്ന മേഖലകളിൽ ഇടപെടാനും ചിന്താപ്രക്രിയകളെ പിന്തുണയ്ക്കാനും കഴിയുന്ന ബൗദ്ധിക സാങ്കേതികവിദ്യയാണ് (ജനറൽ പർപ്പസ് കോഗ്നിറ്റീവ് ടെക്നോളജി). ഇത്തരം സാങ്കേതികവിദ്യകൾ സൃഷ്ടിക്കുന്ന അടിയന്തരത വിദ്യാഭ്യാസത്തെ പുനർവിചിന്തനം ചെയ്യാനും മാറിക്കൊണ്ടിരിക്കുന്ന യാഥാർഥ്യങ്ങളോട് എങ്ങനെ പൊരുത്തപ്പെടണം എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കാനും നമ്മെ പ്രേരിപ്പിക്കുന്നു. ലോകം അതിവേഗം മാറുമ്പോൾ വിദ്യാഭ്യാസത്തിന് അതിന്റെ പിന്നാലെ ഓടിയെത്തുക മാത്രം മതിയാകില്ല. മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ മനസ്സിലാക്കാനും, അതിനെ ചോദ്യം ചെയ്യാനും, അതിന്റെ ഭാവിയെ രൂപപ്പെടുത്താനും കഴിയുന്ന തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ദൗത്യം.

വിവിധ വിഷയങ്ങളെ വേർതിരിച്ച് അറിവിന്റെ തുരുത്തുകളായി കാണാതെ, അവയ്ക്കിടയിലെ ആഴത്തിലുള്ള പരസ്പരബന്ധവും ഏകോപനവും തിരിച്ചറിയുക എന്നത് ഈ സാഹചര്യത്തിൽ ഏറെ പ്രധാനപ്പെട്ടതാണ്. ശാസ്ത്രം, ഗണിതം, ഭാഷ, സാമൂഹ്യശാസ്ത്രം, മാനവികശാസ്ത്രം, കലകൾ എന്നിവ ഓരോന്നും വ്യത്യസ്ത മേഖലകളെ കൈകാര്യം ചെയ്യുന്നുവെങ്കിലും, അവയെല്ലാം മനുഷ്യൻ ലോകത്തെ മനസ്സിലാക്കുകയും അതിനെക്കുറിച്ച് അറിവ് നിർമ്മിക്കുകയും ചെയ്യുന്ന വലിയ പ്രക്രിയയുടെ ഭാഗങ്ങളാണ്. ഈ ഏകോപനത്തിന്റെ ഒരു പ്രധാന കണ്ണിയായി ശാസ്ത്രത്തിന്റെ ജ്ഞാനനിർമാണ പ്രക്രിയയെ കാണാം. ശാസ്ത്രീയ ജ്ഞാനനിർമിതിയുടെ അടിസ്ഥാന പ്രക്രിയകളിലൊന്ന് ലോകത്തെ മനസ്സിലാക്കുന്നതിനായി ഗണിതശാസ്ത്ര മാതൃകകൾ നിർമ്മിക്കുക എന്നതാണ്. ചലനം, ദ്രവ്യം, ജീവൻ, കാലാവസ്ഥ തുടങ്ങിയ പ്രതിഭാസങ്ങളെ പ്രതിനിധീകരിക്കാനും വിശദീകരിക്കാനും പ്രവചിക്കാനും ശാസ്ത്രമാതൃകകൾ നിർമ്മിക്കുന്നു. നിർമിതബുദ്ധിയെ ഈ പാരമ്പര്യത്തിന്റെ തന്നെ ഒരു സവിശേഷ തുടർച്ചയായി കാണാനാകും.

അതിനാൽ, പുതിയ കാലത്തെ വിദ്യാഭ്യാസം വിജ്ഞാനശാഖകളുടെ അതിരുകൾ കർശനമാക്കുന്നതിന് പകരം അവ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതാകണം.

ശാസ്ത്രം ലോകത്തെ മാതൃകകളിലൂടെ മനസ്സിലാക്കാൻ സഹായിക്കുമ്പോൾ, ഗണിതം ആ മാതൃകകൾക്ക് ഘടന നൽകുന്നു. ഭാഷ അവയെ രൂപപ്പെടുത്താനും ആശയവിനിമയം നടത്താനും അർത്ഥവത്താക്കാനും സഹായിക്കുന്നു. സാമൂഹ്യശാസ്ത്രവും മാനവികശാസ്ത്രവും അവയുടെ മനുഷ്യപരവും സാമൂഹികവുമായ അർത്ഥതലങ്ങൾ അന്വേഷിക്കുന്നു. കലകൾ മനുഷ്യന്റെ വികാരങ്ങളെയും അനുഭവങ്ങളെയും ആഴത്തിൽ മനസ്സിലാക്കാനും, അവയിലൂടെ ലോകത്തെ പുതിയ രീതിയിൽ കാണാനും സങ്കൽപ്പിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. ഇവയെല്ലാം ചേർന്നാണ് മനുഷ്യന്റെ അറിവ് നിർമ്മിക്കപ്പെടുന്നത്.

വിഷയങ്ങൾ തമ്മിലുള്ള ഈ ഏകോപനം വെറും അറിവിന്റെ മേഖലകൾ തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. പഠിക്കുന്ന കാര്യങ്ങൾക്ക് അർത്ഥവും പ്രസക്തിയും കണ്ടെത്താനുള്ള കഴിവുമായി അത് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഒരു ആശയം മറ്റൊരു ആശയവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? അത് നാം ഇതിനകം അറിയുന്ന കാര്യങ്ങളുമായി എങ്ങനെ ചേരുന്നു? യഥാർത്ഥ ലോകത്തിലെ പ്രശ്നങ്ങളെയും അനുഭവങ്ങളെയും മനസ്സിലാക്കാൻ അത് എങ്ങനെ സഹായിക്കുന്നു എന്നതാണ് ഈ ചോദ്യങ്ങളുടെ കാതൽ.







ന്ന ഉത്തരങ്ങളെ തെളിവുകളുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ പരിശോധിക്കാനും പ്രാപ്തിയുള്ള മനുഷ്യരെയാണ് നാളെയുടെ വിദ്യാഭ്യാസം സൃഷ്ടിക്കേണ്ടത്. സാങ്കേതികവിദ്യയെ ശക്തമായ സഹായിയായി പ്രയോജനപ്പെടുത്തുമ്പോഴും സ്വന്തം ചിന്താശേഷിയും വിവേചനബുദ്ധിയും കൈവിടാതെ, സാങ്കേതികവിദ്യയോടൊപ്പം ചിന്തിക്കാനും അതിനെ വിമർശനാത്മകമായി ഉപയോഗിക്കാനും കഴിയുക എന്നതായിരിക്കണം വിദ്യാഭ്യാസം ലക്ഷ്യമിടേണ്ടത്.

ഈ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ കേരളം ആരംഭിക്കുന്ന ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയൻസ് എഡ്യൂക്കേഷൻ, സെന്റർ ഫോർ എക്സലൻസ് ഇൻ ടീച്ചർ ട്രെയിനിങ് തുടങ്ങിയ സംരംഭങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളോട് വിദ്യാഭ്യാസത്തെ കൂടുതൽ സജ്ജമാക്കാനുള്ളപ്രധാനപ്പെട്ടഇടപെടലുകളാണ്. പുതിയ അറിവിന്റെ അതിരുകളുമായി വിദ്യാഭ്യാസത്തെ ബന്ധിപ്പിക്കുകയും, ശാസ്ത്രവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുകയും, അധ്യാപകരെ പുതിയ കാലത്തിന്റെ പഠനരീതികൾക്കും സാങ്കേതികവിദ്യകൾക്കും അനുയോജ്യമായി സജ്ജരാക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ വിദ്യാഭ്യാസവ്യവസ്ഥയുടെ ഭാവിക്ക് നിർണായകമായ

നിലവിലുള്ള ഉത്തരങ്ങൾ പഠിക്കുന്നതിൽ മാത്രം ശ്രദ്ധിക്കാതെ, പുതിയ ചോദ്യങ്ങൾ ചോദിക്കാനും ലഭിക്കുന്ന ഉത്തരങ്ങളെ തെളിവുകളുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ പരിശോധിക്കാനും പ്രാപ്തിയുള്ള മനുഷ്യരെയാണ് നാളെയുടെ വിദ്യാഭ്യാസം സൃഷ്ടിക്കേണ്ടത്

ക്കുന്ന എന്നതിലാണ് പഠനത്തിന്റെ പ്രസക്തി തെളിയുന്നത്.

സന്ദർഭരഹിതവും ജീവിതപ്രസക്തിയില്ലാത്തതുമായ അറിവ് ഓർമ്മയിൽ സൂക്ഷിക്കാവുന്ന വെറുമൊരു വിവരമായി മാത്രം ചുരുങ്ങുമ്പോൾ, പരസ്പരബന്ധവും അർത്ഥഗ്രഹണവും ഉള്ള അറിവ് ചിന്തിക്കാനും പ്രയോഗിക്കാനും പുതിയ അറിവ് നിർമ്മിക്കാനുമുള്ള ശേഷിയായി മാറുന്നു. നിർമിതബുദ്ധിയുടെ കാലത്ത് ഈ വ്യത്യാസം കൂടുതൽ നിർണായകമാണ്. വിവരങ്ങളും ഉത്തരങ്ങളും എളുപ്പത്തിൽ ലഭ്യമാകുന്ന ഒരു കാലത്ത്, വിദ്യാഭ്യാസത്തിന്റെ മൂല്യം വിവരങ്ങൾ ശേഖരിക്കുന്നതിലല്ല, അവ തമ്മിലുള്ള ബന്ധങ്ങൾ കണ്ടെത്താനും, അവയുടെ കാലികവും ജീവിതപരവും സാമൂഹികവുമായ പ്രസക്തി തിരിച്ചറിയാനും, ലഭിക്കുന്ന അറിവിനെ വിമർശനാത്മകമായി പരിശോധിച്ച് പുതിയ അർത്ഥതലങ്ങളിലേക്ക് വികസിപ്പിക്കാനും കഴിയുന്ന മനുഷ്യരെ രൂപപ്പെടുത്തുന്നതിലാണ്.


വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം, നിർമിതബുദ്ധിയിൽ നിന്ന് ലഭിക്കുന്ന ഏറ്റവും വലിയ പ്രയോജനവും ഇതുതന്നെയാണ്. ലഭിക്കുന്ന വിവരങ്ങളെ പരസ്പരം ബന്ധിപ്പിച്ച് അവയിൽനിന്ന് പുതിയ അർത്ഥതലങ്ങൾ കണ്ടെത്താനും പുതിയ ധാരണകൾ രൂപപ്പെടുത്താനും ചിന്തയെയും അന്വേഷണത്തെയും മുന്നോട്ടുകൊണ്ടുപോകാനും നിർമ്മിത ബുദ്ധി സഹായിക്കുന്നു. ഇവിടെ ഭാഷയ്ക്ക് നിർണായക സ്ഥാനമുണ്ട്. ചോദ്യങ്ങൾ രൂപപ്പെടുത്താനും ആശയങ്ങൾ വ്യക്തമാക്കാനും വാദങ്ങൾ പരിശോധിക്കാനും തെളിവുകൾ വ്യാഖ്യാനിക്കാനും അർത്ഥം നിർമ്മിക്കാനുമുള്ള പ്രധാന ഉപാധിയാണ് ഭാഷ. അതേസമയം, നിർമിതബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതിക മാറ്റങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ മനസ്സിലാക്കാൻ സാമൂഹ്യശാസ്ത്രവും മാനവികശാസ്ത്രവും അനിവാര്യമാണ്. മൂല്യങ്ങൾ, സംസ്കാരം, അധികാരം, നീതി, ഉത്തരവാദിത്വം, മനുഷ്യബന്ധങ്ങൾ എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പരിധിക്കപ്പുറത്തേക്കാണ് നമ്മെ നയിക്കുന്നത്.

അതുകൊണ്ട്, നിലവിലുള്ള ഉത്തരങ്ങൾ പഠിക്കുന്നതിൽ മാത്രം ശ്രദ്ധിക്കാതെ, പുതിയ ചോദ്യങ്ങൾ ചോദിക്കാനും ലഭിക്കുന്ന ഉത്തരങ്ങളെ തെളിവുകളുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ പരിശോധിക്കാനും പ്രാപ്തിയുള്ള മനുഷ്യരെയാണ് നാളെയുടെ വിദ്യാഭ്യാസം സൃഷ്ടിക്കേണ്ടത്. സാങ്കേതികവിദ്യയെ ശക്തമായ സഹായിയായി പ്രയോജനപ്പെടുത്തുമ്പോഴും സ്വന്തം ചിന്താശേഷിയും വിവേചനബുദ്ധിയും കൈവിടാതെ, സാങ്കേതികവിദ്യയോടൊപ്പം ചിന്തിക്കാനും അതിനെ വിമർശനാത്മകമായി ഉപയോഗിക്കാനും കഴിയുക എന്നതായിരിക്കണം വിദ്യാഭ്യാസം ലക്ഷ്യമിടേണ്ടത്.

ഈ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ കേരളം ആരംഭിക്കുന്ന ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയൻസ് എഡ്യൂക്കേഷൻ, സെന്റർ ഫോർ എക്സലൻസ് ഇൻ ടീച്ചർ ട്രെയിനിങ് തുടങ്ങിയ സംരംഭങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളോട് വിദ്യാഭ്യാസത്തെ കൂടുതൽ സജ്ജമാക്കാനുള്ളപ്രധാനപ്പെട്ടഇടപെടലുകളാണ്. പുതിയ അറിവിന്റെ അതിരുകളുമായി വിദ്യാഭ്യാസത്തെ ബന്ധിപ്പിക്കുകയും, ശാസ്ത്രവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുകയും, അധ്യാപകരെ പുതിയ കാലത്തിന്റെ പഠനരീതികൾക്കും സാങ്കേതികവിദ്യകൾക്കും അനുയോജ്യമായി സജ്ജരാക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ വിദ്യാഭ്യാസവ്യവസ്ഥയുടെ ഭാവിക്ക് നിർണായകമായ പിന്തുണ നൽകും. ഇത്തരം സംരംഭങ്ങളെ ഒറ്റപ്പെട്ട പദ്ധതികളായി കാണാതെ, അറിവിന്റെ ലോകവും സ്കൂൾ വിദ്യാഭ്യാസവും അധ്യാപകരും തമ്മിൽ സജീവവും തുടർച്ചയുള്ളതുമായ ഒരു പാലം നിർമ്മിക്കുന്ന ദീർഘകാല ദൗത്യമായി കാണേണ്ടതുണ്ട്.

മാറിവരുന്ന കാലത്തിന്റെ ദിശകൾ മുൻകൂട്ടിക്കണ്ട്, വിദ്യാഭ്യാസത്തിന്റെ പുതിയ സാധ്യതകൾ തുറന്നിടാനുള്ള കേരള സർക്കാരിന്റെ ദീർഘവീക്ഷണത്തിന്റെയും പ്രതിബദ്ധതയുടെയും സാക്ഷ്യമാണ് ഈ ഇടപെടലുകൾ. അറിവും സാങ്കേതികവിദ്യയും അതിവേഗം മാറുന്ന ഈ പുതിയ യുഗത്തിൽ, കേരളത്തിന്റെ വിദ്യാഭ്യാസ പാരമ്പര്യത്തെ പുതിയ ചിന്തകളുമായി ചേർത്തുപിടിച്ച് മുന്നേറാൻ ഇത്തരം സംരംഭങ്ങൾ വഴിയൊരുക്കും. ഈ ശ്രമങ്ങളിലൂടെ രൂപപ്പെടുന്ന പുതിയ വിദ്യാഭ്യാസ മാതൃകകൾ കേരളത്തിനപ്പുറത്തേക്കും പടർന്ന്, രാജ്യത്തിനും ഒരുപക്ഷേ ലോകത്തിനുതന്നെയും പിന്തുടരാവുന്ന മാതൃകകളായി മാറുമെന്ന പ്രതീക്ഷയോടെയാണ് ഈ പുതിയ അധ്യായത്തിലേക്ക് നാം പ്രവേശിക്കുന്നത്. ■

ആർ.അരുൺകുമാർ
ഡയറക്ടർ, സീമാറ്റ് കേരളം



ഇന്ന്, അറിവ് അധ്യാപകന്റെ കൈവശം മാത്രം നിക്ഷിപ്തമായ ഒന്നല്ല. പുതിയകാലം അനന്തമായ വിവരലോകസാധ്യതകൾ വിദ്യാർഥിയുടെ മുന്നിൽ തുറന്നിടുന്നു. ഈ മാറ്റം അധ്യാപകന്റെ പ്രസക്തി കുറച്ചിട്ടില്ല; മറിച്ച് അധ്യാപകന്റെ ഉത്തരവാദിത്വം കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു

അധ്യാപക പരിശീലനം
മാറുന്ന കാഴ്ചപ്പാടുകൾ



അധ്യാപകൻ അറിവിന്റെ പ്രധാന സ്രോതസ്സായിരുന്ന ഒരു കാല ഘട്ടത്തിൽ നിന്നും അറിവിന്റെ ഉറവകൾ ധാരാളമുള്ള പുതിയ പഠനശീലങ്ങളിലേക്കാണ് വിദ്യാഭ്യാസ മേഖല സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. പാഠപുസ്തകവും അധ്യാപകനും ക്ലാസ് മുറിയും മാത്രമായിരുന്ന വിദ്യാർഥിയുടെ പഠനലോകത്തിന്റെ പ്രധാന അതിരുകൾ. അധ്യാപകൻ പറഞ്ഞുകൊടുക്കുകയും വിദ്യാർഥി കേൾക്കുകയും കുറിച്ചെടുക്കുകയും പരീക്ഷയിൽ പുനരാവിഷ്കരിക്കുകയും ചെയ്യുന്ന പഠനരീതിയാണ് പൊതുവെ നിലനിന്നിരുന്നത്. എന്നാൽ നിലവിലെ സ്ഥിതി അങ്ങനെയല്ല. ഇന്ന്, അറിവ് അധ്യാപകന്റെ കൈവശം മാത്രം നിക്ഷിപ്തമായ ഒന്നല്ല. മൊബൈൽ ഫോൺ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഓൺലൈൻ ലൈബ്രറി, അല്ലെങ്കിൽ നിർമിതബുദ്ധി അധിഷ്ഠിതമായ ഒരു ഉപകരണം പോലും നിമിഷങ്ങൾക്കകം അനന്തമായ വിവരലോകം വിദ്യാർഥിയുടെ മുന്നിൽ തുറന്നിടുന്നു. ഈ മാറ്റം അധ്യാപകന്റെ പ്രസക്തി കുറച്ചിട്ടില്ല; മറിച്ച് അധ്യാപകന്റെ ഉത്തരവാദിത്വം കൂടുതൽ സങ്കീർണമാക്കിയിരിക്കുന്നു. അറിവ് നൽകുന്ന വ്യക്തി എന്ന നിലയിൽ നിന്ന് അറിവിലേക്കുള്ള ശരിയായ വഴികാട്ടി, പഠനാനുഭവങ്ങളുടെ രൂപകർത്താവ്, ചിന്തയെ ഉണർത്തുന്ന സഹയാത്രികൻ എന്നീ നിലകളിലേക്ക് അധ്യാപകൻ മാറേണ്ട കാലമാണിത്. അതിനനുസരിച്ച് അധ്യാപക പരിശീലനവും മാറേണ്ടതുണ്ട്.

ഇന്നത്തെ കുട്ടി വളരുന്നത് ഡിജിറ്റൽ ലോകത്താണ്. വിവരങ്ങൾ തേടാനും ആശയങ്ങൾ പങ്കുവയ്ക്കാനും വിവിധ ഭാഷകളിൽ പഠിക്കാനും സൃഷ്ടിപരമായ ഉള്ളടക്കങ്ങൾ നിർമ്മിക്കാനും സാങ്കേതികവിദ്യ അവരെ പ്രാപ്തരാക്കുന്നു. അതേസമയം, വിവരങ്ങളുടെ അമിതലഭ്യത പുതിയ വെല്ലുവിളികളും സൃഷ്ടിക്കുന്നു. ശരിയായ വിവരവും തെറ്റായ വിവരവും തിരിച്ചറിയുക, വിവരങ്ങളുടെ വിശ്വാസ്യത പരിശോധിക്കുക, ഡിജിറ്റൽ ഇടങ്ങളിൽ ഉത്തരവാദിത്തത്തോടെ പെരുമാറുക, സ്വകാര്യത സംരക്ഷിക്കുക, നിർമിതബുദ്ധിയുടെ സാധ്യതകളും പരിമിതികളും മനസ്സിലാക്കുക തുടങ്ങിയവ ഇന്ന് വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. ഇത്തരം സാഹചര്യത്തിൽ അധ്യാപക പരിശീലനം കേവലം പുതിയ അധ്യാപനസാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിൽ ഒതുങ്ങുന്നതാവരുത്. പഠനത്തിന്റെ സ്വഭാവം തന്നെ മാറുമ്പോൾ അധ്യാപകന്റെ പഠനവും നിരന്തരം മാറിക്കൊണ്ടിരിക്കണം.

പരമ്പരാഗത അധ്യാപക പരിശീലനങ്ങളിൽ പാഠാസൂത്രണം, അധ്യാപനരീതികൾ, മൂല്യനിർണയം തുടങ്ങിയവയ്ക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു. അവ ഇന്നും അനിവാര്യമാണ്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ അതിനൊപ്പം മറ്റുചില ചോദ്യങ്ങൾ കൂടി പ്രസക്തമാകുന്നുണ്ട്. ഒരു കുട്ടി എങ്ങനെയാണ് പഠിക്കുന്നത്? കുട്ടി പഠനത്തിൽ നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്? പഠനരീതിയും സമീപനവും എങ്ങനെയാണ്? സാങ്കേതികവിദ്യ പഠനത്തെ എങ്ങനെ കൂടുതൽ അർത്ഥവത്താക്കും? വ്യത്യസ്ത ശേഷികളും പശ്ചാത്തലങ്ങളുമുള്ള



കുട്ടികളെ ഒരേ ക്ലാസ് മുറിയിൽ എങ്ങനെ ഉൾപ്പെടുത്താം? ഇത്തരം ചോദ്യങ്ങളിലേക്കാണ് ആധുനിക അധ്യാപക പരിശീലനം തിരിയേണ്ടത്. അധ്യാപകൻ താൻ തയ്യാറാക്കിവച്ചിരിക്കുന്ന അറിവ് വിദ്യാർഥിക്ക് കൈമാറുന്ന വ്യക്തി മാത്രമല്ല. കുട്ടിയുടെ കൗതുകത്തെ തിരിച്ചറിയുകയും അതിനെ പഠനാന്വേഷണമായി മാറ്റുകയും ചെയ്യുന്ന വ്യക്തി കൂടിയാണ്. അതുകൊണ്ടുതന്നെ പഠിപ്പിക്കുക എന്നതിലുപരി പഠനം സാധ്യമാക്കാൻ വഴിയൊരുക്കുക എന്ന ആശയം നിർമിതബുദ്ധി ഉപയോഗിക്കാൻ അറിയുന്ന അധ്യാപകർ മാത്രം മതിയാകില്ല; നിർമിത ബുദ്ധിയെ വിമർശനാത്മകമായി വിലയിരുത്താനും ഉത്തരവാദിത്വത്തോടെ ഉപയോഗിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കുന്ന അധ്യാപകരാണ് ആവശ്യം.

ഇവിടെ അധ്യാപകന്റെ മനുഷ്യസ്പർശത്തിന് പകരക്കാരനാകാൻ സാങ്കേതികവിദ്യയ്ക്ക് കഴിയില്ല. ഒരു കുട്ടിയുടെ മൗനത്തിന് പിന്നിലെ കാര്യകാരണങ്ങൾ തിരിച്ചറിയുക, ഡിജിറ്റൽ സാക്ഷരത, മീഡിയ സാക്ഷരത, നിർമിതബുദ്ധി സാക്ഷരത, സൈബർ സുരക്ഷ, ഡിജിറ്റൽ പൗരത്വം, തുറന്ന വിദ്യാഭ്യാസ വിഭവങ്ങളുടെ ഉപയോഗം, ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

ഒരു പരിശീലന പരിപാടിയിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടുന്നതോടെ അധ്യാപക പരിശീലനം പൂർത്തിയാകുന്നില്ല. അധ്യാപകന്റെ പ്രൊഫഷണൽ പഠനം ഒരു തുടർ

അധ്യാപകന്റെ പ്രൊഫഷണൽ പഠനം ഒരു തുടർച്ചയായ പ്രക്രിയയാണ്. ക്ലാസ് മുറിയാണ് അധ്യാപകന്റെ ഏറ്റവും വലിയ ഗവേഷണശാല. ഓരോ ക്ലാസിനും ശേഷമുള്ള ആത്മപരിശോധനയും വിദ്യാർത്ഥികളുടെ പ്രതികരണവും സഹപ്രവർത്തകരുമായുള്ള ആശയവിനിമയവും പുതിയ പരീക്ഷണങ്ങളും അധ്യാപകന്റെ പ്രൊഫഷണൽ വളർച്ചയുടെ ഭാഗമാകണം

അധ്യാപക പരിശീലനത്തിന്റെ കേന്ദ്രത്തിലേക്ക് വരേണ്ടിയിരിക്കുന്നു.

നിർമിതബുദ്ധി വിദ്യാഭ്യാസരംഗത്ത് സൃഷ്ടിക്കുന്ന മാറ്റവും അധ്യാപക പരിശീലനത്തിൽ പ്രത്യേകം പരിഗണിക്കേണ്ടതാണ്. പാഠാസൂത്രണം, പഠനസാമഗ്രികളുടെ രൂപകൽപന, ചോദ്യനിർമ്മാണം, ഭാഷാപരമായ സഹായം, വ്യക്തിഗത പഠനസഹായം തുടങ്ങിയ നിരവധി മേഖലകളിൽ നിർമിതബുദ്ധി ഉപകരണങ്ങൾ സഹായകരമാകുന്നു. എന്നാൽ നിർമിതബുദ്ധി നൽകുന്ന എല്ലാ വിവരങ്ങളും ശരിയാണെന്ന് കരുതുന്നത് അപകടകരമാണ്. തെറ്റായ വിവരങ്ങൾ, പക്ഷപാതപരമായ ഉള്ളടക്കം, സ്വകാര്യതാ പ്രശ്നങ്ങൾ, അക്കാദമിക സത്യസന്ധത തുടങ്ങിയ വിഷയങ്ങളും അധ്യാപകർ മനസ്സിലാക്കേണ്ടതുണ്ട്. അതിനാൽ ആത്മവിശ്വാസം നഷ്ടപ്പെട്ട വിദ്യാർഥിയെ പ്രോത്സാഹിപ്പിക്കുക, കൂട്ടായ്മയും സഹാനുഭൂതിയും വളർത്തുക, മൂല്യബോധം രൂപപ്പെടുത്തുക തുടങ്ങിയവ മനുഷ്യബന്ധത്തിലൂടെയാണ് സാധ്യമാകുന്നത്. ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയുന്നതുമാത്രമല്ല സാങ്കേതികവിദ്യയെ പഠനലക്ഷ്യങ്ങളുമായി അർത്ഥവത്തായി ബന്ധിപ്പിക്കാനുള്ള കഴിവാണ് യഥാർഥ ഡിജിറ്റൽ അധ്യാപനശേഷി. ക്ലാസിൽ ഒരു പവർ പോയിന്റ് അവതരണം തയ്യാറാക്കുകയോ വീഡിയോ ഉപയോഗിക്കുകയോ ചെയ്യുന്നതിലുപരി, സാങ്കേതികവിദ്യ വിദ്യാർഥിയുടെ ചിന്തയെയും പങ്കാളിത്തത്തെയും എങ്ങനെ വർധിപ്പിക്കുന്നു എന്നതിനാണ് ഊന്നൽ നൽകേണ്ടത്.

അതുകൊണ്ട് അധ്യാപകപരിശീലനത്തിൽ ച്ചയായ പ്രക്രിയയാണ്. ക്ലാസ് മുറിയാണ് അധ്യാപകന്റെ ഏറ്റവും വലിയ ഗവേഷണശാല. ഓരോ ക്ലാസിനും ശേഷമുള്ള ആത്മപരിശോധനയും വിദ്യാർഥികളുടെ പ്രതികരണവും സഹപ്രവർത്തകരുമായുള്ള ആശയവിനിമയവും പുതിയ പരീക്ഷണങ്ങളും അധ്യാപകന്റെ പ്രൊഫഷണൽ വളർച്ചയുടെ ഭാഗമാകണം. ഇവിടെ അധ്യാപകൻ സ്വയം പഠിക്കുകയും സഹപ്രവർത്തകരിൽ നിന്ന് പഠിക്കുകയും തന്റെ അനുഭവങ്ങളിൽ നിന്ന് പഠിക്കുകയും വേണം.

വിദ്യാർഥിയുടെ താൽപര്യങ്ങളും കഴിവുകളും സ്വപ്നങ്ങളും പഠനവേഗവും തിരിച്ചറിഞ്ഞ്, അവരുടെ സജീവ പങ്കാളിത്തത്തിലൂടെ പഠനം സാധ്യമാക്കുക എന്നതാണ് വിദ്യാർഥി കേന്ദ്രീകൃത വിദ്യാഭ്യാസം മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ കുട്ടിയെ പഠനത്തിന്റെ



കേന്ദ്രത്തിലേക്ക് കൊണ്ടുവരണമെങ്കിൽ, ആദ്യം അധ്യാപകർ അതിനായി സജ്ജമാകേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും പഠനരീതി വ്യത്യസ്തമാണ്. ചിലർ കേട്ടാണ് പഠിക്കുന്നതെങ്കിൽ; ചിലർ കണ്ടും ചെയ്തും അന്വേഷിച്ചുമാണ് പഠിക്കുന്നത്. ചിലർക്ക് പഠനത്തിനായി കൂടുതൽ സമയം ആവശ്യമായി വരാം. ചിലർക്ക് ഭാഷാപരമായോ സാമൂഹികമായോ മറ്റ് പഠനപരമായോ പിന്തുണ ആവശ്യമായി വരാം. അതിനാൽ അധ്യാപക പരിശീലനത്തിൽ എല്ലാ കുട്ടികളെയും ഉൾച്ചേർത്തുള്ള വിദ്യാഭ്യാസം, വൈവിധ്യമാർന്ന പഠനരീതി, നൈപുണ്യ പരിശീലനം, അനുഭവാധിഷ്ഠിത പഠനം തുടങ്ങിയ ആശയങ്ങൾ പ്രായോഗികമായി പരിചയപ്പെടുത്തണം.

പഠിപ്പിക്കുന്ന രീതിയിൽ മാറ്റം വരുമ്പോൾ മൂല്യനിർണയ രീതിയിലും മാറ്റം അനിവാര്യമാണ്. ഓർമ്മശക്തി മാത്രം പരിശോധിക്കുന്ന പരീക്ഷകളിൽ നിന്ന് അറിവ് പ്രയോഗിക്കാനും വിശകലനം ചെയ്യാനും സൃഷ്ടിക്കാനും



കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുന്ന മൂല്യനിർണ്ണയത്തിലേക്ക് നീങ്ങേണ്ടതുണ്ട്. ഫോർമേറ്റീവ് അസ്സെസ്സ്മെന്റ്, പ്രോജക്ട് അധിഷ്ഠിത പഠനം, പോർട്ടഫോളിയോകൾ, പ്രെസന്റേഷനുകൾ, പിയർ അസസ്മെന്റ്, സെല്ഫ് അസസ്മെന്റ് തുടങ്ങിയ രീതികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത് പഠനത്തെ പരീക്ഷാകേന്ദ്രിതമാകുന്നതിൽ നിന്ന് പഠിതാകേന്ദ്രിതമാക്കാൻ സഹായിക്കും. ഇത്തരം മാറ്റങ്ങൾ വിജയകരമായി നടപ്പാക്കാൻ അധ്യാപകർക്ക് പരിശീലനത്തിലൂടെ ആവശ്യമായ മൂല്യനിർണയശേഷി ലഭിക്കണം.

കേരളം പൊതുവിദ്യാഭ്യാസരംഗത്ത് നിരവധി മാറ്റങ്ങൾ പരീക്ഷിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ്. പൊതുവിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്താനുള്ള ശ്രമങ്ങൾക്കൊപ്പം ഡിജിറ്റൽ വിദ്യാഭ്യാസം, അധ്യാപക ശാക്തീകരണം, പുതിയ പഠനരീതികൾ, ഉൾച്ചേർന്ന വിദ്യാഭ്യാസം തുടങ്ങിയ മേഖലകളും പ്രാധാന്യം നേടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധ്യാപക പരിശീലനം ഒരു ഭരണപരമായ പരിപാടി മാത്രമായി കാണാനാവില്ല. കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നായി അധ്യാപക പ്രൊഫഷണൽ വികസനത്തെ കാണേണ്ടതുണ്ട്. പ്രാദേശിക സമൂഹം, പ്രാദേശിക അറിവ്, പരിസ്ഥിതി, സാങ്കേതികവിദ്യ, ഗവേഷണം എന്നിവയെ ക്ലാസ് മുറിയുമായി ബന്ധിപ്പിക്കുന്ന പരിശീലന മാതൃകകൾ കൂടുതൽ പ്രസക്തമാണ്.

കാലം മാറുന്നതിനനുസരിച്ച് കാതലായ മാറ്റം വിദ്യാഭ്യാസരംഗത്തും ഉണ്ടാകുന്നുണ്ട്. വിദ്യാഭ്യാസം മാറുമ്പോൾ അതിനനുസരിച്ച് അധ്യാപകനും മാറണം. എന്നാൽ മാറ്റം എന്നത് പഴയതെല്ലാം ഉപേക്ഷിച്ച് പുതിയത് സ്വീകരിക്കുക എന്നതല്ല. പഴയ അനുഭവങ്ങളുടെ മൂല്യം നിലനിർത്തിക്കൊണ്ട് പുതിയ അറിവുകളും സാങ്കേതികവിദ്യകളും പഠനശാസ്ത്രവും ചേർത്ത് കൂടുതൽ അർത്ഥവത്തായ അധ്യാപനസംസ്കാരം രൂപപ്പെടുത്തുകയാണ് ലക്ഷ്യം.

അറിവ് ലഭിക്കാനുള്ള ഉറവിടങ്ങൾ അനവധിയുള്ള ഈ കാലത്ത്, ഏത് അറിവാണ് വിശ്വസനീയം, എന്തുകൊണ്ട് പഠിക്കണം, പഠിച്ചതിനെ ജീവിതത്തിൽ എങ്ങനെ പ്രയോഗിക്കണം, മറ്റുള്ളവരോടൊപ്പം എങ്ങനെ ജീവിക്കണം എന്നതിലേക്കുള്ള വഴികാട്ടിയായി അധ്യാപകന്റെ സ്ഥാനം ഇപ്പോഴും അതുല്യമാണ്.അതുകൊണ്ട് ഭാവിയിലെ അധ്യാപകനെ സൃഷ്ടിക്കുന്ന പരിശീലനത്തിന്റെ ലക്ഷ്യം നല്ല അധ്യാപകനെ സൃഷ്ടിക്കുക എന്നതുമാത്രമല്ല. മാറുന്ന ലോകത്തോടൊപ്പം സ്വയം മാറാനും, കുട്ടികളോടൊപ്പം പഠിക്കാനും, പുതിയ അറിവുകൾ സൃഷ്ടിക്കാനും കഴിയുന്ന പഠിക്കുന്ന അധ്യാപകനെ സൃഷ്ടിക്കുക എന്നതാണ്. ■



ഗിഗ് തൊഴിലാളികൾക്കായി ഒരുക്കിയ വിശ്രമകേന്ദ്രങ്ങൾ അടിസ്ഥാനസൗകര്യ വികസനത്തിനപ്പുറം തൊഴിലാളിയുടെ അധ്വാനത്തെയും മാനുഷിക ആവശ്യങ്ങളെയും അംഗീകരിക്കുന്ന ഇടപെടലാണ്

ഗിഗ് തൊഴിലാളികൾക്ക് കരുതലായി വിശ്രമകേന്ദ്രങ്ങൾ



ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെയും ഓൺലൈൻ സേവനങ്ങളുടെയും സഹായത്തോടെ ജോലി ഏറ്റെടുത്ത് ഓരോ ജോലിക്കും സേവനത്തിനും അനുസരിച്ച് പ്രതിഫലം ലഭിക്കുന്ന തൊഴിലാളികളാണ് ഗിഗ് തൊഴിലാളികൾ. ഭക്ഷണവിതരണക്കാർ, ഓൺലൈൻ വ്യാപാരസ്ഥാപനങ്ങളുടെ പാഴ്സലുകൾ എത്തിക്കുന്നവർ, മൊബൈൽ ആപ്പുകൾ വഴി യാത്രാസേവനം നൽകുന്ന ഡ്രൈവർമാർ തുടങ്ങിയവർ ഈ വിഭാഗത്തിൽപ്പെടുന്നു. സ്ഥിരമായ തൊഴിൽക്രമത്തിനപ്പുറം, ഓർഡറുകളും സേവനാവശ്യങ്ങളും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇവർ ഇന്ന് നഗരജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്.ദൈനംദിന ജീവിതത്തിന്റെ ഭാഗമായ നിരവധി സേവനങ്ങൾ ഇന്ന് ഗിഗ് തൊഴിലാളികളുടെ അധ്വാനത്തെ ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്.

നമ്മുടെ വീടുകളിലേക്ക് ഭക്ഷണവും അവശ്യസാധനങ്ങളും എത്തിക്കുന്നതുമുതൽ യാത്രാസേവനങ്ങൾ ഉറപ്പാക്കുന്നതുവരെയുള്ള നിരവധി ദൈനംദിന ആവശ്യങ്ങൾക്കു പിന്നിൽ ഇവരുടെ അധ്വാനമുണ്ട്. എന്നാൽ, മണിക്കൂറുകളോളം റോഡുകളിൽ ചെലവഴിച്ച് സേവനങ്ങൾ നൽകുന്ന ഇവർക്ക് ജോലി ഇടവേളകളിൽ വിശ്രമിക്കാനോ ശുദ്ധജലം ലഭ്യമാക്കാനോ ശുചിമുറി ഉപയോഗിക്കാനോ കഴിയുന്ന സുരക്ഷിതമായ ഇടങ്ങൾ പലപ്പോഴും പരിമിതമാണ്. മാറിവരുന്ന ഈ തൊഴിൽമേഖലയിൽ തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങളും



ക്ഷേമവും ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞാണ് ഗിഗ് തൊഴിലാളികൾക്കായി പ്രത്യേക വിശ്രമകേന്ദ്രങ്ങൾ ഒരുക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടുവന്നത്.

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായാണ് പ്രത്യേക വിശ്രമകേന്ദ്രങ്ങൾ ഒരുക്കുന്നത്

തൊഴിൽ എന്നത് വരുമാനം നേടാനുള്ള മാർഗം മാത്രമല്ല; മനുഷ്യന്റെ അന്തസ്സും അവകാശങ്ങളും ജീവിതസുരക്ഷയും ഉറപ്പാക്കുന്ന സാമൂഹിക സംവിധാനത്തിന്റെ ഭാഗം കൂടിയാണ്. ആ കാഴ്ചപ്പാടിൽ ഗിഗ് തൊഴിലാളികൾക്കായി ഒരുക്കിയ വിശ്രമകേന്ദ്രങ്ങൾ അടിസ്ഥാനസൗകര്യ വികസനത്തിനപ്പുറം തൊഴിലാളിയുടെ അധ്വാനത്തെയും മാനുഷിക ആവശ്യങ്ങളെയും അംഗീകരിക്കുന്ന ഇടപെടലാണ്.

ക്ഷീണത്തിനിടയിലെ ഒരു തണൽ

2026 – 27 സാമ്പത്തിക വർഷത്തെ ബജറ്റിൽ 'ഗിഗ് വർക്കേഴ്സ് റെസ്റ്റ് സെന്റർ' പദ്ധതിക്കായി സർക്കാർ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിനായി 70 ലക്ഷം രൂപയും പ്രവർത്തനച്ചെലവുകൾക്കായി 30 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലാണ് വിശ്രമകേന്ദ്രങ്ങൾ സജ്ജീകരിച്ചത്.

തിരുവനന്തപുരം വാൻറോസ് ജങ്ഷനിലെ കെ.എ.എം. ടവറിലും എറണാകുളം കലൂരിലെ മാർട്ടിൻ ഈവ ഹോളി ട്യൂസ്ഡേ ഷോപ്പിംഗ് മാളിലും കോഴിക്കോട് നടക്കാവിലെ ജയ ബിൽഡിങ്ങിലുമാണ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സർക്കാരിന്റെ അംഗീകൃത ഏജൻസിയായ ആർട്ട്കോ ലിമിറ്റഡ് മുഖേനയാണ് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്.

എയർ കണ്ടീഷൻ ചെയ്ത വിശ്രമമുറി, ശുചിത്വമുള്ള ശൗചാലയം, ശുദ്ധമായ കുടിവെള്ളം, മൊബൈൽ ഫോൺ ചാർജിങ് സൗകര്യം എന്നിവയാണ് കേന്ദ്രങ്ങളിലെ പ്രധാന സവിശേഷതകൾ. പ്രഥമശുശ്രൂഷാ കിറ്റ്, അഗ്നിശമന സുരക്ഷാസംവിധാനങ്ങൾ, ടെലിവിഷൻ, സി.സി.ടി.വി. നിരീക്ഷണം എന്നിവയും ഒരുക്കിയിട്ടുണ്ട്. ഒരേസമയം ഏകദേശം 50 തൊഴിലാളികൾക്ക് വിശ്രമിക്കാവുന്ന രീതിയിലാണ് ഓരോ കേന്ദ്രവും സജ്ജീകരിച്ചിരിക്കുന്നത്.

സെന്ററുകൾ കൂടുതൽ നഗരങ്ങളിലേക്കും ജില്ലകളിലേക്കും വ്യാപിപ്പിച്ച് കൂടുതൽ തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

ആദ്യഘട്ടത്തിൽ തിരുവനന്തപുരം വഞ്ചിയൂർ വാൻറോസ് ജങ്ഷനിലെ കെ.എ.എം. ടവറിലും എറണാകുളം കലൂരിലെ മാർട്ടിൻ ഈവ ഹോളി ട്യൂസ്ഡേ ഷോപ്പിങ് മാളിലും കോഴിക്കോട് നടക്കാവിലെ ജയ ബിൽഡിങ്ങിലുമാണ് 'ഗിഗ് വർക്കേഴ്സ് റെസ്റ്റ് സെന്റർ' വിശ്രമകേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്

വിശ്രമം ഒരു അടിസ്ഥാന ആവശ്യം

നഗരത്തിന്റെ തിരക്കിനിടയിൽ തുടർച്ചയായി ജോലി ചെയ്യുന്ന ഒരാൾക്ക് ഏതാനും മിനിറ്റുകളുടെ വിശ്രമം പോലും വലിയ ആശ്വാസമാണ്. അടുത്ത ഓർഡറിനായി കാത്തിരിക്കുമ്പോൾ സുരക്ഷിതമായ ഒരിടത്തിരുന്ന് വിശ്രമിക്കാനും വെള്ളം കുടിക്കാ



നും ശുചിമുറി ഉപയോഗിക്കാനും ഫോൺ ചാർജ് ചെയ്യാനും കഴിയുന്നത് തൊഴിലാളികളുടെ ദൈനംദിന ജീവിതത്തിൽ ഗുണപരമായ മാറ്റമുണ്ടാക്കും.

വിശ്രമം തൊഴിലാളിയുടെ ശാരീരിക ക്ഷീണം കുറയ്ക്കുന്നതിനുള്ള സൗകര്യം മാത്രമല്ല. തൊഴിൽസാഹചര്യങ്ങളിൽ മാനുഷിക പരിഗണന ഉറപ്പാക്കുന്നതിന്റെ ഭാഗം കൂടിയാണ്. അതുകൊണ്ടുതന്നെ ഈ കേന്ദ്രങ്ങളെ ഒരു അടിസ്ഥാനസൗകര്യ പദ്ധതിയായി മാത്രം കാണാനാകില്ല. മാറിവരുന്ന തൊഴിൽമേഖലയിൽ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാനുള്ള സർക്കാരിന്റെ സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ് ഇവയെ കാണേണ്ടത്.

കരുതലോടെ പ്രവർത്തിക്കുന്ന സംവിധാനം

രാവിലെ എട്ടുമുതൽ രാത്രി പത്തുവരെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. എഴു മണിക്കൂർ വീതമുള്ള രണ്ട് ഷിഫ്റ്റുകളിലായി ജീവനക്കാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഓരോ കേന്ദ്രത്തിലും രണ്ട് കെയർടേക്കർ കം ഫെസിലിറ്റേറ്റർമാരും രണ്ട് സ്വീപ്പർ കം സാനിറ്റേഷൻ വർക്കർമാരുമാണ് സേവനമനുഷ്ഠിക്കുന്നത്.

തൊഴിലാളികൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുക, സന്ദർശക രജിസ്റ്റർ പരിപാലിക്കുക, ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക തുടങ്ങിയ ചുമതലകൾ കെയർടേക്കർമാർ നിർവഹിക്കുന്നു. കേന്ദ്രവും ശൗചാലയങ്ങളും വൃത്തിയോടെ പരിപാലിക്കുന്നതിനുള്ള ചുമതല സാനിറ്റേഷൻ ജീവനക്കാർക്കാണ്. ജില്ലാ ലേബർ ഓഫീസർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനു പുറമേ അവയുടെ തുടർച്ചയായ പരിപാലനത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുള്ളതുമായ അന്തരീക്ഷത്തിൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള സംവിധാനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

മാറുന്ന തൊഴിൽസംസ്കാരത്തിനൊപ്പം

സ്ഥിരമായ ജോലിസ്ഥലങ്ങളും നിശ്ചിത തൊഴിൽസമയങ്ങളും കേന്ദ്രീകരിച്ചിരുന്ന പരമ്പരാഗത തൊഴിൽരീതികളിൽനിന്ന് പ്ലാറ്റ്ഫോം അധിഷ്ഠിതവും കൂടുതൽ വഴക്കമുള്ളതുമായ തൊഴിൽരീതികളിലേക്ക് തൊഴിൽലോകം മാറുകയാണ്. ഈ മാറ്റം പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട പുതിയ വെല്ലുവിളികളും ഉയർത്തുന്നുണ്ട്. തൊഴിൽസുരക്ഷയും അടിസ്ഥാനസൗകര്യങ്ങളും തൊഴിലാളികളുടെ മാനുഷിക ആവശ്യങ്ങളും ഒരുപോലെ പരിഗണിക്കുന്ന സമീപനമാണ് ഈ സാഹചര്യത്തിൽ പ്രസക്തം. ഗിഗ് തൊഴിലാളികൾക്കായുള്ള വിശ്രമകേന്ദ്രങ്ങൾ അത്തരമൊരു ഇടപെടലിന്റെ ഭാഗമാണ്.

തൊഴിലിന് പിന്നിലെ മനുഷ്യർ

ഒരു ഭക്ഷണപ്പൊതി നമ്മുടെ വീട്ടുപടിക്കൽ എത്തുമ്പോൾ അതിന് പിന്നിലെ മനുഷ്യനെ നമ്മൾ പലപ്പോഴും കാണാറില്ല.ഒരു പാഴ്സൽ കൃത്യസമയത്ത് കൈയിലെത്തുമ്പോഴും, ഒരു യാത്ര സുരക്ഷിതമായി പൂർത്തിയാകുമ്പോഴും, ഒരു അടിയന്തര സാധനം നിമിഷങ്ങൾക്കുള്ളിൽ ലഭിക്കുമ്പോഴും അതിന് പിന്നിൽ മണിക്കൂറുകളോളം റോഡിൽ ചെലവഴിച്ച ഒരാളുടെ അധ്വാനമുണ്ടെന്ന് നാം മറന്നുപോകാറുണ്ട്.

ആ മനുഷ്യനുവേണ്ടി ഇരിപ്പിടം, ശുദ്ധജലം, ശുചിമുറി, മൊബൈൽ ചാർജിങ് പോയിന്റ് എന്നിവ ഒരുക്കുക എന്നത് ചെറുതായി തോന്നാം.പക്ഷേ, തൊഴിലാളിയുടെ ക്ഷീണത്തിനിടയിൽ ലഭിക്കുന്ന ആ ചെറിയ ആശ്വാസത്തിന് വലിയൊരു മാനുഷിക അർത്ഥമുണ്ട്.കേരളത്തിന്റെ തൊഴിൽക്ഷേമ സമീപനം അതുകൊണ്ടുതന്നെ ആനുകൂല്യങ്ങളിലും പദ്ധതികളിലും മാത്രം ഒതുങ്ങുന്നില്ല. തൊഴിലാളിയുടെ ജീവിത സാഹചര്യങ്ങളെയും മാനുഷിക ആവശ്യങ്ങളെയും കൂടി പരിഗണിക്കുന്നതാണ്. ■

ഡോ. അഹമ്മദുൾ കബീർ എ പി
ഡയറക്ടർ, കേരളം സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി



മാറുന്ന സാമൂഹിക, സാങ്കേതിക, സാമ്പത്തിക സാഹചര്യങ്ങളെ മനസ്സിലാക്കാനും സ്വന്തം അവകാശങ്ങളും ഉത്തരവാദിത്തങ്ങളും തിരിച്ചറിയാനും ജനാധിപത്യപ്രക്രിയയിൽ ബോധപൂർവം പങ്കാളികളാകാനും വ്യക്തിയെ പ്രാപ്തനാക്കുന്ന നിരന്തരമായ സാമൂഹിക പ്രക്രിയയായി സാക്ഷരത പുനർനിർവചിക്കപ്പെടുകയാണ്.

പുനർ നിർവചിക്കപ്പെടുന്ന സാക്ഷരത

മനുഷ്യസമൂഹത്തിന്റെ വികാസത്തിനൊപ്പം സാക്ഷരതയുടെ നിർവചനവും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. ഒരുകാലത്ത് വായിക്കാനും എഴുതാനും അടിസ്ഥാന ഗണിതം കൈകാര്യം ചെയ്യാനും കഴിയുന്നതായിരുന്ന സാക്ഷരത. എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ സാക്ഷരത അക്ഷരജ്ഞാനത്തിൽ മാത്രം ഒതുങ്ങുന്നില്ല. മാറുന്ന സാമൂഹിക, സാങ്കേതിക, സാമ്പത്തിക സാഹചര്യങ്ങളെ മനസ്സിലാക്കാനും സ്വന്തം അവകാശങ്ങളും ഉത്തരവാദിത്തങ്ങളും തിരിച്ചറിയാനും ജനാധിപത്യപ്രക്രിയയിൽ ബോധപൂർവം പങ്കാളികളാകാനും വ്യക്തിയെ പ്രാപ്തനാക്കുന്ന നിരന്തരമായ സാമൂഹിക പ്രക്രിയയായി സാക്ഷരത പുനർനിർവചിക്കപ്പെടുകയാണ്.



പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനം

വിദ്യയുടെ വെളിച്ചത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സാമൂഹിക മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നത് കേരളം സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രധാന ദൗത്യമാണ്. പട്ടികജാതി വിഭാഗങ്ങളിൽ സാക്ഷരതയും തുടർപഠനവും പ്രോത്സാഹിപ്പിക്കുന്ന 'നവചേതന' പദ്ധതി, പട്ടികവർഗ പഠിതാക്കൾക്ക് അവസരമൊരുക്കുന്ന 'ഒപ്പം' പദ്ധതി , സ്ത്രീകളുടെ ശാക്തീകരണത്തിന് നടപ്പാക്കുന്ന 'മുന്നേറ്റം' എന്നിവ മിഷന്റെ ശ്രദ്ധേയമായ ഇടപെടലുകളാണ്. അതിഥി തൊഴിലാളികൾക്ക് അടിസ്ഥാന സാക്ഷരത നൽകുന്ന 'ചങ്ങാതി', കാഴ്ചപരിമിതർക്ക് ബ്രെയിൽ ലിപിയിലൂടെ പഠനാവസരം ഒരുക്കുന്ന 'ദീപ്തി' ബ്രെയിൽ സാക്ഷരതാ പദ്ധതി എന്നിവയും ഉൾച്ചേർക്കലിന്റെ ശക്തമായ മാതൃകകളാണ്.

തുല്യതയും സാമൂഹിക ഉൾച്ചേർക്കലും

ലിംഗം, വർഗം, പ്രദേശം തുടങ്ങിയ വ്യത്യാസങ്ങൾക്കതീതമായി എല്ലാവർക്കും പഠനാവസരം ഉറപ്പാക്കുകയാണ് മിഷന്റെ മറ്റൊരു പ്രധാന ലക്ഷ്യം. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ശാക്തീകരണത്തിനും തുടർവിദ്യാഭ്യാസത്തിനുമായി സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന 'സമന്വയ', പഠനം മുടങ്ങിയ മുതിർന്നവർക്കായുള്ള 'കൂടെ', വിദ്യാഭ്യാസത്തിലൂടെ ആത്മവിശ്വാസവും സാമൂഹിക മുന്നേറ്റവും ലക്ഷ്യമിടുന്ന 'ഉദയം' എന്നിവ ഈ സമീപനത്തിന്റെ ഉദാഹരണങ്ങളാണ്. പതിനഞ്ച് വയസ്സിന് മുകളിലുള്ള നിരക്ഷരർക്ക് അടിസ്ഥാന സാക്ഷരതയും സംഖ്യാപരിജ്ഞാനവും ഉറപ്പാക്കുന്ന ദേശീയതല പദ്ധതിയായ ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം ജനങ്ങളിലെത്തിക്കുന്നതിലും മിഷൻ സജീവമാണ്.

തുല്യതാപഠനവും തുടർവിദ്യാഭ്യാസവും

പഠനം മുടങ്ങിയ മുതിർന്നവർക്ക് നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർ സെക്കൻഡറി തുല്യത കോഴ്സുകളിലൂടെ പഠനം തുടരാൻ അവസരമൊരുക്കി വിദ്യാഭ്യാസം ഏത് ജീവിതഘട്ടത്തിലും പുനരാരംഭിക്കാമെന്ന സന്ദേശമാണ് മിഷൻ നൽകുന്നത്. തുല്യതാപഠനത്തിനൊപ്പം, ഭാഷാപ്രാവീണ്യവും തൊഴിൽ-ഡിജിറ്റൽ നൈപുണ്യങ്ങളും വികസിപ്പിക്കുന്നതിനായി പച്ചമലയാളം (ബേസിക് ആന്റ് അഡ്വാൻസ്ഡ്) ഗ്രഡ് ഇംഗ്ലീഷ്, അച്ചീ ഹിന്ദി എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും സ്മാർട്ട് ഓഫീസ് മാനേജ്മെന്റ് ആൻഡ് ഡിജിറ്റൽ സ്കിൽസ് കോഴ്സ് എന്ന തൊഴിലധിഷ്ഠിത കോഴ്സും മിഷൻ നടത്തി വരുന്നു.

പൗരബോധവും സാമൂഹിക ഉത്തരവാദിത്തവും

സാക്ഷരത കേവലമായുള്ള അക്ഷരജ്ഞാനത്തിനപ്പുറം ഭരണഘടനാ മൂല്യങ്ങളും പൗരബോധവും വളർത്തേണ്ട പ്രക്രിയയാണ്. ഭരണഘടന, പൗരാവകാശങ്ങൾ, സാമൂഹിക ഉത്തരവാദിത്തം, ലിംഗസമത്വം എന്നിവയിൽ അവബോധം നൽകുന്ന 'പൗരധ്വനി', നിയമങ്ങളെയും അവകാശ-ഉത്തരവാദിത്തങ്ങളെയും പരിചയപ്പെടുത്തുന്ന 'നിയമ സാക്ഷരത', ലിംഗസമത്വവും തുല്യതാബോധവും പ്രോത്സാഹിപ്പിക്കുന്ന 'ജൻഡർ സാക്ഷരത' തടവുകാർക്കായി ജയിൽ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന 'ജയിൽ ജ്യോതി'യും ഈ ദൗത്യത്തിന്റെ ഭാഗമാണ്.

ദൈനംദിന ജീവിതത്തിനായുള്ള പ്രായോഗിക സാക്ഷരത

ഡിജിറ്റൽ സാങ്കേതികവിദ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടംപിടിച്ച സാഹചര്യത്തിൽ, സാക്ഷരതയുടെ പ്രായോഗികതയും പുതിയതലങ്ങളിലേക്ക് വികസിക്കുകയാണ്. സ്മാർട്ട്ഫോൺ, ഇന്റർനെറ്റ്, ഓൺലൈൻ സേവനങ്ങൾ, ഡിജിറ്റൽ സർക്കാർ സേവനങ്ങൾ എന്നിവ കാര്യക്ഷമമായി ഉപയോഗിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്നതാണ് ഡിജിറ്റൽ സാക്ഷരത.

ഇതിനൊപ്പം, വ്യക്തിഗത വിവരങ്ങൾ സംരക്ഷിക്കുക, സുരക്ഷിതമായ പാസ് വേഡുകൾ ഉപയോഗിക്കുക, ഓൺലൈൻ തട്ടിപ്പുകളെയും സൈബർ ഭീഷണികളെയും തിരിച്ചറിയുക തുടങ്ങിയ കഴിവുകൾ ഉറപ്പാക്കുന്ന സൈബർസാക്ഷരതയും അനിവാര്യമാണ്. അതേസമയം, ബാങ്കിങ്, സമ്പാദ്യം, കടുംബബജറ്റിങ്, ഡിജിറ്റൽ പേയ്മെന്റുകൾ, ഓൺലൈൻ ഇടപാടുകൾ തുടങ്ങിയവയെക്കുറിച്ചുള്ള അറിവ് സാമ്പത്തിക സാക്ഷരതയിലൂടെ ജനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യവും സുരക്ഷയും ശക്തിപ്പെടുത്തുന്നു.

വിവരങ്ങൾ സ്വീകരിക്കുന്നതിൽ നിന്ന് സേവനങ്ങൾ സ്വയം പ്രയോജനപ്പെടുത്താനും, സ്വന്തം വിവരങ്ങളും സാമ്പത്തിക ഇടപാടുകളും സുരക്ഷിതമായി കൈകാര്യം ചെയ്യാനും കഴിയുന്ന ഒരു സ്വയംപര്യാപ്ത പൗരനെ രൂപപ്പെടുത്തുകയാണ് പ്രായോഗിക സാക്ഷരതയുടെ ലക്ഷ്യം

ഭാവിയിലേക്കുള്ള പുതിയ സാക്ഷരതാസംരംഭങ്ങൾ

മുന്നോട്ടുള്ള കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ സാക്ഷരതയുടെ പുതിയ മേഖലകളിലേക്ക് കൂടി മിഷൻ കടക്കേണ്ടതുണ്ട്. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയിൽ എത്തി നിൽക്കുമ്പോഴും, നിർമിത ബുദ്ധി ദൈനംദിന ജീവിതത്തെയും തൊഴിൽ ലോകത്തെയും വിദ്യാഭ്യാസത്തെയും വേഗത്തിൽ മാറ്റുന്ന ഇന്നത്തെ സാഹചര്യത്തിൽ, നിർമിതബുദ്ധി ഉപകരണങ്ങളെ ഉത്തരവാദിത്വത്തോടെയും സുരക്ഷിതമായും ഫലപ്രദമായും ഉപയോഗിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്ന നിർമിതബുദ്ധി സാക്ഷരത ഭാവിയിലേക്കുള്ള പ്രധാന പുതിയ സംരംഭമായി വികസിപ്പിക്കാം. ഇതോടൊപ്പം, വിവരങ്ങളുടെ വിശ്വാസ്യത പരിശോധിക്കാനും വ്യാജവാർത്തകളും തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരണങ്ങളും തിരിച്ചറിയാനും വിമർശനാത്മകമായി ചിന്തിക്കാനും സഹായിക്കുന്ന മാധ്യമ സാക്ഷരതയും, കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം, ദുരന്തസാധ്യത, മാലിന്യസംസ്കരണം, ജലസംരക്ഷണം, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം എന്നിവയെക്കുറിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ ബോധം വളർത്തുന്ന കാലാവസ്ഥാ-പരിസ്ഥിതി സാക്ഷരതയും ഭാവിയുടെ



സാക്ഷര സമൂഹത്തിന് അനിവാര്യമാണ്. ജനകീയ കൂട്ടായ്മകളിലൂടെയും തുടർപഠന കേന്ദ്രങ്ങളിലൂടെയും ഹരിതജീവിതരീതികൾ പ്രോത്സാഹിപ്പിക്കുന്നത് സുസ്ഥിരമായ ഒരു പുതുകേരളത്തിനുള്ള വഴിയൊരുക്കും.

ജനകീയ പങ്കാളിത്തവും പ്രാദേശിക ഇടപെടലുകളും

സാക്ഷരതാ പ്രവർത്തനങ്ങളുടെ ശക്തി ജനകീയ പങ്കാളിത്തത്തിലാണ്. തദ്ദേശ സ്ഥാപനങ്ങൾ, സന്നദ്ധപ്രവർത്തകർ, പഠനകേന്ദ്രങ്ങൾ, വിവിധ വകുപ്പുകൾ, സാമൂഹിക സംഘടനകൾ എന്നിവയുടെ



സഹകരണത്തോടെ അറിവ് ഓരോ പ്രദേശത്തേക്കും എത്തിക്കാനാകും. പ്രാദേശിക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് രൂപപ്പെടുത്തുന്ന ഇടപെടലുകൾക്ക് കൂടുതൽ ഫലപ്രാപ്തിയുണ്ട്. അതുകൊണ്ടുതന്നെ സാക്ഷരത ഒരു ഏകകാല വിദ്യാഭ്യാസപദ്ധതിയല്ല; സമൂഹത്തിന്റെ മാറ്റങ്ങളോടൊപ്പം വളരുന്ന ജനകീയ പ്രസ്ഥാനമാണ്

പുതിയ സാങ്കേതികവിദ്യകൾ അവസരങ്ങൾ സൃഷ്ടിക്കുമ്പോൾ അവയ്ക്കൊപ്പം പുതിയ അസമത്വങ്ങളും ആശങ്കകളും ഉയരുന്നു. അതിനാൽ സാക്ഷരതാപ്രവർത്തനങ്ങൾ അറിവ് പകർന്നുനൽകുന്നതിൽ നിന്ന് തീരുമാനമെടുക്കാനുള്ള കഴിവ് വളർത്തുന്നതിലേക്ക് വികസിക്കണം. സാങ്കേതികവിദ്യയെ ഭയമില്ലാതെ സ്വീകരിക്കാനും അതിന്റെ സാധ്യതകളും പരിമിതികളും തിരിച്ചറിയാനും കഴിയുന്ന ജനതയാണ് ഭാവിയിലെ ശക്തമായ സമൂഹത്തിന്റെ അടിത്തറ. കുട്ടികൾ, യുവാക്കൾ, മുതിർന്നവർ, സ്ത്രീകൾ, തൊഴിലാളികൾ, മുതിർന്ന പൗരന്മാർ തുടങ്ങി വിവിധ വിഭാഗങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചുള്ള ജീവിതകാല പഠനസംവിധാനങ്ങൾ അതിനാവശ്യമാണ്.

അറിവിന്റെ വെളിച്ചത്തിൽ പുതുയുഗകേരളത്തിലേക്ക്

അറിവിന്റെ ഈ വിശാലമായ സമീപനം സാമൂഹിക നീതിയെയും ജനാധിപത്യത്തിന്റെ ആഴത്തെയും ശക്തിപ്പെടുത്തുന്നു. വിവരങ്ങൾ സ്വീകരിക്കുന്നതിൽ നിന്ന് അവ വിശകലനം ചെയ്ത് ശരിയായ തീരുമാനങ്ങളിലെത്താനുള്ള കഴിവിലേക്കുള്ള യാത്രയാണ് പുതിയ സാക്ഷരത. ഈ യാത്രയിൽ ആരും പിന്നിലാകാതിരിക്കുക എന്നതാണ് മിഷന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം. അതിനായി എല്ലാവരെയും ഉൾക്കൊള്ളുന്ന പഠനാവസരങ്ങൾ ശക്തിപ്പെടുത്തുകയും പുതിയ അറിവുകളിലേക്ക് നിരന്തരം ജനങ്ങളെ ബന്ധിപ്പിക്കുകയും വേണം എന്ന ഉത്തരവാദിത്വം തുടരുന്നു.

അവസാനത്തെ വ്യക്തിയിലേക്കും അറിവിന്റെയും ആത്മവിശ്വാസത്തിന്റെയും വെളിച്ചം എത്തിച്ച് ചിന്താശേഷിയുള്ള, ഉത്തരവാദിത്തമുള്ള, ഉൾച്ചേർന്ന സമൂഹത്തെ വാർത്തെടുക്കുകയാണ് ലക്ഷ്യം. മാറുന്ന ലോകത്തിന്റെ വെല്ലുവിളികളെ യുക്തിപൂർവം നേരിടുന്ന പുതുയുഗകേരളത്തിനായി സാക്ഷരതയുടെ പുതിയ അർത്ഥങ്ങളിലേക്ക് നമുക്ക് ഒരുമിച്ച് മുന്നേറാം. ■



157-ാമത് ഗാന്ധിജയന്തിയുടെ പശ്ചാത്തലത്തിൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജീവിതദർശനത്തെയും സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ കർമപഥത്തെയും അനുസ്മരിക്കുകയാണ് എഴുത്തുകാരനായ ഡോ. ജോർജ് ഓണക്കൂർ

കാലാതീതമായ ഗാന്ധിദർശനം

നാട്ടിൻപുറത്തുകാരനായ കുട്ടിക്ക് സ്കൂളിൽ പ്രസംഗമത്സരത്തിൽ വിജയിയായതിന് സമ്മാനമായി ലഭിച്ച ഗ്രന്ഥം, 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ'; മഹാത്മാഗാന്ധിയുടെ ആത്മകഥ. ഒരു വേദഗ്രന്ഥം പോലെ അത് മറ്റു പുസ്തകങ്ങൾക്കു മുകളിൽ സൂക്ഷിച്ചു. ഇടയ്ക്കിടെ വായിച്ചു. ഓരോ വായനയും പുതിയ അനുഭവമായി. സത്യം കണ്ടെത്താൻ പ്രചോദനമായി.

ഗുജറാത്തിലെ പോർബന്തർ ഗ്രാമത്തിൽ ജനിച്ച മോഹൻ ദാസ് കരംചന്ദ് ഗാന്ധി സാധാരണ ചുറ്റുപാടുകളിൽ നിന്ന് യഥാർത്ഥവിജ്ഞാനം ഉൾക്കൊണ്ട് ഇൻഡ്യയുടെ മനസ്സ് കണ്ടെത്താൻ മുതിർന്നു. ഒരു സത്യം മനസ്സിൽ തെളിഞ്ഞു. നക്ഷത്രശോഭ പകർന്നു. ഇവിടത്തെ ജനങ്ങൾ ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. അവർക്ക് അതിമോഹങ്ങൾ ഇല്ല. അധ്വാനിച്ചു ജീവിക്കുന്ന സാധാരണജനങ്ങൾ. റൊട്ടിയും ഉപ്പും ചേർത്ത് വിശപ്പടക്കുന്ന ഗ്രാമീണ ജനത. പരുത്തിവസ്ത്രംകൊണ്ട് കഷ്ടിച്ച് നഗ്നത മറയ്ക്കുന്ന ഗ്രാമീണർ. ഭക്ഷണവും വസ്ത്രവും അവർ സ്വയം നിർമ്മിക്കുന്നു.

പക്ഷേ, ഈ ജനതയ്ക്ക് അതിനുള്ള സ്വാതന്ത്ര്യംപോലും നിഷേധിക്കുന്ന വിദേശഭരണകൂടം. കടൽവെള്ളം വറ്റിച്ച് ഉപ്പുണ്ടാക്കുന്നത് നിയമംകൊണ്ട് നിഷേധിക്കുന്നു. പരുത്തിച്ചെടികൾ നിർദ്ദയം നശിപ്പിച്ച് കടൽ വ്യവസായങ്ങൾക്ക് തടയിടുന്നു. അടിസ്ഥാന ആവശ്യങ്ങൾപോലും ജനിച്ചനാട്ടിൽ നിഷിദ്ധമാകുന്ന ദുർഗതി. ഇതിനെതിരെ പ്രതിഷേധിച്ചാൽ നേരിടുന്ന ഭരണകൂട ഭീകരത.

ഈ ജനതയുടെ വിമോചനം സ്വപ്നമായി. സത്യമായി. അതിന്റെ വെളിച്ചം സ്വകർമ്മങ്ങളിലൂടെ രാജ്യമൊട്ടാകെ പ്രസരിപ്പിക്കുന്നതിന് ദൃഢനിശ്ചയം ചെയ്തുകൊണ്ടാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി ദേശീയപ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടത്. സ്വന്തംഭൂമിയിൽ അന്യരായിക്കഴിയുക സാദ്ധ്യമല്ല. ഒരുതരം വിവേചനവും അംഗീകരിക്കുകയില്ല. തീവണ്ടിയിൽ ഒന്നാംക്ലാസ് മുറിയിൽ ഒരു പ്രതിഷേധം പോലെ യാത്രചെയ്തപ്പോൾ മർദ്ദനമേറ്റ് മുൻവരിയിലെ പല്ല് നഷ്ടപ്പെട്ടു. തളരാതെ ധീരതയോടെ പ്രതിസന്ധികൾ നേരിട്ടു. സ്വദേശത്തെ സാധാരണ കർഷകരും തൊഴിലാളികളും ധരിക്കുന്ന മുട്ടുവരെയെത്തുന്ന വസ്ത്രംകൊണ്ട് തൃപ്തിപ്പെടുക എന്ന വിപ്ലവകരമായ തീരുമാനമെടുത്തു.


'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്' എന്ന ഗുരുദർശനം സ്വായത്തമാക്കി. ജാതീയവും സാമ്പത്തികവുമായ ഉച്ചനീചത്വത്തിന്റെ പേരിൽ ഒരുവിധ വിവേചനവും അംഗീകരിക്കുയില്ല. പാവപ്പെട്ടവർക്ക് വഴിനടക്കാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് രാജ്യമെമ്പാടും യാത്രചെയ്തു. ഗുരുവായൂരിലും വൈക്കത്തും വരെ വന്നെത്തി. സമരങ്ങളിൽ പങ്കുകൊണ്ടു. സത്യഗ്രഹങ്ങൾ സംഘടിപ്പിച്ചു. പാവപ്പെട്ടവർക്ക് അറിവും വിവേകവും പകരുന്നതിന്,അവർക്ക് ദേശീയ സംസ്കാരം ഉറപ്പുവരുത്തുന്നതിന് 'ഹരിജൻ' പോലുള്ള പ്രസിദ്ധീകരണങ്ങൾ സംവിധാനം ചെയ്തു. ലേഖനങ്ങൾ എഴുതി. പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി. ഭാരതസ്വാതന്ത്ര്യം യഥാർത്ഥമാകണമെങ്കിൽ സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യർക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരണം. അതിനുവേണ്ടി ചർക്ക ഉപകരണമാക്കി. അതിൽ നൂൽക്കുന്ന നൂലുകൊണ്ട് വസ്ത്രം നെയ്തു. സ്വന്തം ഉപയോഗത്തിനും ചെറിയ ധനസമ്പാദനത്തിനും അത് വഴിയൊരുക്കി. ഒരു യാത്രാസംഘത്തിന്റെ ഗതിവേഗം നിർണ്ണയിക്കുന്നത് ഏറ്റം പിന്നിൽ ഭാരം ചുമന്നു സഞ്ചരിക്കുന്ന ഒട്ടകങ്ങളാണ്. അതുപോലെ സ്വാതന്ത്ര്യവും പുരോഗതിയും യഥാർത്ഥമാകണമെങ്കിൽ ദരിദ്രനാരായണന്മാർക്ക് ആ ചൈതന്യമുൾക്കൊള്ളാൻ സാദ്ധ്യമാകണം. ആ കർമ്മനിയോഗം ഏറ്റെടുത്തുകൊണ്ട് പൂർണ്ണമായ സമർപ്പണബോധത്തോടെ അദ്ദേഹം പ്രവർത്തിച്ചു.

സബർമതി ഗാന്ധിജിയുടെ കർമ്മസ്ഥലി. അവിടെ ജീവിച്ചുകൊണ്ട് ദേശീയസ്വാതന്ത്ര്യസമ്പാദനത്തിനുള്ള ഐതിഹാസികമായ പരിപാടികൾക്ക് രൂപം നൽകി. ആശ്രമത്തിന്റെ എളിമയിൽ നിന്ന് എങ്ങനെ ദേശീയസ്വതന്ത്ര്യം എന്ന ലക്ഷ്യം സാധിക്കാമെന്ന് അദ്ദേഹം തെളിയിച്ചു.

ഗാന്ധിജി ഭാരതത്തിന്റെ ആത്മശക്തിയുടെ തേജഃസ്വരൂപമാണ്. ഭഗദ് ഗീതയുടെ നാട്ടിൽപിറന്ന മഹാത്മാവ്. ശ്രീബുദ്ധന്റെയും അശോകന്റെയും ശങ്കരാചാര്യരുടെയും ധർമ്മബോധവും ദർശനമഹിമയും സ്വന്തമാക്കിയ പുണ്യപുരുഷൻ. വിവിധ മതസാരങ്ങൾ സമന്വയിപ്പിച്ച് സ്നേഹവും സാഹോദര്യവും അഹിംസയും തന്റെ അടിസ്ഥാനപ്രമാണമായി രൂപപ്പെടുത്തി. അങ്ങനെ കാലാതീതമായ സത്യദർശനത്തിന് രൂപം നൽകി.

ഭാരതം ഒരു മഹാസംസ്കൃതിയുടെ പുണ്യഭൂമികയാണ്. വേദങ്ങളും ഇതിഹാസങ്ങളും ഒക്കെ വളർത്തിയെടുത്ത സാംസ്കാരിക മഹിമ നമുക്കുണ്ട്. മങ്ങാത്ത ആ നക്ഷത്രശോഭ രാഷ്ട്രപിതാവായ മാഹാത്മാഗാന്ധിയെ സത്യത്തിന്റെ, സ്നേഹത്തിന്റെ, അഹിംസയുടെ കാരുണ്യമൂർത്തിയാക്കുന്നു.

ഒക്ടോബർ രണ്ട്. മഹാത്മാവിന്റെ ജന്മദിനം. ഹൃദയം പൂമൊട്ടായി ആ പുണ്യസ്മരണയ്ക്ക് സമർപ്പിക്കാം. നമ്മുടെ വികാരങ്ങൾ പവിത്രീകരിച്ച് വിടരുന്ന പ്രാർത്ഥനാപുഷ്പങ്ങളായി അർപ്പിക്കാം. ■



Date of Publication: **01.10.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024

GATHER THOSE EVERGREEN MOMENTS.

Take in the green, serene vistas of God's Own Country. Reconnect with absolute joy and peace. And rediscover that magical sense of togetherness.

kerala
God's Own Country
keralatourism.org



stark.in

Printed and Published by Sabin Sameed IAS, Director, Information Public Relations Department on behalf of Government of Keralam and Printed at Orange Printers Pvt. Ltd., Thiruvananthapuram, Keralam. Published from Information Public Relations Department, Govt. of Keralam Government Secretariat, Thiruvananthapuram 695001. Editor: Sabin Sameed IAS